KOTTAYAM PUBLIC LIBRARY

Call No. 335.4 Acc. No. 4728

Author എംഗൽസ്

Title സോഷ്യലിസം സാങ്കല്പികവും ശാസ്ത്രീയവും

1052

നം: 47248

# സോഷ്യലിസം—

## സാങ്കല്പികവും ശാസ്ത്രീയവും

(എംഗൽസ്)

[മാർക്സിയൻ സോഷ്യലിസ്റ്റ് സിദ്ധാന്തത്തിന്റെ ചരിത്രപരമായ പിന്നാംപുറവും അതിന്റെ തത്വശാസ്ത്രപരവും ധനശാസ്ത്രപരവും രാഷ്ട്രീയവുമായ അടിസ്ഥാനവും ഏററവുമധികം സംക്ഷിപ്തമായി ഒരേ ചരടിൽ കൂട്ടിയിണക്കി പ്രതിപാദിക്കുന്ന ഏക ഗ്രന്ഥം.]

---

പ്രസാധകർ
പ്രബോധിനി പബ്ലിഷിംഗ് ഹൗസ്,
തിരുവനന്തപുരം.

---

മോഡേൺപ്രസ്സ്, തിരുവനന്തപുരം.

1949 ഡിസംബർ] [വില 12 അണ.

NATIONAL BOOK ST... KOTTAYAM. KALARIKAL BAZAAR

M335-4
Eng-S

# സോഷ്യലിസം—

## സാങ്കല്പികവും ശാസ്ത്രീയവും

### അദ്ധ്യായം 1

ആധുനികസോഷ്യലിസം, അതിന്റെ സാരം നോക്കുകയാണെങ്കിൽ, ഒരു ഭാഗത്തു് ഇന്നത്തെ സമുദായത്തിൽ മുതലുടമകളും മുതലില്ലാത്തവരും തമ്മിൽ—മുതലാളികളും തൊഴിലാളികളും തമ്മിൽ—പ്രത്യക്ഷമായിക്കാണുന്ന വർഗ്ഗവൈരങ്ങളേയും, മറുവശത്തു് ഇന്നത്തെ ഉല്പാദനരീതിയിലുള്ള അവ്യവസ്ഥിതത്വത്തേയും, കണ്ടറിഞ്ഞതിന്റെ ഫലമായി ഉളവായതാണു്. എന്നാൽ, അതിന്റെ സിദ്ധാന്തപരമായ രൂപം പതിനെട്ടാം നൂററാണ്ടിലെ മഹാന്മാരായ ഫ്രഞ്ചു തത്വജ്ഞാനികൾ സ്ഥാപിച്ച സിദ്ധാന്തങ്ങളുടെ കുറേക്കൂടി യുക്തിയുക്തമായ വിപുലീകരണമായിട്ടാണു് ഒന്നാമതു് പ്രത്യക്ഷപ്പെട്ടതു്. ഭൌതികങ്ങളായ സാമ്പത്തിക യാഥാർത്ഥ്യങ്ങളിൽ എത്രതന്നെ ആണ്ടിറങ്ങിയ അടിവേരുകളോടുകൂടിയതാണെങ്കിലും, മറേറതുപുതിയ സിദ്ധാന്തത്തിന്നുമെന്നപോലെ, ആധുനികസോഷ്യലിസത്തിന്നും ആരംഭത്തിൽ അന്നത്തെ നിലവിലുള്ള ചിന്താസമ്പത്തുമായി ബന്ധപ്പെട്ട രൂപത്തിൽ ആവിർഭവിക്കേണ്ടിവന്നു.

വരാൻപോകുന്ന വിപ്ലവത്തിന്നുവേണ്ടി ജനങ്ങളുടെ മനസ്സിനെ ഒരുക്കംകൂട്ടിയ ഫ്രാൻസിലെ ആ മഹാന്മാർതന്നെ സ്വയം ഏററവും തീവ്രവാദികളായ വിപ്ലവകാരികളായിരുന്നു. പ്രപഞ്ചത്തിൽനിന്നു പുറമെയുള്ള യാതൊരു ശക്തിക്കും അവർ വില കല്പിച്ചില്ല. മതം, പ്രകൃതിശാസ്ത്രം, സമുദായം, രാഷ്ട്രീയസ്ഥാപനങ്ങൾ, എല്ലാം ഏററവും നിഷ്കരുണമായ വിമർശനത്തിന്നു പാത്രമായി; യുക്തിയുടെ ന്യായാസനത്തിന്നു മുമ്പിൽ

എന്തും തന്നെ ഒന്നുകിൽ അതാതിൻെറ നിലനില്പിനെ ന്യായീകരിക്കണം, അല്ലെങ്കിൽ അവസാനിക്കണം എന്നായി. യുക്തിയായിത്തീൎന്ന എല്ലാററിൻേറയും അളവുകോൽ. ഹെഗൽ പറഞ്ഞതുപോലെ, ലോകം "തലകുത്തിനിന്ന" കാലമായിരുന്നു അതു;* എന്തെന്നാൽ, മനുഷ്യൻെറ യുക്തിയും അവൻെറ ചിന്തയുടെ ഫലമായിക്കണ്ടുപിടിക്കപ്പെട്ടുന്ന തത്വങ്ങളുമാണു് മനുഷ്യൻെറ പ്രവൃത്തിയുടേയും ഇടപാടുകളുടേയും അടിസ്ഥാനമെന്നു അന്നത്തെ ചിന്തകന്മാർ വാദിച്ചു; മാത്രമല്ല, ഈ തത്വങ്ങൾക്കു വിപരീതമായിക്കാണുന്ന യാഥാർത്ഥ്യങ്ങളെ തല കീഴായി തിരിച്ചുകൊള്ളണമെന്നുകൂടി അവർ ശഠിച്ചു. അന്നു നിലവിലുണ്ടായിരുന്ന എല്ലാ

* ഫ്രഞ്ചുവിപ്ളവത്തെക്കുറിച്ചു ഹെഗൽ എഴുതിയ ഖണ്ഡികയാണിതു്. "ചിന്താനിയമമെന്താണെന്ന ബോധം പെട്ടെന്നു എല്ലാവൎക്കും അനുഭവപ്പെട്ടു; ഇതിൻെറ മുമ്പിൽ പഴയ സമ്പ്രദായത്തിലുള്ള അനീതിയുടെ കൃത്രിമഗോഷ്ഠികൾക്കു നിലനില്ക്കാൻ കഴിഞ്ഞില്ല. നിയമത്തെക്കുറിച്ചുള്ള ഈ ബോധത്തിൻെറ വെളിച്ചത്തിൽ ഒരു ഭരണഘടന ഇതാ, സ്ഥാപിതമായിക്കഴിഞ്ഞു; ഇനിയങ്ങോട്ടെല്ലാം ഇതിനെ അടിസ്ഥാനപ്പെടുത്തിയുംകൊണ്ടായിരിക്കണം. അകാശമണ്ഡലത്തിൽ സൂൎയ്യനുണ്ടായതു മുതൽ—ഗ്രഹങ്ങൾ സൂൎയ്യനെ ചുററിത്തിരിയാൻ തുടങ്ങിയതു മുതൽ—മനുഷ്യൻ 'തലകുത്തി നില്ക്കുന്ന' കാഴ്ച—അതായതു്, അവൻെറ 'ആശയ'ത്തിന്മേൽ നിലയുറപ്പിച്ചു നില്ക്കുന്ന കാഴ്ച; ഈ ആശയപരമായ് പ്രതിഫലനത്തെ ആസ്പദിച്ചു് യാഥാൎത്ഥ്യത്തെ കെട്ടിപ്പൊക്കുന്ന കാഴ്ച—ഇതുവരെ ആരും കാണുകയുണ്ടായിട്ടില്ല. ലോകത്തെ ഭരിക്കുന്നതു യുക്തിയാണെന്നു് ആദ്യം അനക്സാഗോറസ്സാണു പറഞ്ഞതു്. എന്നാൽ മാനസികമായ യാഥാൎത്ഥ്യത്തെ ഭരിക്കേണ്ടതു് 'ആശയ'മാണെന്നു മനുഷ്യൻ ഇപ്പോൾ പുത്തനായിട്ടാണംഗീകരിച്ചതു്. ഏററവും ശോഭനമായ ഒരു പ്രഭാതോദയമായിരുന്നു ഇതു്. ഈ സുദിനത്തെ കൊണ്ടാടുന്നതിൽ എല്ലാ ചിന്തിക്കുന്ന ജീവികളും പങ്കുകൊണ്ടിട്ടുണ്ടു്. ദൈവികതത്വവും ഭൌതികലോകവും തമ്മിലുള്ള പൊരുത്തം ഇപ്പോൾ മാത്രമാണുണ്ടായിട്ടുള്ളതെന്നു തോന്നമാറു് ആ സമയത്തു് ഉൽകൃഷ്ടമായ ഒരു വികാരം മനുഷ്യരെ അടക്കിഭരിച്ചു; യുക്തിയുടേതായ ഒരാവേശം ലോകത്തിൽ മുഴുവൻവ്യാപിച്ചു.

(ഹെഗൽ, "ചരിത്രത്തിൻെറ തത്വശാസ്ത്രം")

സാമൂഹ്യവ്യവസ്ഥകളേയും ഭരണകൂടസമ്പ്രദായങ്ങളേയും പഴയ എല്ലാ അഭിപ്രായങ്ങളേയും 'യുക്തി'ക്കു യോജിക്കാത്തവയാണെന്ന നിലക്കു ചവററുകൊട്ടയിലേയ്ക്കു വലിച്ചെറിഞ്ഞു. ഇത്രകാലവും ലോകം പക്ഷപാതങ്ങൾക്കു സ്വയം വഴങ്ങിക്കൊടുക്കുകയാണു് ചെയ്തതു്. ഭൂതകാലത്തിന്നു ചേർന്നതെന്തും അനുകമ്പയും നിന്ദയും മാത്രമെ അർഹിക്കുന്നുള്ളുവെന്നായി. ഇപ്പോഴിതാ ഒന്നാമതായി പകൽവെളിച്ചം ആവിർഭവിച്ചിരിക്കുന്നു. യുക്തിയുടെ സാമ്രാജ്യം സ്ഥാപിക്കപ്പെട്ടിരിക്കുന്നു; ഇനിയങ്ങോട്ടു് അന്ധവിശ്വാസത്തിന്നും, അന്യായത്തിന്നും, പ്രത്യേകാവകാശങ്ങൾക്കും, മർദ്ദനത്തിന്നും സ്ഥാനമില്ല; പകരം നിത്യമായ സത്യവും, നിത്യമായ 'ശരിയും' പ്രകൃതിയെ അടിസ്ഥാനപ്പെടുത്തിയുള്ള സമത്വവും അന്യാധീനമാവാത്ത മനുഷ്യാവകാശങ്ങളും ഉദിച്ചുയരാൻ പോകുന്നു!

എന്നാൽ, ശക്തിയുടെ ഈ സാമ്രാജ്യം മുതലാളിവർഗ്ഗങ്ങളുടെ ആദർശസാമ്രാജ്യം മാത്രമായിരുന്നു; നിത്യമായ ഈ 'ശരി' തത്വം മുതലാളിത്തപരമായ നീതിന്യായമായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. ഈ സമത്വം വെറും നിയമത്തിൻെറ മുമ്പിലുള്ള മുതലാളിത്തപരമായ സമത്വം മാത്രമായി മാറി; മുതലാളിത്തപരമായ സ്വകാര്യസ്വത്തുടമാവകാശം മനുഷ്യന്നു അത്യാവശ്യമായ അവകാശങ്ങളിലൊന്നായി പ്രഖ്യാപനം ചെയ്യപ്പെട്ടു; 'ശക്തി'യുടെ ഗവർമ്മേണ്ടു്—റൂസ്സോവിൻെറ "സാമൂഹ്യവ്യവസ്ഥ"—മുതലാളിത്തപരമായ ജനാധിപത്യറിപ്പബ്ളിക്കായി മാത്രമേ നിലവിൽ വന്നുള്ളു, വരാൻ സംഗതിയുണ്ടായുള്ളു. ഇതെല്ലാം ഇന്നു നമുക്കു മനസ്സിലായിക്കഴിഞ്ഞു. പതിനെട്ടാം നൂററാണ്ടിലെ മഹാന്മാരായ ചിന്തകന്മാർക്കും (അവരുടെ മുൻഗാമികൾക്കെന്നപോലെതന്നെ) തങ്ങൾ ജീവിച്ചിരുന്ന കാലഘട്ടം ചുമത്തിയ അതിർവരമ്പുകൾ കടന്നുപോകാൻ കഴിഞ്ഞില്ല.

എന്നാൽ, ജന്മി പ്രഭുക്കളും സമുദായത്തിലെ ബാക്കി വിഭാഗങ്ങളെ മുഴുവൻ പ്രതിനിധീകരിക്കുന്നുണ്ടെന്നവകാശപ്പെട്ടിരുന്ന

ഇടത്തരവര്‍ഗ്ഗക്കാരും തമ്മിലുണ്ടായിരുന്ന വൈരത്തോടൊപ്പം തന്നെ, ചൂഷകന്മാരും ചൂഷിതരും തമ്മില്‍—പണക്കാരായ മടിയന്മാരും പട്ടിണിക്കാരായ പണിക്കാരും തമ്മില്‍—സാമാന്യമായിട്ടുള്ള ഒരു വൈരവും വളര്‍ന്നുവരുന്നുണ്ടായിരുന്നു. ഈ പരിതഃസ്ഥിതികൊണ്ടു തന്നെയാണു്, ഒരു പ്രത്യേക വര്‍ഗ്ഗത്തെയല്ലാതെ, കഷ്ടപ്പെടുന്നവരായ മുഴുവന്‍ ജനതയേയും പ്രതിനിധീകരിക്കുന്ന ഭാവത്തില്‍ മുന്നോട്ടു വരുവാന്‍ മുതലാളിവര്‍ഗ്ഗത്തിന്റെ പ്രതിനിധികള്‍ക്കു സാദ്ധ്യമായതു്. മാത്രമല്ല, സ്വന്തം 'പ്രതിഭാവ'ത്തിന്റെ (എതിര്‍ശക്തിയുടെ) ഭാരവും പേറിക്കൊണ്ടാണു് മുതലാളിത്തം ജനിച്ചിട്ടുള്ളതുതന്നെ; അതായതു് മുതലാളികള്‍ക്കു് കൂലിപ്രവൃത്തിക്കാരെ കൂടാതെ നിലനില്‍ക്കുക സാദ്ധ്യമല്ല; മദ്ധ്യകാലത്തെ 'ഗില്‍ഡു'കളിലെ ഇടത്തരക്കാരായ ചെറുവ്യവസായികള്‍ ഇന്നത്തെ മുതലാളികളായി വളര്‍ന്നതോടൊരുമിച്ചുതന്നെ, അതേതോതില്‍, ഗില്‍ഡിലെ പ്രവൃത്തിക്കാരും ഗില്‍ഡിനു പുറമേ അന്നന്നു് കൂലി വാങ്ങി പ്രവൃത്തിയെടുക്കുന്നവരും ഇന്നത്തെ തൊഴിലാളിവര്‍ഗ്ഗമായും വളര്‍ന്നുവന്നു. ജന്മിവര്‍ഗ്ഗവുമായുള്ള തങ്ങളുടെ സമരങ്ങളില്‍ അക്കാലത്തെ എല്ലാ അദ്ധ്വാനിക്കുന്ന വര്‍ഗ്ഗങ്ങളുടേയും പ്രാതിനിദ്ധ്യം ഒപ്പം വഹിക്കുന്നവരാണു തങ്ങളെന്നു മുതലാളിവര്‍ഗ്ഗത്തിന്നവകാശപ്പെടാന്‍ കഴിഞ്ഞുവെങ്കിലും, ഇന്നത്തെ തൊഴിലാളിവര്‍ഗ്ഗത്തിന്റെ മുന്‍ഗാമികളും ഏറെക്കുറെ അന്നുതന്നെ വളര്‍ച്ചയെത്തിയവരുമായ മര്‍ദ്ദിതജനവിഭാഗത്തിന്റെ സ്വന്തംവക കലാപങ്ങളും മുതലാളിവര്‍ഗ്ഗം നടത്തിയ ഓരോ വമ്പിച്ച സമരത്തിലും പൊട്ടിപ്പുറപ്പെടുകയുണ്ടായിട്ടുണ്ടു്. ഉദാഹരണം: ജര്‍മ്മന്‍ റിഫോര്‍മെഷന്റെയും കര്‍ഷകസമരത്തിന്റെയും കാലത്തു് 'ആനബാപ്റ്റിസ്റ്റു'കാരും തോമസ്സു് മുന്‍സറും; മഹനീയമായ സാക്ഷാല്‍ ഇംഗ്ലീഷു് വിപ്ലവകാലത്തു് 'ലെവല്ലര്‍' കക്ഷിക്കാര്‍; ഫ്രഞ്ചുവിപ്ലവത്തില്‍ത്തന്നെ ബാബുഫ്.

തികച്ചും വളൎന്നുകഴിഞ്ഞിട്ടില്ലാത്ത ഒരു വൎഗ്ഗത്തിൻെറ വിപ്ലവകരമായ ഈ ലഹളകളോടനുബന്ധിച്ചുകൊണ്ടു അവക്കൊത്ത താത്വികസിദ്ധാന്തങ്ങളും ആവിർഭവിച്ചിട്ടുണ്ടു്. പതിനാറും പതിനേഴും നൂററാണ്ടുകളിൽ ആദർശപരമായ സാമുദായികസ്ഥിതികളെക്കുറിക്കുന്ന സാങ്കല്പികചിത്രങ്ങളും, പതിനെട്ടാം നൂററാണ്ടിൽ ആദർശപരമായ സാമുദായികസ്ഥിതികളെക്കുറിക്കുന്ന സാങ്കല്പികചിത്രങ്ങളും, പതിനെട്ടാം നൂററാണ്ടിൽ വാസ്തവത്തിൽ ചില കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ തന്നേയും പ്രത്യക്ഷപ്പെട്ടു (മൊറല്ലിയും മാബ്ളിയും.) രാഷ്ട്രീയാവകാശങ്ങളെസ്സംബന്ധിച്ചുമാത്രമല്ല സമത്വം വേണമെന്ന മുറവിളി മുഴങ്ങിക്കേൾക്കാറായതു്; വ്യക്തികളുടെ സാമുദായികസ്ഥിതികളിലും സമത്വം ആവശ്യപ്പെട്ടു തുടങ്ങി. വർഗ്ഗപരമായ പ്രത്യേകാവകാശങ്ങൾ മാത്രമല്ല വർഗ്ഗവ്യത്യാസങ്ങൾതന്നെയും അവസാനിപ്പിക്കേണ്ടതാണെന്നുവന്നു. ജീവിതത്തിലെ എല്ലാ സുഖങ്ങളേയും ത്യജിച്ചുകൊണ്ടുള്ള—വൈരാഗിയുടെതായ—ഒരു തരം സമഷ്ടിവാദമായിരുന്നു ഈ പുതിയ തത്വത്തിൻെറ ആദ്യരൂപം. പിന്നീടു മഹാന്മാരായ മൂന്നു സാങ്കല്പികവാദികൾ (സോഷ്യലിസ്റ്റ് ചിന്തകന്മാർ) അരങ്ങത്തുവന്നു: (1) സെയിൻറു സൈമൺ (ഇദ്ദേഹത്തെ സംബന്ധിച്ചേടത്തോളം ഇടത്തരക്കാരുടെ പ്രസ്ഥാനത്തിന്നു തൊഴിലാളിപ്രസ്ഥാനത്തോടൊപ്പംതന്നെ കാര്യമായപ്രാധാന്യമുണ്ടായിരുന്നു.) (2) ഫൂറിയർ (3) ഓവൻ (മുതലാളിത്തപരമായ ഉൽപാദനം ഏററവും വളർന്നുവന്ന ഒരു രാജ്യത്തിൽ—ഇംഗ്ലണ്ടിൽ—അതിൻെറ ഫലമായുണ്ടാവുന്ന വൈരങ്ങളുടെ പ്രേരണയിൻകീഴിൽ വർഗ്ഗവ്യത്യാസങ്ങളെ നീക്കം ചെയ്യാനായി ക്രമാനുസൃതമായും, ഫ്രഞ്ച് ഭൗതികവാദത്തിന്നനുസരിച്ചും സ്വന്തം പദ്ധതികളാണ് ഓവൻ തയ്യാറാക്കിയതു്.)

ഈ മൂന്നുപേരും ഒരു കാര്യത്തിൽ ഐക്യം കാണിച്ചു: ചരിത്രത്തിൻെറ വളർച്ചയുടെ ഫലമായി ഇതിന്നിടയ്ക്കു ആവിർഭവിച്ചു

കഴിഞ്ഞിരുന്ന ആ തൊഴിലാളി-വർഗ്ഗത്തിൻെറ താല്പര്യങ്ങളുടെ പ്രതിനിധികളായിട്ടല്ല ഇവർ മൂവ്വരും പ്രത്യക്ഷപ്പെട്ടതു്. ഫ്രഞ്ചു തത്വജ്ഞാനികളെപ്പോലെ ഇവരും ഒരൊററയടിക്കു മനുഷ്യസമുദായത്തെയാകെ വിമോചിപ്പിക്കാനാണു് പുറപ്പെട്ടതു്; അല്ലാതെ, അതിൻെറ പ്രാരംഭമായി ഒരു പ്രത്യേകവർഗ്ഗത്തെ വിമോചിപ്പിക്കാനല്ല. യുക്തിയുടെയും ശാശ്വതനീതിയുടേയും സാമ്രാജ്യം സ്ഥാപിക്കുകയായിരുന്നു അവരെപ്പോലെതന്നെ ഇവരുടേയും ലക്ഷ്യം. എന്നാൽ, ഇവർ കാണുന്ന ആ സാമ്രാജ്യവും ഫ്രഞ്ചു് തത്വജ്ഞാനികളുടെ സാമ്രാജ്യവും തമ്മിൽ ഭൂമിയും സ്വർഗ്ഗവും തമ്മിലുള്ളത്ര അകൽച്ചയുണ്ടു്.

കാരണം, ഫ്രഞ്ചുതത്വജ്ഞാനികളുടെ പ്രമാണങ്ങളെ ആസ്പദിച്ചുകൊണ്ടുള്ള മുതലാളിലോകം, നമ്മുടെ ഈ സമുദായപരിഷ്കാരികളുടെ അഭിപ്രായത്തിൽ, നാടുവാഴിപ്രഭുത്വവും സാമൂഹ്യ വളർച്ചയിലെ മററെല്ലാ ആദ്യഘട്ടങ്ങളുമെന്നപോലെതന്നെ യുക്തിഹീനവും ന്യായരഹിതവുമാണെന്നുവന്നു; അതുകൊണ്ടു് അതും ചവററുകൊട്ടയിലേയ്ക്കു തള്ളപ്പെടേണ്ടതായി. പരിശുദ്ധമായ യുക്തിയും നീതിയുമല്ല ഇന്നേവരെ ലോകത്തെ ഭരിച്ചിട്ടുള്ളതെങ്കിൽ, അതു മനുഷ്യൻ അവയുടെ അർത്ഥം ശരിയായി മനസ്സിലാക്കിയിട്ടില്ലാത്തതുകൊണ്ടാണെന്നവർ പറഞ്ഞു. ഇതുവരെ ഇല്ലാതിരുന്നതു് സത്യം മനസ്സിലാക്കാൻ കെല്പുള്ള ഒരു മഹാ ബുദ്ധിമാനാണു്; അദ്ദേഹമിതാ, അവതരിച്ചുകഴിഞ്ഞു. ഈയൊരു പ്രത്യേക സന്ദർഭത്തിലാണു് അദ്ദേഹം ആവിർഭവിച്ചതെന്നുള്ളതു് — ഈ പ്രത്യേക ഘട്ടത്തിലാണു് സത്യം വ്യക്തമായി മനസ്സിലായതെന്നുള്ളതു് — ചരിത്രത്തിൻെറ വളർച്ചയിൽ ഇന്നു് അതൊരാവശ്യമായിത്തീർന്നതുകൊണ്ടല്ല. അനിവാര്യമായിത്തീർന്നതുകൊണ്ടല്ല; പിന്നെയോ? മനുഷ്യൻെറ ഭാഗ്യംകൊണ്ടു യാദൃച്ഛികമായി സംഭവിച്ചതാണു്. ഈ മഹാ ബുദ്ധിമാനു് നൂറുകൊല്ലം മുമ്പുതന്നെ അവതരിക്കാമായിരുന്നു; അങ്ങിനെ

മാനവസമുദായത്തെ അഞ്ഞൂറു കൊല്ലക്കാലത്തെ പിഴവുകളിൽനിന്നും കലാപങ്ങളിൽനിന്നും കഷ്ടപ്പാടുകളിൽനിന്നും രക്ഷിക്കാനും കഴിയുമായിരുന്നു!

വിപ്ലവത്തിൻെറ മുൻഗാമികളായ പതിനെട്ടാം നൂററാണ്ടിലെ ഫ്രഞ്ചുതത്വജ്ഞാനികൾ നിലവിലുള്ള എല്ലാററിനേയും അളക്കാനുള്ള അളവുകോലായി യുക്തിയെ ആശ്രയിച്ചതെങ്ങിനെയെന്നു നാം കണ്ടുകഴിഞ്ഞു. യുക്തിയ്യോത്ത ഒരു സമുദായവും യുക്തിയ്യോത്ത ഒരു ഗവർമ്മെണ്ടും സ്ഥാപിക്കണം; ശാശ്വതമായ യുക്തിക്കു വിപരീതമായ എല്ലാററിനേയും നിർദ്ദയം നശിപ്പിക്കണം; ഈ നിത്യയുക്തി, അക്കാലത്തു് ക്രമേണ മുതലാളിയുടെ രൂപമെടുത്തുകൊണ്ടിരുന്ന പതിനെട്ടാം നൂററാണ്ടിലെ പൌരൻെറ സങ്കല്പലോകമല്ലാതെ മറെറാന്നുമായിരുന്നില്ലെന്നും നാം കണ്ടുകഴിഞ്ഞു. ഫ്രഞ്ചുവിപ്ലവം ഈ 'യുക്തിയുക്ത'മായ ഭരണവും സമുദായവും സാധിച്ചുകഴിഞ്ഞിരുന്നു.

എന്നാൽ, മുൻകാലങ്ങളിലെ സ്ഥിതിഗതികളോടു താരതമ്യപ്പെടുത്തിയാൽ 'യുക്തിയുക്ത'മെന്നു തോന്നുന്നുണ്ടെങ്കിലും, പുതിയ ഈ വ്യവസ്ഥയും ഒരുതരത്തിലും തികച്ചും യുക്തിയുക്തമല്ലെന്നു വ്യക്തമായി. യുക്തിയെ അടിസ്ഥാനപ്പെടുത്തിയുള്ള ഭരണയന്ത്രം പാടെ തകർന്നു. റൂസ്സോവിൻെറ "സാമൂഹ്യവ്യവസ്ഥ" ഫ്രഞ്ചുവിപ്ലവകാരികളുടെ "ഭീകരഭരണ"ത്തിൻെറ (Reign of Terror) രൂപത്തിലാണാവിർഭവിച്ചതു്. തങ്ങളുടെ സ്വന്തം രാഷ്ട്രീയ വൈദഗ്ദ്ധ്യത്തിൽ വിശ്വാസം നശിച്ച മുതലാളിവർഗ്ഗം അതിൽ നിന്നും രക്ഷപ്രാപിക്കുവാൻ ആദ്യം ഡയറക്ടർ ഭരണത്തെ കൈക്കൂലികൊടുത്തു സ്വാധീനിച്ചു. ഒടുവിൽ നെപ്പോളിയൻെറ സ്വേച്ഛാപ്രഭുത്വത്തിൻെറ ചിറകുകൾക്കിടയിലുള്ള തണലിൽ അഭയം തേടി. വിപ്ലവകാരികൾ വാഗ്ദാനംചെയ്ത 'നിത്യസമാധാനം' വെട്ടിപ്പിടുത്തങ്ങൾക്കുവേണ്ടിയുള്ള അവസാനമററ യുദ്ധമായി മാറി: യുക്തിയെ അടിസ്ഥാനപ്പെടുത്തിയുണ്ടായ സമുദായ

സംഘടനയുടെ ഗതിയും മേല്പടിതന്നെയായിരുന്നു. ധനികനും ദരിദ്രനും തമ്മിലുള്ള വൈരുദ്ധ്യം, എല്ലാവക്കുമുള്ള സമ്പൽസമൃദ്ധിയായി മാറുന്നതിന്നു പകരം, അത്തരം വൈരുദ്ധ്യങ്ങളെ കുറെയെല്ലാം മയപ്പെടുത്തിയിരുന്ന ഗിൽഡുകളും മററു പ്രത്യേകാവശ്യങ്ങളും പള്ളിവകയായുണ്ടായിരുന്ന ധർമ്മസ്ഥാപനങ്ങളും ഇല്ലാതായിത്തീന്നതോടുകൂടി, കൂടുതൽ ഉഗ്രമായിത്തീരുകയാണു് ചെയ്തതു്. നാടുവാഴി പ്രഭുത്വത്തിന്റെ കാൽക്കെട്ടുകളെ തട്ടിനീക്കി ഇപ്പോൾ തികച്ചും നേടുവാൻ കഴിഞ്ഞ സ്വകാൎയ്യസ്വത്തിനുള്ള സ്വാതന്ത്ര്യം—ചെറുതരം മുതലാളികളേയും ചെറിയ സ്വത്തുടമസ്ഥന്മാരേയും സംബന്ധിച്ചിടത്തോളം--വലിയ മുതലാളികളുടെയും ജന്മികളുടെയും മത്സരംകൊണ്ടു ഞെരുങ്ങി, ആ മഹാ പ്രഭുക്കൾക്കു സ്വന്തം സ്വത്തെല്ലാം വില്ക്കുവാനുള്ള സ്വാതന്ത്ര്യം മാത്രമായി മാറി; അതായതു്, ചെറുതരം മുതലാളികൾക്കും കൃഷിക്കാക്കും ഈ സ്വാതന്ത്ര്യം "സ്വകാൎയ്യത്തിൽ നിന്നുമുള്ള സ്വാതന്ത്ര്യ"മായെന്നൎത്ഥം! മുതലാളിത്തത്തിന്റെ അടിസ്ഥാനത്തിലുള്ള വ്യവസായത്തിന്റെ വളർച്ച, അദ്ധ്വാനിക്കുന്ന ജനതയുടെ ദാരിദ്ര്യത്തെയും കഷ്ടപ്പാടിനെയും സമുദായത്തിന്റെ നിലനില്പിനുള്ള ഉപാധികളാക്കിത്തീത്തു. കാർലൈലിന്റെ ഭാഷയിൽ പറകയാണെങ്കിൽ, നാണയം വഴിക്കുള്ള കൊള്ളക്കൊടുക്കകൾ മാത്രമായിത്തീന്ന മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഒരേയൊരു ബന്ധം, ക്രിമിനൽ കുററങ്ങളുടെ എണ്ണം കൊല്ലംതോറും വർദ്ധിച്ചുവന്നു. പണ്ടൊക്കെ നാടുവാഴിപ്രഭുത്വം അതിന്റെ നീചപ്രവൃത്തികൾ പട്ടാപ്പകൽ നടത്തുകയായിരുന്നു പതിവു്; ഇപ്പോഴാകട്ടെ, അവ തീരെ അപ്രത്യക്ഷമായില്ലെങ്കിലും, അവയുടെ സ്ഥാനം പിന്നണിയിലേയ്ക്കു നീങ്ങി. അവയ്ക്കു പകരം, ഇതുവരെ രഹസ്യമായി മാത്രം നടത്തിയിരുന്ന മുതലാളിത്തത്തിന്റെ ചീത്തത്തങ്ങൾ എത്രയുമധികം പടന്നു പന്തലിക്കുവാൻ തുടങ്ങി. കച്ചവടം അധികമധികം ചതിമയമായിത്തീന്നു. വിപ്ലവ മുദ്രാവാക്യങ്ങളിലൊന്നായ "സാഹോദര്യം" കച്ചവട മത്സരത്തിലെ കാപട്യവും വടംവലിയു

മായിട്ടാണു് പ്രത്യക്ഷപ്പെട്ടതു്. ഹിംസയുടെയും മർദ്ദനത്തിന്റെയും സ്ഥാനത്തു് കൈക്കൂലിയാണു് മുന്നോട്ടുവന്നതു്; സമുദായത്തെ ഇളക്കാനുള്ള ഒന്നാമത്തെ വീണ്ടിയെന്ന നിലയ്ക്കു വാളിനുണ്ടായിരുന്ന സ്ഥാനം സ്വർണ്ണം കൈവശപ്പെടുത്തി. കീഴ്ജീവനക്കാരുടെ പെൺകിടാങ്ങളെ വിവാഹം കഴിഞ്ഞ ആദ്യത്തെ രാത്രി ആസ്വദിക്കുവാനുള്ള അവകാശം ജന്മിക്കുണ്ടായിരുന്നതു മുതലാളിയ്ക്കായി. വ്യഭിചാരം പണ്ടൊരിക്കലും കേട്ടിട്ടില്ലാത്ത വിധം വർദ്ധിച്ചു. വിവാഹമാകട്ടെ, പണ്ടത്തെപ്പോലെതന്നെ വ്യഭിചാരത്തിന്റെ ഔദ്യോഗികമായ ഒരു മറസ്സീലയായി, നിയമം അംഗീകരിച്ച വ്യഭിചാരത്തിന്റെ രൂപമായിത്തന്നെ നിലനിന്നുപോന്നു; കൂടാതെ, അതിന്നൊരനുബന്ധമെന്ന നിലയിൽ, വിവാഹിതരുടെ ഇടയിലുള്ള ദുർവൃത്തിയും സുഭിക്ഷമായി മുററിത്തഴച്ചുവന്നു.

ചുരുക്കിപ്പറഞ്ഞാൽ, തത്വജ്ഞാനികളുടെ മധുരമനോഹരങ്ങളായ വാഗ്ദാനങ്ങളോടു താരതമ്യപ്പെടുത്തിനോക്കിയാൽ, "യുക്തികളുടെ വിജയ"ത്തിൽനിന്നും ഉദിച്ചുയന്ന സാമുദായികവും രാഷ്ട്രീയവുമായ സ്ഥാപനങ്ങൾ അവയുടെ മനംമടിപ്പിക്കുന്നഹാസ്യചിത്രങ്ങൾ മാത്രമായിരുന്നു. ഈ ആശാഭംഗത്തിന്നു രൂപം കൊടുക്കുവാൻ കെൽപ്പുള്ള ചില ആളുകൾ മാത്രമേ ഇനി ഉണ്ടാകേണ്ടിയിരുന്നുള്ളു; നൂററാണ്ടു മാറിയതോടുകൂടി ആ ആളുകളും ആവിർഭവിച്ചു. 1802-ൽ സെയിൻറ് സൈമൻെറ "ജനീവാക്കത്തുകൾ" പുറത്തുവന്നു; 1799-മുതല്ക്കുതന്നെ തൻെറ സിദ്ധാന്തത്തിൻെറ അടിത്തറ പടുക്കാൻ ആരംഭിച്ചിരുന്ന ഫൂറിയറുടെ ആദ്യത്തെ പുസ്തകം 1808-ൽ പുറത്തുവന്നു. 1800-ജനുവരി 1-ാംനു-മുതൽ റോബർട്ട് ഓവൻ "ന്യൂ ലാനാക്ക്" എന്ന തൻെറ തൊഴിലാളി കോളനി നടത്താൻ തുടങ്ങി.

എങ്കിലും ഈ സമയത്തു മുതലാളിത്തരീതിയിലുള്ള ഉല്പാദനവും അതോടൊപ്പം മുതലാളി വർഗ്ഗവും തൊഴിലാളി വർഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യവും വേണ്ടത്ര വളന്നു കഴിഞ്ഞിട്ടുണ്ടായിരുന്നില്ല.

ഇംഗ്ലണ്ടിൽ ആരംഭിച്ചു കഴിഞ്ഞിരുന്ന ആധുനിക വ്യവസായം ഫ്രാൻസിൽ അപ്പോഴും ഉണ്ടായിരുന്നതേയില്ല. എന്നാൽ, ഉല്പാദനരീതിയിൽ ഒരു വിപ്ലവത്തേയും അതിൻെറ മുതലാളിത്തസ്വഭാവത്തിൻെറ നിശ്ശേഷമായ നാശത്തേയും അവശ്യം ആവശ്യമാക്കിക്കുന്ന പരസ്പരസംഘട്ടനങ്ങളെ ആധുനികവ്യവസായം ഒരുവശത്തു വളർത്തുന്നു—അതിൻെറതന്നെ സന്തതികളായ വർഗ്ഗങ്ങൾ തമ്മിലുള്ള സംഘട്ടനങ്ങൾമാത്രമല്ല, ഉല്പാദനശക്തികളും അതിൽനിന്നുണ്ടാവുന്ന വിനിമയത്തിൻെറ രൂപങ്ങളും തമ്മിലും ആധുനികവ്യവസായവും സംഘട്ടനങ്ങളുണ്ടാക്കുന്നു. മറുവശത്താകട്ടെ, ഈ വൻതോതിലുള്ള ഉല്പാദനശക്തികളുടെ ഉള്ളിൽതന്നെ ഈ സംഘട്ടനങ്ങൾ ഇല്ലായ്മചെയ്യുവാൻ വേണ്ട ഉപകരണങ്ങളെയും അതു വളർത്തിക്കൊണ്ടുവരുന്നു. അതുകൊണ്ടു. 19-ാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ അന്നത്തെ പുതിയ സാമൂഹ്യക്രമത്തിൽനിന്നുളവാകുന്ന സംഘട്ടനങ്ങൾ വ്യക്തരൂപമെടുക്കാൻ തുടങ്ങിയിട്ടേയുള്ളുവെങ്കിൽ ആ സംഘട്ടനങ്ങളെ നശിപ്പിക്കാനുള്ള ഉപകരണങ്ങൾ അത്രതന്നെയും വ്യക്തമായ രൂപമെടുത്തിരുന്നില്ല. പാരീസ്സിലെ സ്വത്തില്ലാത്ത ബഹുജനങ്ങൾക്കു "ഭീകരഭരണ" കാലത്തു് ഒരു നിമിഷത്തേയ്ക്കു ഭരണനായകരായിത്തീരാനും അങ്ങിനെ മുതലാളിവർഗ്ഗത്തെ കൂട്ടാക്കാതെതന്നെ മുതലാളിവിപ്ലവത്തെ വിജയത്തിലേക്കു നയിക്കാനും സാധിച്ചു. എന്നാൽ, അന്നത്തെ പരിതഃസ്ഥിതികളിൽ തങ്ങളുടെ ഭരണാധികാരം വെച്ചുപുലർത്തുന്നതു് അസാദ്ധ്യമാണെന്നു തെളിയിക്കുവാൻ മാത്രമേ അവർക്കിതുകൊണ്ടു സാധിച്ചുള്ളു. ഈ യാതൊരു സ്വത്തുമില്ലാത്ത ജനപ്പെരുപ്പത്തിൽനിന്നും പുതിയൊരു വർഗ്ഗത്തിൻെറ ബീജമെന്നോണം തൊഴിലാളിവർഗ്ഗം പുത്തനായി മുളച്ചുപൊന്തുക മാത്രമായിരുന്നു അന്നു് ചെയ്തിരുന്നതു്. സ്വതന്ത്രമായ രാഷ്ട്രീയപ്രവർത്തനങ്ങൾക്കു് അന്നു് ആ വർഗ്ഗത്തിനു കെല്പുണ്ടായിരുന്നില്ല അതുകൊണ്ടു്, അതിൻെറ അന്നത്തെ നിസ്സഹായസ്ഥിതിയിൽ, പുറ

മേനിന്നോ മുകളിൽനിന്നോ ലഭിക്കാവുന്ന സഹായത്തെമാത്രം ആശ്രയിച്ചുനില്ക്കുന്ന—കഷ്ടപ്പാടിലാണ്ടുകിടക്കുന്ന ഒരു മർദ്ദിത വർഗ്ഗമായിട്ടാണ് അന്ന് അതു പ്രത്യക്ഷപ്പെട്ടതു്.

ചരിത്രപരമായ ഈ പരിതഃസ്ഥിതികളാണ് സോഷ്യലിസത്തിൻെറ സ്ഥാപകന്മാരുടെ ആശയങ്ങളേയും നിയന്ത്രിച്ചതു്. മുതലാളിത്തപരമായ ഉല്പാദനത്തിൻെറ അന്നത്തെ അപൂർണ്ണമായ വളർച്ചക്കും വർഗ്ഗങ്ങളുടെ അപൂർണ്ണമായ വളർച്ചക്കും അനുരൂപമായിരുന്നു അന്നത്തെ വളർന്നുകഴിഞ്ഞിട്ടില്ലാത്ത സിദ്ധാന്തങ്ങൾ. പൂർണ്ണവളർച്ചയെത്തിക്കഴിഞ്ഞിട്ടില്ലാത്ത സാമ്പത്തികസ്ഥിതികളിൽ ഒളിഞ്ഞുനില്ക്കുന്ന സാമൂഹ്യപ്രശ്നങ്ങൾക്കുള്ള പരിഹാരമാർഗ്ഗങ്ങളെ മനുഷ്യൻെറ തലച്ചോറിൽനിന്നും പടച്ചുണ്ടാക്കുവാനാണ് സാങ്കല്പികസോഷ്യലിസ്റ്റുകാർ പരിശ്രമിച്ചതു്. സമുദായത്തിലെങ്ങും അനീതികൾ മാത്രമേ കാണപ്പെട്ടിരുന്നുള്ളു. ഈ അനീതികളെ നീക്കംചെയ്യുകയാണ് 'യുക്തി'യുടെ കർത്തവ്യമെന്നു അവർക്കു തോന്നി. പുതിയതും കൂടുതൽ 'പരിപൂർണ്ണവുമായ ഒരു സാമൂഹ്യവ്യവസ്ഥയെ കണ്ടുപിടിച്ച്', പ്രചാരവേലമൂലവും കഴിയുന്നിടത്തൊക്കെ മാതൃകാപരീക്ഷണങ്ങളുടെ ഉദാഹരണങ്ങൾമൂലവും അതിനെ സമുദായത്തിൻെറ മേൽ വെച്ചുകെട്ടുകയാണ് അത്യന്താപേക്ഷിതമെന്നു് അവർക്കു തോന്നി. ഈ പുതിയ സാമൂഹ്യവ്യവസ്ഥകൾ സാങ്കല്പികസൃഷ്ടികൾ മാത്രമാവാനേ തരമുള്ളുവെന്നു വ്യക്തമാണ്. എത്രകണ്ടു് സവിസ്തരമായി അതെല്ലാം അവർ സങ്കല്പിച്ചുണ്ടാക്കിയോ, അത്രകണ്ടു് അതെല്ലാം വെറും മായാപ്രപഞ്ചമായി മാറി.

ഈ കാര്യങ്ങൾ ഇപ്പോൾ തെളിഞ്ഞുകഴിഞ്ഞ സ്ഥിതിക്ക് തികച്ചും ഭൂതകാലത്തിൻെറതായിക്കഴിഞ്ഞ ഇതിനെക്കുറിച്ചെല്ലാം നാം കൂടുതൽ ചിന്തിക്കേണ്ടതില്ല; ഇതെല്ലാം നമ്മുടെ ചെറുതരം എഴുത്തുകാർക്ക് ഗൌരവപൂർവ്വം കുത്തിക്കുറിക്കുവാൻ വിട്ടുകൊടുക്കുകയാണ് ഉത്തമം. ഞങ്ങളെ അതെല്ലാം പുഞ്ചിരികൊള്ളിക്കുവാൻ

മാത്രമേ ഉതകുന്നുള്ളു. മേല്പറഞ്ഞ എഴുത്തുകാർ തങ്ങളുടെ സ്വന്തം യുക്തിസാമർത്ഥ്യത്തിന്ന് ഈ വക 'ഭ്രാന്തി'കളേക്കാൾ മേന്മയുണ്ടെന്നു കരുതി ഞെളിഞ്ഞുകൊള്ളട്ടെ. ഞങ്ങളെസ്സംബന്ധിച്ചേടത്തോളമാണെങ്കിൽ സാങ്കല്പികസോഷ്യലിസ്റ്റുകാരുടെ മായികമായ മറകളെപ്പിളർന്നുകൊണ്ട് എല്ലായിടത്തും കൂടിയും അവരുടെ ഉൽകൃഷ്ടചിന്തകൾ ഇങ്ങോട്ട് എത്തിനോക്കുന്നുണ്ട്. ഈ ചിന്തകളും അവയുടെ ബീജങ്ങളും ഞങ്ങളെ ആനന്ദം കൊള്ളിക്കുകയാണ് ചെയ്യുന്നതു്. ഇതൊക്കെക്കാണുവാനുള്ള കണ്ണ് വിഡ്ഢികൾക്കില്ലതന്നെ.

മഹത്തായ ഫ്രഞ്ചുവിപ്ലവത്തിന്റെ ഒരു സന്താനമായിരുന്നു സെയിൻറ് സൈമൺ. വിപ്ലവം പൊട്ടിപ്പുറപ്പെട്ടപ്പോൾ അദ്ദേഹത്തിനു മുപ്പതു വയസ്സും തികഞ്ഞിരുന്നില്ല. ഉല്പാദനപരമായും കച്ചവടസംബന്ധമായും പ്രവൃത്തിയെടുത്തിരുന്ന രാജ്യത്തിലെ അദ്ധ്വാനിക്കുന്ന ജനവിഭാഗം, പ്രത്യേകാവകാശങ്ങൾ അനുഭവിക്കുന്ന അലസരായ പ്രഭുവർഗ്ഗങ്ങളുടെയും പുരോഹിതന്മാരുടെയും മേൽ നേടിയ വിജയമായിരുന്നു ഈ വിപ്ലവം. എന്നാൽ പാവപ്പെട്ട ജനതയുടെ ഈ വിജയം, അതിൽ ഏററവും ചെറിയ ഒരു വിഭാഗത്തിന്റെ മാത്രം വിജയമാണെന്നു്, സാമൂഹ്യമായി വിശേഷിച്ചും അനുകൂലമായ സ്ഥിതിയിൽ നില്ക്കുന്ന ആ പ്രത്യേക വിഭാഗത്തിന്റെ—അതായതു് സ്വത്തുടമകളായ മുതലാളിവർഗ്ഗത്തിന്റെ—രാഷ്ട്രീയാധികാരപ്രാപ്തി മാത്രമാണെന്നു് അധികം താമസിയാതെ വ്യക്തമായി. മാത്രമല്ല, വിപ്ലവകാലത്തു് മുതലാളികൾ അതിവേഗത്തിൽ വളരുകയും ചെയ്തിരുന്നു. വിപ്ലവാനന്തരം ഗവർമ്മേണ്ടു കണ്ടുകെട്ടുകയും പിന്നീടു ലേലത്തിനു വെയ്ക്കുകയും ചെയ്ത ജന്മികളുടെയും പള്ളികളുടെയും ഭൂസ്വത്തുകളിൽ മുതലിറക്കിയും, ഗവർമ്മേണ്ടിന്നു വേണ്ട യുദ്ധസാമഗ്രികൾക്കു് കൺട്രാക്റ്റ് എടുത്തു് രാജ്യത്തെ പലതരത്തിൽ വഞ്ചിച്ചും മുതലാളികൾ വളർന്നു. ഈ കള്ളക്കച്ചവടക്കാരുടെ മേൽക്കോയ്മ

യാണ് 'ഡയറക്റ്റർഭരണ' കാലത്തു് ഫ്രാൻസിനെ പാപ്പരത്തത്തിന്റെ വക്കത്തെത്തിച്ചതു്: അങ്ങിനെ നെപ്പോളിയന്റെ ഏകാധിപത്യസ്ഥാപനത്തിന്നുള്ള വഴിതെളിയിച്ചതു്.

അതുകൊണ്ടു്, സെയിൻറ് സൈമന്റെ ദൃഷ്ടിയിൽ, പാവങ്ങളും മേലെക്കിടയിൽ നില്ക്കുന്ന വർഗ്ഗങ്ങളും തമ്മിലുള്ള വൈരം പണിയെടുക്കുന്നവരും മടിയന്മാരും തമ്മിലുള്ള വൈരത്തിന്റെ രൂപം കൈക്കൊണ്ടു. പണ്ടത്തെ പ്രത്യേകാവകാശക്കാരായ ഉപരിവർഗ്ഗങ്ങൾ മാത്രമല്ല മടിയന്മാരായി കാണക്കാക്കപ്പെട്ടുള്ളു; ഉല്പാദനത്തിലോ വിതരണത്തിലോയാതൊരു പങ്കും വഹിക്കാതെ അവയിൽ നിന്നുള്ള വരുമാനത്തിന്മേൽ ജീവിക്കുന്ന എല്ലാവരും മടിയന്മാരായിരുന്നു. അതുപോലെതന്നെ, പ്രവൃത്തിക്കാരുടെ ഇനത്തിൽ കൂലിപ്രവൃത്തിക്കാർ മാത്രമല്ല ഉൾപ്പെട്ടിരുന്നതു്; വ്യവസായമേധാവികളും കച്ചവടക്കാരും ബാംകുദ്യോഗസ്ഥന്മാരും പെട്ടിരുന്നു. രാജ്യത്തിനു ബുദ്ധിപരമായ നേതൃത്വം നൽകുവാനും രാഷ്ട്രീയാധികാരം വെച്ചുപുലർത്താനുമുള്ള കെല്പ് "മടിയന്മാർക്കി"ല്ലാതായിക്കഴിഞ്ഞുവെന്നു് തെളിഞ്ഞിട്ടുണ്ടായിരുന്നു; വിപ്ലവം എന്നേയ്ക്കുമായി അതു തീരുമാനിക്കയും ചെയ്തു. സ്വത്തില്ലാത്ത വർഗ്ഗങ്ങൾക്കും ഈ കെല്പില്ലെന്നു "മർദ്ദനഭരണ"ത്തിന്റെ അനുഭവങ്ങൾ തെളിയിച്ചുകഴിഞ്ഞതായി സെയിൻറ് സൈമൺ കരുതി. അങ്ങിനെയാണെങ്കിൽ, സമുദായത്തിൽ കല്പിക്കുകയും നേതൃത്വം നൽകുകയും ചെയ്യേണ്ടതാരാണു്? ശാസ്ത്രവും മതവും—ഇതാണു് സെയിൻറ് സൈമന്റെ ഉത്തരം. ജർമ്മനിയിലെ മതപരിഷ്കാരത്തിന്നുശേഷം നഷ്ടമായിത്തീർന്ന മതൈക്യത്തെ വീണ്ടും സ്ഥാപിക്കാൻ കഴിവുള്ള മതപരമായ ഒരു പുതിയ ബന്ധംമുഖേന ഇതിനെ രണ്ടിനേയും കൂട്ടിയിണക്കണം. (നീക്കുപോക്കില്ലാത്ത ഉല്പന്നൈക്യങ്ങളോടുകൂടിയ നിഗൂഢമായ ഒരു നവീനക്രിസ്തുമതം മാത്രമാവും ഇതു്.) പക്ഷേ, ശാസ്ത്രമെന്നു വെച്ചാൽ പണ്ഡിതന്മാരാണു്; വ്യവസായമെന്നുവെച്ചാൽ ഒന്നാ

മതായിത്തന്നെ വ്യവസായമേധാവികൾ, കച്ചവടക്കാർ, ബാംകുദ്യോഗസ്ഥന്മാർ തുടങ്ങിയ 'പ്രവൃത്തിയെടുക്കുന്ന' മുതലാളികളും. ഈ മുതലാളികൾ ഒരുതരം പൊതുജനസേവകന്മാരായി, സമുദായത്തിന്റെ 'ട്രസ്റ്റികളായി' സ്വയം രൂപാന്തരപ്പെടണമെന്നായിരിക്കണം സെയിന്റ് സൈമൺ ഉദ്ദേശിച്ചിരുന്നതു്; എങ്കിൽക്കൂടി തൊഴിലാളികളെ അപേക്ഷിച്ച് അവർക്കു സാമ്പത്തികമായും ഒരു 'യജമാനപദവിതന്നെയാണുണ്ടായിരിക്കുക. വിശേഷിച്ചും ബാങ്കർമാരാണു് 'നിയന്ത്രിത'രീതിയിൽ പണം കടംകൊടുത്തിട്ടും മററും സമുദായത്തിലെ ഉല്പാദനത്തെയാകെ വേണ്ടപോലെ നടത്തേണ്ടതു്! ഫ്രാൻസിൽ ആധുനികവ്യവസായവും അതോടൊപ്പം മുതലാളിവർഗ്ഗവും തൊഴിലാളിവർഗ്ഗവും തമ്മിലുള്ള അകൽച്ചയും വെളിപ്പെടാൻ മാത്രം തുടങ്ങിയിട്ടുള്ള ആ കാലത്തിന്നനുയോജ്യമായിരുന്ന ഈ ആശയഗതി. എന്നാൽ സെയിന്റ് സൈമൺ കാര്യമായി ഊന്നിപ്പറയുന്നതിതാണു്: ആദ്യമായും എല്ലാററിന്നുമുപരിയായും അദ്ദേഹത്തിന്റെ താല്പര്യം ഏററവും അധികം സംഖ്യ വരുന്നതും ഏററവും ദരിദ്രരുമായ ജനവിഭാഗങ്ങളുടെ ഭാവിയെപ്പററിയാണു്.

തന്റെ "ജനീവാക്കത്തുകളി"ൽത്തന്നെ സെയിന്റു് സൈമൺ "എല്ലാവരും പ്രവൃത്തിയെടുക്കേണ്ടതാണെ"ന്ന പ്രമാണം മുന്നോട്ടു കൊണ്ടുവന്നിട്ടുണ്ടു്. "ഭീകരഭരണം" (Reign of Terror) സ്വത്തില്ലാത്ത ബഹുജനങ്ങളുടെ ഭരണമായിരുന്നുവെന്നും അതേ പുസ്തകത്തിൽത്തന്നെ അദ്ദേഹം സമ്മതിക്കുന്നുമുണ്ടു്. അദ്ദേഹം ബഹുജനങ്ങളോടു് പറയുന്നു: നോക്കുക, നിങ്ങളുടെ സഖാക്കൾ രാജ്യം ഭരിച്ചിരുന്നകാലത്തു് ഫ്രാൻസിൽ എന്താണു് സംഭവിച്ചതു്? അവർ ഒരു ക്ഷാമംതന്നെ വരുത്തിത്തീർത്തു. എങ്കിലും, 1852-ൽ തന്നെ ഫ്രഞ്ചുവിപ്ലവത്തെ ഒരു വർഗ്ഗസമരമായി കണ്ടതു്—ജന്മിപ്രഭുക്കളും മുതലാളിവർഗ്ഗവുംതമ്മിൽ മാത്രമല്ല, ജന്മിപ്രഭുക്കളും മുതലാളിവർഗ്ഗവും ഒരുവശത്തും സ്വത്തില്ലാത്ത

മറുവശത്തുമായുള്ള ഒരു സമരമായിരുന്നു അതെന്നു മനസ്സിലാക്കിയതു്—തീർച്ചയായും സാരഗർഭമായ ഒരു കണ്ടുപിടിത്തമാണു്. രാഷ്ട്രവിജ്ഞാനം ഉല്പാദനത്തിന്റെ ശാസ്ത്രമാണെന്നും, ധനശാസ്ത്രം രാഷ്ട്രവിജ്ഞാനത്തെ ക്രമേണ അപ്പടി വിഴുങ്ങുമെന്നും 1816-ൽ അദ്ദേഹം പ്രഖ്യാപിക്കയുണ്ടായി. സാമ്പത്തികസ്ഥിതിഗതികളാണു് രാഷ്ട്രീയസ്ഥാപനങ്ങളുടെ അടിസ്ഥാനമെന്ന തത്വം ഇതിൽ ഒളിഞ്ഞുകാണുന്നതേയുള്ളു. എന്നാൽ ജനങ്ങളുടെ മേലുള്ള രാഷ്ട്രീയമേൽക്കോയ്മ വെറും സാധനങ്ങളുടെ നിയന്ത്രണമായും ഉല്പാദനപദ്ധതികളുടെ നടത്തിപ്പായും ഭാവിയിൽ മാറുമെന്നുള്ള ആശയമാണിവിടെ വ്യക്തമായി വിശദീകരിച്ചിട്ടുള്ളതു്. അതായതു് ഈയിടെ "ഭരണയന്ത്രത്തെ ഇല്ലായ്മ ചെയ്യണ"മെന്നും മററും ചിലർ ബഹളം കൂട്ടിയിരുന്നവല്ലോ; അതിനെപ്പററിയാണു് ഇവിടെ പറഞ്ഞിരിക്കുന്നതു്.

ഐക്യകക്ഷികൾ പാരിസ്സിൽ ചെയ്തു് പ്രവേശിച്ച സമയത്തു് 1814-ലും, പിന്നീടു് "നൂറുനാളത്തെ യുദ്ധ"ക്കാലത്തു് 1815-ലും സെയിൻറു് സൈമൺ പറഞ്ഞു, ഇംഗ്ലണ്ടും ഫ്രാൻസും തമ്മിലും ഈ രണ്ടു രാജ്യങ്ങളും ജർമ്മനിയും തമ്മിലുമുള്ള ഐക്യം മാത്രമേ യൂറോപ്പിന്റെ സമ്പൽസമൃദ്ധമായ വളർച്ചയ്ക്കും സമാധാനത്തിനുമുള്ള ഉറപ്പായിത്തീരുകയുള്ളുവെന്നു്. ഇവിടെയും തന്റെ സമകാലീനന്മാരേക്കാൾ മുന്നിട്ടു നില്ക്കുന്നവനാണു് താനെന്നു് സെയിൻറു് സൈമൺ വ്യക്തമാക്കുന്നു. വാട്ടർലൂവിലെ വിജയികളുമായി ഒരു യോജിപ്പിലേർപ്പെടണമെന്നു് 1815-ാമാണ്ടിൽ ഫ്രഞ്ചുകാരോടു് പ്രസംഗിക്കുവാൻ തീർച്ചയായും വമ്പിച്ച ധൈര്യം വേണമെന്നു മാത്രമല്ല, ചരിത്രപരമായ ദീർഘദൃഷ്ടിയും അത്രതന്നെ അത്യാവശ്യമാണു്.

പിൽക്കാലത്തെ സോഷ്യലിസ്ററുകാരുടെ വെറും സാമ്പത്തികവിഷയകമല്ലാത്ത എല്ലാം ആശയങ്ങളുടേയും പട്ടമുളകൾ സെയിൻറു് സൈമന്റെ ചിന്താഗതിയിൽ കാണത്തക്കവിധം

അത്രയ്ക്കു സർവ്വസ്പർശിയായ ഒരു വിശാലവീക്ഷണമാണു് നാം അദ്ദേഹത്തിൽ കണ്ടെത്തുന്നതെങ്കിൽ, ഇന്നത്തെ സമുദായത്തെ ഫ്രഞ്ചുകാർക്കു ചേർന്ന ഫലിതരസികതയോടുകൂടി വിമർശിക്കുന്ന ഒരു വിമർശകനെയാണു് നാം ഫൂറിയറിൽ കാണുന്നതു്. എന്നാൽ, ഫലിതമുള്ളതുകൊണ്ടു് ഈ വിമർശനം ഒട്ടുംതന്നെ അപൂർണ്ണമല്ലതാനും. മുതലാളികളും, വിപ്ലവത്തിനു മുമ്പുണ്ടായിരുന്ന അവരുടെ ആവേശം പൂണ്ട പ്രചാരകന്മാരും, വിപ്ലവത്തിനുശേഷം അവരുടെ സ്വാർത്ഥതല്പരരായ സ്തുതിപാഠകന്മാരും ഉപയോഗിച്ച അതേ വാക്കുകൾ തന്നെ എടുത്തു ഫൂറിയർ അവരെ കശക്കുന്നു. മുതലാളിലോകത്തിന്റെ ഭൌതികവും ധാർമ്മികവുമായ ദാരുണസ്ഥിതി അദ്ദേഹം ലേശവും ദയകൂടാതെ തൊലിയുരിച്ചു കാണിക്കുന്നു, 'യുക്തി'ക്കുമാത്രം കീഴടങ്ങുന്ന ഒരു സമുദായത്തെക്കുറിച്ചും സകലർക്കും സുഖമുണ്ടാക്കിക്കൊടുക്കുന്ന ഒരു പരിഷ്കാരത്തെക്കുറിച്ചും മനുഷ്യന്റെ പരിപൂർണ്ണതയുടെ (അതിരില്ലാത്ത) സാദ്ധ്യതകളെക്കുറിച്ചും ആദ്യകാലത്തെ തത്വജ്ഞാനികൾ ചെയ്ത കണ്ണഞ്ചിക്കുന്ന വാഗ്ദാനങ്ങളേയും, സമകാലീനരായ മുതലാളിചിന്തകന്മാരുടെ നിറപ്പകിട്ടുള്ള പദപ്രയോഗങ്ങളേയും അദ്ദേഹം ഈ കഷ്ടപ്പാടിന്റെ എതിർവശത്തു നിരത്തിവെച്ചു് താരതമ്യപഠനം നടത്തുന്നു. ഏററവും ശബ്ദായമാനമായ ഈ മിഥ്യാപദപ്രയോഗങ്ങളുടെ മറുവശം എല്ലായിടത്തും ഏററവും ദുഃഖംനിറഞ്ഞ യാഥാർത്ഥ്യമാണെന്നു അദ്ദേഹം തെളിയിച്ചുകാട്ടുന്നു. മാത്രമല്ല, തന്റെ തുളഞ്ഞുകയറുന്ന പരിഹാസംകൊണ്ടു ഇവരുടെ നിരർത്ഥമായ പദപ്രയോഗക്കുഴപ്പത്തെ തകർക്കുകയും ചെയ്യുന്നു. വിപ്ലവം അധഃപതിക്കാൻ തുടങ്ങിയ ഘട്ടത്തിൽ സുഭിക്ഷമായി നടന്നിരുന്ന കള്ളത്രാണംനിറഞ്ഞ പണമിടപാടുകളേയും. അക്കാലത്തെ ഫ്റഞ്ചുവ്യാപാരികളിൽ പ്രകൃത്യാ ഉണ്ടായിരുന്ന 'ഷാപ്പുടമസ്ഥ'ന്റെ മനോഭാവത്തേയും, ഓജസ്സും സൌഭാഗ്യവും തികഞ്ഞ ഭാഷയിൽ അദ്ദേഹം വിവരി

ക്കുന്നു. മുതലാളിത്തസമുദായത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധങ്ങളെയും മുതലാളിത്തസമുദായത്തിൽ സ്ത്രീക്കുള്ള സ്ഥാനത്തേയും കുറിച്ചുള്ള അദ്ദേഹത്തിന്റെ വിമർശനം കൂടുതൽ രൂക്ഷമായിട്ടുണ്ട്. ഏതു സമുദായത്തിലും പൊതുവിലുള്ള സ്വാതന്ത്ര്യത്തിന്റെ ഏറ്റക്കുറച്ചിൽ തിട്ടപ്പെടുത്തേണ്ടതു അതിൽ സ്ത്രീക്കുള്ള സ്വാതന്ത്ര്യത്തിന്റെ ഏറ്റക്കുറച്ചിലിനെ നോക്കിയിട്ടായിരിക്കണമെന്നു് ആദ്യമായി പ്രഖ്യാപിച്ചതദ്ദേഹമാണു്.

എന്നാൽ, സമുദായത്തിന്റെ ചരിത്രത്തെപ്പററിയുള്ള തന്റെ വീക്ഷണത്തിലാണു് ഫൂറിയരുടെ മാഹാത്മ്യം മുഴുവനും തെളിഞ്ഞുകാണുന്നതു്. അതുവരെയുള്ള സമുദായചരിത്രത്തെ അദ്ദേഹം നാലു പതനങ്ങളായി വിഭജിച്ചിരുന്നു: കാടത്തത്തിന്റെ കാലം, അപരിഷ്കൃതത്വത്തിന്റെ കാലം, ഗോത്രസംഘടനയുടെ കാലം, നാഗരികകാലം. നാലാമത്തേതു് നാഗരികസമുദായം അല്ലെങ്കിൽ മുതലാളിസമുദായം എന്നു വിളിക്കുന്ന ഇന്നത്തെ സമുദായംതന്നെയാണു—അതായതു് പതിനാറാംനൂററാണ്ടോടുകൂടി ആവിർഭവിച്ച സാമൂഹ്യവ്യവസ്ഥതന്നെ. "അപരിഷ്കൃതകാലത്തു് കലവറയില്ലാതെയും പച്ചയായും പരിശീലിക്കപ്പെട്ടിരുന്ന എല്ലാം ദുസ്സ്വഭാവങ്ങളെയും നാഗരീകകാലം കൂടുതൽ വിഷമവും ദുർഘടവും അവ്യക്തവും കാപട്യസമ്പൂർണ്ണവും ആത്മവഞ്ചനാപരവുമായ ഒരു രൂപത്തിൽ വീണ്ടും പുലർത്തിക്കൊണ്ടുവരികയാണു് ചെയ്യുന്നതെ"ന്നദ്ദേഹം തെളിയിക്കുന്നു; പരിഹാരമാർഗ്ഗം കാണുവാനാവാതെ നിരന്തരമായി വീണ്ടും വീണ്ടും ആവർത്തിച്ചുകൊണ്ടിരിക്കുന്ന പരസ്പരവിരുദ്ധതകളിൽ നിന്നു പുറത്തുകടക്കാൻ വഴിയില്ലാതെ, ഒരു വട്ടച്ചുഴിയിൽക്കിടന്നു ചുററിത്തിരിയുകയാണു് നാഗരീകത്വം ഇന്നു ചെയ്യുന്നതു; അതുകൊണ്ടു് അതിന്റെ പ്രാപ്യസ്ഥാനമായിരിക്കണമെന്നു് അതാഗ്രഹിക്കുന്നതെന്തോ, അഥവാ ആഗ്രഹിക്കുന്നുണ്ടെന്നു് നടിക്കുന്നതെന്തൊ,

ആ ദശാഘട്ടത്തിൻെറ നേരെ മറേറയററമുള്ള ഒരു ദശാഘട്ടത്തിലാണതു് എത്തിച്ചേരുന്നതു്. അതായതു്, "നാഗരികതത്തിൻെറ കാലത്തു് ദാരിദ്ര്യം ഉണ്ടായിത്തീരുന്നതു് സമൃദ്ധിയുടെ മദ്ധ്യത്തിലാണു്".

തൻെറ സമകാലീനനായ ഹെഗലിനെപ്പോലെ ഫൂറിയർ വൈരുദ്ധ്യാധിഷ്ഠിതമായ നിരീക്ഷണരീതിയെ സാമർത്ഥ്യപൂർവ്വം ഉപയോഗപ്പെടുത്തുന്നതായി നാം കാണുന്നു. മനുഷ്യനു പരിപൂർണ്ണനായിത്തീരാൻ അതിരില്ലാത്ത സാദ്ധ്യതയുണ്ടെന്നു പറയുന്നതിനെ വൈരുദ്ധ്യവാദമുപയോഗിച്ചു് അദ്ദേഹം ഖണ്ഡിക്കുന്നു. ചരിത്രത്തിൻെറ ഓരോ ഘട്ടത്തിനും ഒരു അഭിവൃദ്ധികാലവും അതിനെത്തുടർന്നുകൊണ്ടു് ഒരു അധഃപതനകാലവുമുണ്ടെന്നു അദ്ദേഹം സമർത്ഥിക്കുന്നു; ഈ തത്വമുപയോഗിച്ചു മാനവസമുദായത്തിൻെറ ഭാവിയെ നിർണ്ണയിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഭൂമിക്കൊരു അറുതിയുണ്ടെന്നതത്വം കാൻറ് പ്രകൃതിശാസ്ത്രത്തിൽ അവതരിപ്പിച്ചതുപോലെ, മനുഷ്യസമുദായം ഒടുവിൽ നശിക്കാതിരിക്കയില്ലെന്ന് വാദം ഫൂറിയർ ചരിത്രശാസ്ത്രത്തിൽ കൊണ്ടുവന്നു.

ഫ്രാൻസിലെങ്ങും വിപ്ലവക്കൊടുങ്കാററ് ചീററിപ്പാഞ്ഞിരുന്ന സമയത്തു്, ഇംഗ്ലണ്ടിൽ അത്രതന്നെ ലഹളപിടിച്ച തരത്തിലല്ലെങ്കിലും അത്രതന്നെ ഗംഭീരമായ മറെറാരു വിപ്ലവം നടക്കുന്നുണ്ടായിരുന്നു. ആവിയുടെ ഉപയോഗവും പണിയായുധങ്ങൾ ഉണ്ടാക്കാനുള്ള യന്ത്രോപകരണങ്ങളും കൈത്തൊഴിലുകളുടെ സ്ഥാനത്തു ആധുനികവ്യവസായത്തെ സൃഷ്ടിക്കാൻതുടങ്ങി; അങ്ങിനെ മുതലാളിസമുദായത്തിൻെറ അടിത്തറയെത്തന്നെ അപ്പാടെ പരിവർത്തനം ചെയ്തു. കൈത്തൊഴിൽ ശാലയുടെ കാലത്തിൻെറ അരിച്ചരിച്ചുകൊണ്ടുള്ള പുരോഗതി ഉല്പാദനത്തിൻെറ അതിവേഗത്തിലുള്ളതും കൊടുംപിരിക്കൊണ്ടതുമായ അഭിവൃദ്ധിയായിരൂപാന്തരപ്പെട്ടു. അടിക്കടി അധികമധികം വേഗത്തിൽ സമു

ദായം വലിയ മുതലാളികളെന്നും സ്വത്തില്ലാത്ത തൊഴിലാളികളെന്നും രണ്ടായി വേർതിരിയാനും തുടങ്ങി. ഈ രണ്ടുകൂട്ടർക്കും നടുവിൽ ഉറച്ചു നിന്നിരുന്ന മുമ്പത്തെ ഇടത്തരവർഗ്ഗത്തിന്റെ സ്ഥാനത്തു, കൈത്തൊഴിലുകാരും ചെറുകച്ചവടക്കാരുമടങ്ങുന്ന എത്രയും അസ്ഥിരമായ ഒരു വലിയ ജനവിഭാഗം—ഏററവും ചാഞ്ചല്യമുള്ള ഒരു ജനവിഭാഗം—നാളെ എന്തുവരുമെന്നു തിട്ടപ്പെടുത്താൻ കഴിയാതെ ജീവിതം നയിച്ചു.

അന്നും ഈ പുതിയ ഉല്പാദനസമ്പ്രദായം അതിന്റെ അഭിവൃദ്ധികാലത്തിന്റെ ആദ്യത്തെ പടിയിലായിരുന്നു. അപ്പോഴും അതു സ്വാഭാവികമായി അന്നത്തെചരിത്രസ്ഥിതിയിൽ സാദ്ധ്യമായ അതേ ഉല്പാദനരീതിയിൽത്തന്നെയായിരുന്നു. എങ്കിലും അന്നുതന്നെയും അതു പ്രത്യക്ഷമായ സാമൂഹ്യദോഷങ്ങളെ ഉണ്ടാക്കാൻ തുടങ്ങിയിരുന്നു. വലിയ പട്ടണങ്ങളിൽ, ഏററവും വൃത്തികെട്ട പ്രദേശങ്ങളിൽ, വീടും കുടിയുമില്ലാത്ത വമ്പിച്ച ഒരു ജനവിഭാഗത്തെ അടിച്ചുകൂട്ടി പാർപ്പിക്കുക; പരമ്പരയായുള്ള എല്ലാ സാന്മാർഗ്ഗിക കൂട്ടുകെട്ടുകളേയും പഴയ രീതിയിലുള്ള എല്ലാ അനുസരണക്രമങ്ങളേയും കുടുംബബന്ധങ്ങളേയും ശിഥിലമാക്കുക; ആകാവുന്നതില്ലധികം ആളുകളെക്കൊണ്ടു ഭയങ്കരമാംവണ്ണം അദ്ധ്വാനിപ്പിക്കുക; വിശേഷിച്ചും സ്ത്രീകളേയും കുട്ടികളേയും കണക്കില്ലാതെ പിടിച്ചു കൊണ്ടുവന്നു പണിയെടുപ്പിക്കുക; നാട്ടിൻപുറത്തുനിന്നു പട്ടണത്തിലേക്കും, കൃഷിയിൽനിന്നു ആധുനികവ്യവസായത്തിലേക്കും, സ്ഥിരമായ ജീവിതസ്ഥിതികളിൽനിന്നു നാൾക്കുനാൾ മാറിക്കൊണ്ടിരിക്കുന്ന അരക്ഷിതസ്ഥിതിയിലേയ്ക്കും, ചുരുക്കത്തിൽ തീരെ അപരിചിതമായ ഒരു പുതിയ ജീവിതത്തിലേയ്ക്കും പെട്ടെന്നു എടുത്തെറിയപ്പെട്ട തൊഴിലാളിവർഗ്ഗം സദാചാരപരമായിത്തന്നെ അങ്ങേഅററം അധഃപതിക്കുക—ഇവയാണ് ആ ദോഷങ്ങളിൽ ചിലതു്.

ഈ വിഷമഘട്ടത്തിലാണ് 29 വയസ്സുമാത്രം പ്രായമായ ഒരു ഫാക്ടറിയുടമസ്ഥൻ ഒരു സമുദായ പരിഷ്കാരിയായി മുന്നോട്ടു വന്നതു്. ബാലസഹജവും ഒട്ടുമുക്കാലും ദൈവികവുമായ സ്വഭാവനിഷ്കളങ്കതയോടുകൂടിയ ഒരാളായിരുന്നു അദ്ദേഹം; അതേ സമയത്തുതന്നെ ജന്മനാ ജനനേതാക്കന്മാരായിട്ടുള്ള ചുരുക്കം ചിലരിൽ ഒരാളുമായിരുന്നു. ഭൌതികവാദികളായ തത്വജ്ഞാനികളുടെ ചിന്താരത്നങ്ങളെ റോബർട്ട് ഓവൻ സ്വീകരിച്ചു. മനുഷ്യൻെറ സ്വഭാവം അയാളുടെ പിതൃമാതൃപാരമ്പര്യത്തിൽ നിന്നെന്നപോലെ അയാളുടെ വ്യക്തിജീവിതത്തിൽ ചുററുപാടുകളിൽ നിന്നുകൂടിയാണ്—വിശേഷിച്ചും അയാളുടെ വളൎന്നുവരുന്ന (ചെറുപ്പ)കാലത്തെ ചുററുപാടുകളിൽനിന്നുകൂടിയാണ്—രൂപമെടുക്കുന്നതെന്നുള്ള ഭൌതികവാദികളായ തത്വചിന്തകന്മാരുടെ വാദഗതിയെ റോബർട്ട്ഓവൻ സ്വീകരിച്ചിട്ടുണ്ടായിരുന്നു. ഓവൻെറ വൎഗ്ഗത്തിൽപ്പെട്ട മിക്കപേരും അന്നത്തെ വ്യാവസായികവിപ്ലവത്തിൽ കുഴപ്പവും,കോലാഹലവും മാത്രമെ കണ്ടുള്ളു. അതോടൊപ്പം ആ കുഴപ്പത്തിൽനിന്നു വേഗത്തിൽ വമ്പിച്ച ലാഭം വീശിപ്പിടിക്കാനുള്ള സന്ദൎഭങ്ങളും അവർ കണ്ടു. എന്നാൽ ഓവനാകട്ടെ തൻെറ പ്രിയപ്പെട്ട സിദ്ധാന്തത്തെ പ്രയോഗത്തിൽ വരുത്താനും, അങ്ങിനെ അന്നത്തെ അനിയന്ത്രിതാവസ്ഥയിൽനിന്നു് ഒരു നിയന്ത്രിതവ്യവസ്ഥയുണ്ടാക്കാനും ഉള്ള ഒരവസരമാണ് അതിൽകണ്ടെത്തിയതു്. അഞ്ഞൂറിൽപരം വേലക്കാരുള്ള മാഞ്ചെസ്റ്ററിലെ ഒരു തൊഴിൽശാലയിൽ ഒരു മേലുദ്യോഗസ്ഥനെന്ന നിലക്കു അദ്ദേഹം ഇതിന്നുമുമ്പുതന്നെ അതു വിജയപ്രദമായി പരീക്ഷിച്ചുകണ്ടിട്ടുണ്ടായിരുന്നു. 1800-മുതൽ 1829 വരെ സ്കോട്ട്ലണ്ടിൽ ന്യൂലാനാൿിലെ വമ്പിച്ച പരുത്തിമില്ലിൻെറ മാനേജരും ബിസ്സിനസ്സ് പങ്കാളിയുമെന്നനിലക്കു അദ്ദേഹം കൂടുതൽ പ്രവൎത്തനസ്വാതന്ത്ര്യത്തോടുകൂടി ഇതേ പദ്ധതി നടപ്പിൽ വരുത്തി. മാത്രമല്ല, അതിലദ്ദേഹത്തിന്നുണ്ടായ വിജയം അദ്ദേഹത്തിന്നു യൂറോപ്പിലെങ്ങും പ്രശസ്തിയുണ്ടാക്കിക്കൊടുക്കുകയും ചെയ്തു. പല തരക്കാരും

പലതരം ചീത്തത്തങ്ങൾക്കു അടിപ്പെട്ടവരുമായിരുന്ന 2,500 ഓളം എണ്ണമെത്തിയ ഒരു ജനസമൂഹത്തെ ക്രമേണ അദ്ദേഹം ഒരു മാതൃകാകോളനിയാക്കി മാററി മദ്യപാനം, പോലീസ്സ്, മജിസ്രേട്ടുമാർ, കോടതികേസ്സുകൾ, സാധുസംരക്ഷണനിയമങ്ങൾ, ധർമ്മംകൊടുക്കൽ ഇവയൊന്നുംതന്നെ ആ കോളനിയിൽ ഉണ്ടായിരുന്നില്ല. മനുഷ്യോചിതമായ ജീവിതപരിതഃസ്ഥിതികൾ ആളുകൾക്കുണ്ടാക്കിക്കൊടുത്തു—അത്രമാത്രം. വിശേഷിച്ചും പുതിയ തലമുറയെ സശ്രദ്ധം വളത്തിക്കൊണ്ടുവന്നു. അങ്ങിനെയാണ് അദ്ദേഹമിതൊക്കെ സാധിച്ചതു്. ശിശുക്കൾക്കുള്ള സ്കൂളുകളുടെ ഒന്നാമത്തെ സ്ഥാപകൻ ഇദ്ദേഹമായിരുന്നു; ആദ്യമായി ന്യൂലാനാക്കിൽ അദ്ദേഹം അതു നടപ്പിൽ വരുത്തുകയും ചെയ്തു. രണ്ടു വയസ്സു പ്രായമാകുമ്പോൾ കുട്ടികളെ സ്കൂളുകളിലേയ്ക്കയയ്ക്കും; വീട്ടിലേയ്ക്കു തിരിച്ചുപോകുവാൻ തോന്നാതിരിക്കത്തക്കവണ്ണം സുഖസൌകര്യങ്ങൾ കുട്ടികൾക്കു ഈ സ്കൂളുകളിൽത്തന്നെ കിട്ടും. അദ്ദേഹത്തോടു മത്സരിച്ചിരുന്ന മററു മുതലാളികൾ വേലക്കാരെക്കൊണ്ടു ദിവസത്തിൽ പതിമ്മൂന്നും പതിന്നാലും മണിക്കൂറുകൾ പ്രവൃത്തിയെടുപ്പിച്ചു; എന്നാൽ, ന്യൂലാനാക്കിൽ പ്രവൃത്തിസമയം പത്തരമണിക്കൂർ മാത്രമായിരുന്നു. പരുത്തിവ്യവസായത്തിൽ ഒരിക്കൽ വിലയിടിവു സംഭവിച്ചപ്പോൾ തൊഴിലാളികൾക്കു നാലു മാസം പ്രവൃത്തിയില്ലാതായി; എന്നാൽ ഓവൻെറ പ്രവൃത്തിക്കാക്കു അക്കാലത്തും മുഴവൻ കൂലിയും കിട്ടി. ഇങ്ങിനെയെല്ലാമായിരുന്നിട്ടും അദ്ദേഹത്തിൻെറ വ്യാപാരം ഇരട്ടിക്കുകയും അവസാനംവരെ അതിൻെറ ഉടമസ്ഥന്മാക്കു വമ്പിച്ച ആദായമുണ്ടാക്കിക്കൊടുക്കുകയും ചെയ്തു.

എന്നിട്ടും ഓവനു തൃപ്തിയായില്ല. സ്വന്തം പ്രവത്തിക്കാക്കു അദ്ദേഹം സമ്പാദിച്ചുകൊടുത്ത ജീവിതസൌകര്യങ്ങൾ ഇനിയും മനുഷ്യോചിതമായിട്ടില്ലെന്നാണു് ഓവനു തോന്നിയതു്, മററു വേലക്കാരെ അപേക്ഷിച്ചു് ഓവൻ സ്വന്തം തൊഴിലാളി

കൾക്കു് അനുവദിച്ചിരുന്ന കൂടുതൽ അനുകൂലമാ ജീവിതസ്ഥിതികൾ അവരുടെ ബുദ്ധിയുടേയും സ്വഭാവത്തിന്റേയും സാർവ്വത്രികവും യുക്തിയുക്തവുമായ വളർച്ചയ്ക്കു തീരെ മതിയാകാത്തതാണെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിപ്രായം. പിന്നെ, അവരുടെ എല്ലാ കഴിവുകളുടേയും സ്വൈരമായ പ്രവർത്തനത്തിന്നു ഇതു മതിയാകുമോ എന്നു ചോദിക്കേണ്ടതില്ലല്ലോ. "എന്നിട്ടും, അരനൂററാണ്ടിന്നു മുമ്പ്, 600,000 ജനങ്ങൾ ചേർന്നു പ്രവർത്തിച്ചാൽ മാത്രം ഉല്പാദിക്കാവുന്നത്ര സമ്പത്തു് സമുദായത്തിന്നു വേണ്ടി നിത്യേന ഈ വെറും 2,500 പേർക്കു് നിർമ്മിക്കാൻ കഴിഞ്ഞു". "മുമ്പു് 600,000 ആളുകളെ തീററിപ്പോററാൻ വേണ്ടിവന്നിരുന്ന സമ്പത്തും ഇപ്പോഴത്തെ ഈ 2,500 ആളുകളെ തീററിപ്പോററാൻ വേണ്ട സമ്പത്തും തമ്മിലുള്ള വ്യത്യാസം എവിടെപ്പോകുന്നുവെന്നു് ഞാൻ എന്നോടുതന്നെ ചോദി” .*

ഇതിന്നുള്ള ഉത്തരം വ്യക്തമായിരുന്നു. 300,000 പവന്നോളം വരുന്ന തിട്ടമായ ആദായത്തിന്നു പുറമേ, സ്ഥാപനത്തിൽ ഉടമകളിറക്കിയ മൂലധനത്തിന്മേൽ 5% പലിശ കൊടുക്കാനാണിതുപയോഗിക്കപ്പെട്ടിട്ടുള്ളതു്. ന്യൂലാനാർക്കിനെസ്സംബന്ധിച്ചേടത്തോളം വാസ്തവമായിരുന്ന ഈ സംഗതി ഇംഗ്ലണ്ടിലെ മററു ഫാക്ടറികളെ അപേക്ഷിച്ചു കൂടുതൽ വാസ്തവമായിരുന്നു. "യന്ത്രോപയോഗം ഇപ്പോഴും പൂർണ്ണമായി വളർന്നിട്ടില്ലെങ്കിലും, യന്ത്രങ്ങൾ ഈ പുതിയ സമ്പത്തുണ്ടാക്കിയിരുന്നില്ലെങ്കിൽ, യൂറോപ്പിൽ പ്രഭുക്കന്മാരുടെ

---

* ഓവൻ, "മനസ്സിലും പ്രവൃത്തിയിലും വിപ്ലവം" എന്ന മെമ്മോറിയലിൽ നിന്നു്. യൂറോപ്പിലെ എല്ലാ ചുകപ്പുറിപ്പബ്ലിക്കൻകാരേയും കമ്മ്യൂണിസ്റ്റുകാരേയും സോഷ്യലിസ്റ്റുകാരേയും അഭിസംബോധനം ചെയ്തുകൊണ്ടു് പ്രസിദ്ധീകരിച്ചതും 1848-ലെ ഫ്രാൻസിലെ താല്ക്കാലിക ഗവർമ്മേണ്ടിന്നും അതിന്നു പുറമേ ഇംഗ്ലണ്ടിലെ വിക്ടോറിയാരാജ്ഞിക്കും അവരുടെ ഉത്തരവാദപ്പെട്ട ഉപദേശകന്മാർക്കും അയച്ചുകൊടുത്തിരുന്നതുമായ ഒരു മെമ്മോറിയലാണിതു്.

സാമൂഹ്യതത്വങ്ങളെ നിലനിൎത്തുവാൻ വേണ്ടി നെപ്പോളിയന്നെതിരായി നടത്തിയ യുദ്ധങ്ങൾ തുടൎന്നുപോകാൻ സാധിക്കുമായിരുന്നില്ല''* എന്നാൽ ഈ പുതിയ ശക്തിയെ നിൎമ്മിച്ചിട്ടുള്ളതു് തൊഴിലാളികളാണുതാനും. അതുകൊണ്ടു ഈ പുതിയ ശക്തിയുടെ ഫലങ്ങൾ അവൎക്കനുഭവപ്പെട്ടതാണു്. ഇതുവരെയ്ക്കും ചില വ്യക്തികളെ സമ്പന്നരാക്കിത്തീൎക്കുവാനും സാധാരണജനങ്ങളെ അടിമത്തത്തിലാഴ്ത്തുവാനും മാത്രം ഉപയോഗപ്പെട്ടിരുന്ന ഈ ഭീമങ്ങളായ പുതിയ ഉല്പാദനശക്തികൾ ഓവന്റെ കണ്ണിൽ സമുദായത്തിന്റെ പുനസ്സംഘടനയ്ക്കുള്ള അടിസ്ഥാനമായിത്തീൎന്നു; എല്ലാവരുടേയും പൊതുസ്വത്തെന്നനിലയ്ക്കു പൊതുനന്മയ്ക്കു വിനിയോഗിക്കപ്പെടുകയാണു് അവയുടെ ധൎമ്മമെന്നു് അദ്ദേഹം കണ്ടു.

വെറും കച്ചവടസംബന്ധിയായ കണക്കുകൂട്ടലുകളെമാത്രം അടിസ്ഥാനപ്പെടുത്തിയ ഒന്നായിരുന്നു ഓവന്റെ കമ്മ്യൂണിസമെന്നു വേണമെങ്കിൽ പറയാം. ആദ്യംമുതൽ അവസാനംവരെ അതു തികച്ചും പ്രായോഗികമായിരുന്നു.

അങ്ങിനെ 1823-ൽ ഓവൻ കമ്മ്യൂണിസ്റ്റ്കോളനികൾ മുഖേന അയർലണ്ടിലെ അന്നത്തെ ദുരിതത്തിനു പരിഹാരം കാണാവുന്നതാണെന്നഭിപ്രായപ്പെട്ടു. ആ കോളനികൾ സ്ഥാപിക്കാനുള്ള ചിലവും കൊല്ലംതോറും അവ നടത്താൻ വേണ്ട ചിലവും അവയിൽനിന്നു കിട്ടാവുന്ന നികുതിയുമെല്ലാം അദ്ദേഹം കണക്കാക്കിക്കാണിച്ചിരുന്നു.

ഭാവിസമുദായത്തിന്നുവേണ്ടി അദ്ദേഹം തയ്യാറാക്കിയ വ്യക്തമായ പരിപാടിയിൽ, ഏററവും പരിപൂൎണ്ണമായ പ്രായോഗികജ്ഞാനത്തോടുകൂടി, എല്ലാ വശങ്ങളേയും സ്പൎശിക്കുന്നതരത്തിൽ, അടിത്തറയുടെ പ്ലാൻ മുതലായ നാനാമുഖമായ എല്ലാവശങ്ങളേയും സവിസ്തരമാംവണ്ണം വിവരിച്ചിരിക്കുന്നു. അതിനാൽ,

* ഓവൻ, "മനസ്സിലും പ്രവൃത്തിയിലും വിപ്ലവം" എന്ന മെമ്മോറിയലിൽ നിന്നു്.

പ്രായോഗികവീക്ഷണകോണത്തിൽനിന്ന നോക്കുമ്പോഴം, സാമൂഹ്യപരിഷ്ക്കാരത്തിനുള്ള ഓവന്റെ പദ്ധതിക്കു യാതൊരു കുററവും കുറവും കണ്ടുപിടിക്കാനാവില്ല.

കമ്യൂണിസത്തിലേക്കുള്ള ഓവന്റെ പരിവത്തനം അദ്ദേഹത്തിന്റെ ജീവിതത്തിലെ വഴിതിരിയുന്ന ഒരു ഘട്ടമായിരുന്നു. വെറും ഒരു ജീവകാരുണ്യവാദിയായിരുന്ന കാലത്തോളം അദ്ദേഹത്തിന്ന സമ്പത്തും പ്രോത്സാഹനവും ബഹുമതിയും കീത്തിയുമെല്ലാംതന്നെ ലഭിച്ചു. യൂറോപ്പിൽ ഏററവും പ്രശസ്തൻ അദ്ദേഹമായിത്തീന്നു. അദ്ദേഹത്തിന്റെ വർഗ്ഗത്തിൽപ്പെട്ട ആളുകൾ മാത്രമല്ല, രാജ്യതന്ത്രജ്ഞരും രാജാക്കന്മാർകൂടിയും അദ്ദേഹത്തിന്റെ അഭിപ്രായപ്രകടനങ്ങളെ ആനുകൂല്യത്തോടെ ചെവിക്കൊണ്ടു. എന്നാൽ തന്റെ കമ്യൂണിസ്ററ്തത്വത്തെ അദ്ദേഹം മുന്നോട്ടു കൊണ്ടുവന്നപ്പോൾ മട്ടെല്ലാം മാറി. സമുദായത്തിന്റെ പരിഷ്കരണത്തിന്ന മൂന്നു വമ്പിച്ച തടസ്ഥങ്ങളാണദ്ദേഹം കണ്ടെത്തിയതു്: സ്വകാര്യസ്വത്തു, മതം, വിവാഹത്തിന്റെ ഇന്നത്തെ രൂപം. ഇവയെ എതിക്കുകയാണെങ്കിൽ തന്നെ നേരിടാൻ പോകുന്നതെന്തെന്ന അദ്ദേഹത്തിന്നറിയാം. നാട്ടിൽനിന്നുള്ള ബഹിഷ്കരണം, ഔദ്യോഗികസമുദായം കല്പിക്കുന്ന ഭ്രഷ്ട്, സ്വമുദായത്തിൽ തനിക്കുള്ള മാന്യസ്ഥാനത്തിന്റെയാകെനാശം. എങ്കിലും, അനന്തരഫലത്തെയോത്ത് പിൻവാങ്ങാതെ, ആ തടസ്ഥങ്ങളെ അദ്ദേഹം നിർഭയം ചെറുത്തുനിന്നു: അതുകൊണ്ടു താൻ പ്രതീക്ഷിച്ചതെന്തോ അതു സംഭവിക്കുകയും ചെയ്തു. അദ്ദേഹം ഔദ്യോഗികസമുദായത്തിൽനിന്ന ഭ്രഷ്ടനായി. തനിക്കെതിരായി പത്രങ്ങൾ കൈക്കൊണ്ട നിശ്ശബ്ദതയാകുന്ന ഗൂഢാലോചനയെ അദ്ദേഹം കൂസിയില്ല. പരാജയത്തിൽ കലാശിച്ച തന്റെ അമേരിക്കൻ കമ്മ്യൂണിസ്ററു് പരീക്ഷണങ്ങളിൽ അദ്ദേഹത്തിന്റെ മുഴുവൻ സമ്പാദ്യവും നശിച്ചു. അദ്ദേഹം ഒടുക്കം നേരിട്ടു തൊഴിലാളിവർഗ്ഗത്തിന്റെ അരികിലേയ്ക്കു വന്നു. എന്നിട്ടു പിന്നെ

 No: 4728

മുപ്പതുകൊല്ലത്തോളം അവരുടെ ഇടയിൽ പ്രവത്തിച്ചു. ഇംഗ്ലണ്ടിലെ സാമൂഹ്യമായ എല്ലാ പ്രശ്നങ്ങൾക്കും, തൊഴിലാളികൾക്കനുകൂലമായ എല്ലാ മാററങ്ങൾക്കും റോബർട്ട് ഓവൻെറ പേരുമായി ബന്ധമുണ്ടായിരുന്നു. തൊഴിൽശാലയിൽ സ്ത്രീകളുടെയും കുട്ടികളുടെയും പ്രവൃത്തിസമയം ചുരുക്കി ക്ലിപ്തപ്പെടുത്തിക്കൊണ്ടുള്ള ഒരു നിയമം 1819=ൽ അഞ്ചുകൊല്ലത്തെ പരിശ്രമങ്ങൾക്കുശേഷം—നടപ്പിൽവരുത്തിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. ഇംഗ്ലണ്ടിലെ എല്ലാ ട്രേഡ് യൂനിയനുകളും ഒത്തൊരുമിച്ചു വമ്പിച്ച ഒരു ട്രേഡ്അസോസിയേഷനിൽ യോജിച്ചുകൊണ്ടുള്ള ആദ്യത്തെ കോൺഫറൻസിൻെറ പ്രസിഡണ്ടു അദ്ദേഹമായിരുന്നു. സമുദായത്തെ തികച്ചും കമ്മ്യൂണിസ്ററു് തത്വത്തിന്മേൽ പുനസ്സംഘടിപ്പിക്കുന്നതിനുള്ള ഒരു പടിയായി, ചില്ലറക്കച്ചവടങ്ങൾക്കും ഉല്പാദനങ്ങൾക്കുംവേണ്ടി പരസ്പരസഹായസംഘങ്ങൾ അദ്ദേഹം സ്ഥാപിച്ചു. കച്ചവടക്കാരനെക്കൊണ്ടും കൈത്തൊഴിലുടമയെക്കൊണ്ടും സമുദായത്തിൽ യാതൊരാവശ്യവുമില്ലെന്നു് ഓവൻെറ ഈ ഏർപ്പാടുകൾ കാലക്രമേണ തെളിയിച്ചിട്ടുണ്ടു്. കൂടാതെ ലേബർനോട്ടുകൾവഴിയായി സാധനങ്ങളെ വിനിമയം ചെയ്യുവാൻ അദ്ദേഹം ലേബർബസാറുകൾ ആരംഭിച്ചു. ഈ ലേബർനോട്ടുകളിൽ ഓരോ യൂനിററിൻെറയും അടിസ്ഥാനം ഒരു മണിക്കൂർനേരത്തെ പ്രവൃത്തിയായിരുന്നു. ഈ സ്ഥാപനങ്ങളെല്ലാം പരാജയത്തിൽ കലാശിക്കാനെ വഴിയുണ്ടായിരുന്നുള്ളു. എങ്കിലും പിൽക്കാലത്തു് പ്രൌഢ്ഹോൺ നിർദ്ദേശിച്ച വിനിമയബാങ്കിൻെറ ചരിത്രപരമായ ആദ്യരൂപം ഇതായിരുന്നു. മാത്രമല്ല, സാമൂഹ്യമായ എല്ലാ രോഗങ്ങൾക്കുമുള്ള ഒരൊററമൂലികയാണിതെന്നു് ഓവൻെറ പദ്ധതി അവകാശപ്പെട്ടിട്ടില്ല; സമുദായത്തിൻെറ കൂടുതൽ മൌലികമായ പരിവത്തനത്തിലേക്കുള്ള ആദ്യത്തെ പടിയെന്ന നിലക്കു മാത്രമേ ഓവൻ അതിനെ കണക്കാക്കിയിരുന്നുള്ളു.

സാങ്കല്പികവാദികളുടെ ഈ ചിന്താരീതി പത്തൊമ്പതാം നൂററാണ്ടിലെ സോഷ്യലിസ്ററുകാരുടെ അഭിപ്രായങ്ങളെ വളരെക്കാലത്തേക്കു നിയന്ത്രിച്ചുപോന്നിട്ടുണ്ടു്; അവരിൽ ചിലരെ ഇപ്പോഴും നിയന്ത്രിച്ചുപോരുന്നുമുണ്ടു്. അടുത്തകാലം വരെ ഫ്രാൻസിലേയും ഇംഗ്ലണ്ടിലേയും എല്ലാ സോഷ്യലിസ്ററുകാരും അതിനെ ആരാധിച്ചുപോന്നിരുന്നു. വിററ്ലിങ്ങിൻെറ സിദ്ധാന്തമുൾപ്പെടെയുള്ള ആദ്യകാലത്തെ ജർമ്മൻ കമ്മ്യൂണിസവും അതിൻെറ ഇനത്തിൽപ്പെട്ടതായിരുന്നു. അവരെയെല്ലാം സംബന്ധിച്ചേടത്തോളം സോഷ്യലിസമെന്നാൽ നിത്യമായ സത്യത്തിൻെറയും യുക്തിയുടേയും ന്യായത്തിൻെറയും പ്രകടനമാണു്. അതിനെ 'കണ്ടുപിടിക്കുക' മാത്രമേ വേണ്ടു; സ്വന്തം ശക്തികൊണ്ടു അതു ലോകത്തെ കീഴടക്കിക്കൊള്ളും. മാത്രമല്ല, കേവലസത്യം കാലത്തിന്നും ദേശത്തിന്നും മനുഷ്യൻെറ ചരിത്രപരമായ വളർച്ചക്കും അതീതമായിരിക്കുന്നതുകൊണ്ടു അതു എപ്പോൾ എവിടെവെച്ചു കണ്ടുപിടിക്കപ്പെടുന്നു എന്നുള്ളതു കേവലം യാദൃച്ഛികം മാത്രമാണു്. ഇങ്ങനെയൊക്കെയാണെങ്കിലും, ഈ ഓരോ അഭിപ്രായഗതിയുടേയും സ്ഥാപകൻെറ നോട്ടത്തിൽ ഈ കേവലസത്യവും യുക്തിയും ന്യായവുമെല്ലാം ഓരോതരം സാധനങ്ങളായിരുന്നുതാനും. എന്നല്ല, ഇവരിലോരോരുത്തരുടേയും വ്യക്തിപരമായ അനുഭവത്തിൽനിന്നുണ്ടാവുന്ന ബോധവും ജീവിതസാഹചര്യങ്ങളും അറിവും ബുദ്ധിപരമായ വളർച്ചയുമെല്ലാം അനുസരിച്ചാണു് ഓരോരുത്തൎക്കും കേവലസത്യമെന്നും യുക്തിയെന്നും നീതിയെന്നും ഓരോന്നു തോന്നുന്നതു്. അതുകൊണ്ടു ഈ കേവലസത്യങ്ങളുടേയും യുക്തികളുടേയും നീതികളുടേയും അന്യോന്യസംഘട്ടനത്തിൽനിന്നു ഇവയ്ക്കു സാമാന്യമായി യാതൊന്നും ഉണ്ടാകാൻ തരമില്ല. അതുകൊണ്ടു എല്ലാം കുറേശ്ശെയടങ്ങുന്ന ഒരുതരത്തിലുള്ള ശരാശരിയായ സോഷ്യലിസം മാത്രമേ ഇതിൽനിന്നുത്ഭവിക്കുകയുള്ളൂ. വാസ്തവം പറ

ഞാൽ ഇത്തരമൊരു സോഷ്യലിസമാണു് ഇന്നേവരെയ്ക്കും ഫ്രാൻസിലേയും ഇംഗ്ലണ്ടിലേയും ചിന്താഗതിയെ നിയന്ത്രിച്ചിട്ടുള്ളതു്. അതുകൊണ്ടേററവും വിവിധങ്ങളായ അഭിപ്രായഗതികൾക്കിടം നൽകുന്ന ഒരു സങ്കലനം; ഏററവും കുറച്ചുമാത്രം എതിൎപ്പിന്നു വഴിവെക്കുന്ന തരത്തിൽ വ്യത്യസ്ത ചിന്താഗതികളുടെ സ്ഥാപകന്മാർ സൃഷ്ടിച്ചിട്ടുള്ള വിമൎശനപരമായ പ്രസ്താവനകളുടേയും സാമ്പത്തികസിദ്ധാന്തങ്ങളുടേയും ഭാവിസമുദായചിത്രങ്ങളുടേയും ഒരു സങ്കലനം; നീർച്ചാലിൽപ്പെട്ട പാറക്കഷണം പോലെ അതിലെ ഓരോ ഘടകത്തിന്റെയും കൂൎത്ത മുനകൾ എത്ര കണ്ടു് വാദപ്രതിവാദപ്രവാഹത്തിലിട്ടു ഉരച്ചു മയപ്പെടുത്തുന്നുവോ അത്രകണ്ടു് എളുപ്പത്തിൽ കുറുകിക്കട്ടിയാവുന്ന ഒരു സങ്കലനം—ഇതായിരുന്നു അന്നത്തെ സോഷ്യലിസം.

സോഷ്യലിസത്തെ ഒരു ശാസ്ത്രമാക്കിത്തീൎക്കണമെങ്കിൽ, ഒന്നാമതു് അതിനെ യാഥാൎത്ഥ്യത്തിന്റെ ഒരടിസ്ഥാനത്തിൽ ഉറപ്പിക്കേണ്ടതുണ്ടായിരുന്നു.

# അദ്ധ്യായം 2

ഇതിനിടയിൽ പതിനെട്ടാം നൂററാണ്ടിലെ ഫ്രഞ്ചുതത്വ ചിന്താഗതിയോടൊരുമിച്ചും അതിൽപിന്നീട്ടും ഹെഗലിൽചെന്ന വസാനിച്ച ഒരു പുതിയ ജർമ്മൻതത്വചിന്താഗതി ആവിർഭവിച്ചിരുന്നു. യുക്തിവാദത്തിൻെറ ഏററവും ഉന്നതരൂപമായ വൈരുദ്ധ്യാധിഷ്ഠിതമായ ചിന്താരീതിയെ അതു വീണ്ടും സ്വീകരിച്ചു എന്നതാണു് അതിൻെറ വലിയ മേന്മ. പഴയ ഗ്രീക്കതത്വശാസ്ത്രജ്ഞന്മാരെല്ലാംതന്നെ പ്രകൃത്യാ വൈരുദ്ധ്യവാദികളായിരുന്നു. അവരിൽവെച്ചു് ഏററവുമധികം എല്ലാററിനെപ്പററിയും അറിവുണ്ടായിരുന്ന അരിസ്റ്റോട്ടിൽ എന്ന ബുദ്ധിമാൻ വൈരുദ്ധ്യാധിഷ്ഠിതമായ ചിന്താരീതിയുടെ എല്ലാ പ്രധാന രൂപങ്ങളേയും വിശകലനം ചെയ്തു കഴിഞ്ഞിരുന്നു.

എന്നാൽ, പിന്നീടാവിർഭവിച്ച പുതിയ തത്വശാസ്ത്രം—അതിലും വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗം സ്വീകരിച്ച ഉജ്ജ്വലചിന്തകന്മാർ (ഡെസ്കാർട്ടിസ്സ്, സ്പിനോസ തുടങ്ങിയവർ) ഉണ്ടായിരുന്നുവെങ്കിലും—ഇംഗ്ലീഷു് തത്വചിന്തയുടെ സ്വാധീനത്തിൽപ്പെട്ടതുകൊണ്ടു വിശേഷിച്ചും യാന്ത്രികചിന്താരീതിയെന്നപേരിലറിയപ്പെടുന്ന യുക്തിവാദത്തിൻെറ ചട്ടക്കൂട്ടിന്നകത്തുപെട്ടു് സ്തംഭിച്ചുപോകയാണു് ചെയ്തതു്.

പതിനെട്ടാം നൂററാണ്ടിലെ ഫ്രഞ്ചുചിന്തകന്മാരും അവരുടെ തത്വചിന്താപരമായ പ്രവൃത്തികളിൽ ഈ ചിന്താഗതിക്കു ഒട്ടുമുക്കാലും കിഴ്പ്പെട്ടു. എന്നാൽ തത്വശാസ്ത്രമെന്ന പ്രത്യേക വിഷയത്തിലൊഴികെ മററെല്ലാ ഇനങ്ങളിലും ഫ്രഞ്ചുചിന്തകന്മാർ വൈരുദ്ധ്യവാദത്തിൻെറ അനുപമങ്ങളായ ഉത്തമമാതൃകകളെ ഉല്പാദിപ്പിച്ചിട്ടുണ്ടു്. ദിദറോവിൻെറയും റൂസ്സോവി

ൻെറയും പ്രധാനപുസ്തകങ്ങൾതന്നെ ഇതിന്നു പ്രത്യക്ഷലക്ഷ്യങ്ങളാണ്. ഈ രണ്ടു ചിന്താഗതികളുടേയും പ്രധാനസ്വഭാവങ്ങളെ ചുരുക്കത്തിൽ ഇവിടെ കൊടുക്കുന്നു.

പ്രകൃതിയെക്കുറിച്ചു പൊതുവിലോ, മനുഷ്യസമുദായത്തിൻെറ ചരിത്രത്തെക്കുറിച്ചോ, നമ്മുടെതന്നെ ബുദ്ധിയുടെ പ്രവൎത്തനങ്ങളെക്കുറിച്ചോ നാം പരിശോധിക്കുകയും പൎയ്യാലോചിക്കുകയും ചെയ്യുമ്പോൾ, നാം ആദ്യമായിക്കാണുന്നതു്, അനേകം ഇനങ്ങളുടെ അന്യോന്യബന്ധങ്ങളും ആഘാതപ്രത്യാഘാതങ്ങളും ഒന്നിച്ചുചേരലുകളും മാറിമറിയലുകളും അററമില്ലാതെ കെട്ടിക്കുഴയുന്ന ഒരു ചിത്രത്തെയാണ്. ഇതിൽ ഒന്നും തന്നെ ഒരേതരത്തിലും ഒരേ സ്ഥലത്തും ഒന്നുതന്നെയായിട്ടും നിലനിൽക്കുന്നില്ല; നേരെമറിച്ച് സകലവും തന്നെ ചലിക്കുകയും, മാറുകയും, ഉണ്ടാവുകയും നശിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

അതുകൊണ്ടു് ഒന്നാമതായി നാം കാണുന്നതു് ചിത്രത്തെയാകെയാണ്. അതിലെ പ്രത്യേക ഘടകങ്ങൾ ഏറെക്കുറെ പിന്നാംപുറത്തേയ്ക്കു നീങ്ങുന്നു. അതായതു് ചലിക്കുകയും കൂടിച്ചേരുകയും ബന്ധപ്പെടുകയും ചെയ്യുന്ന സാധനങ്ങളേക്കാളധികം ആ ചലനങ്ങളേയും മാററങ്ങളേയും ബന്ധങ്ങളേയുമാണ് നാം ദർശിക്കുന്നതു്. പ്രാകൃതവും അവ്യക്തവും എന്നാൽ ആന്തരമായി നോക്കിയാൽ തികച്ചും ശരിയായിട്ടുള്ളതുമായ ഈ പ്രപഞ്ചചിത്രം പഴയ ഗ്രീക്കുതത്വചിന്തയുടേതാണ്. ഇതാദ്യം വ്യക്തമായി പ്രതിപാദിച്ചതു് ഹെറാക്ലിററസ്സ് ആകുന്നു. ഒരേസമയത്തുതന്നെ സകലവും ഉണ്ടുതാനും, ഇല്ലതാനും; എന്തുകൊണ്ടെന്നാൽ, സകലവും ചഞ്ചലാവസ്ഥയിലാണ്, എല്ലായ്പോഴും മാറിമാറിക്കൊണ്ടിരിക്കുന്നു, എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുകയും ഇല്ലാതായിത്തീരുകയും ചെയ്യുന്നു.

എന്നാൽ, വെറും കാഴ്ചയിലുള്ള പ്രപഞ്ചചിത്രത്തിൻെറ ഒട്ടാകെയുള്ള പൊതുസ്വരൂപത്തെ മേൽക്കൊടുത്ത ആശയം ശരി

യായി ചിത്രണം ചെയ്യുന്നുണ്ടെങ്കിലും, ആ ചിത്രത്തിന്റെ വിവിധങ്ങളായ ഘടകങ്ങളുടെ സവിശേഷ സ്വഭാവങ്ങളെ സവിസ്തരമായി വിവരിക്കാൻ അതു പോരാ. ആ ഘടകങ്ങളെ നാം മനസ്സിലാക്കാതിരിക്കുന്നേടത്തോളംകാലം ചിത്രത്തിന്റെയാകെ വ്യക്തമായ ഒരു ബോധം നമുക്കുണ്ടാകുന്നതല്ല. ഈ പ്രത്യേക ഘടകങ്ങളെ വ്യക്തമായി മനസ്സിലാക്കുവാൻ, നാം അവയെ അവയുടെ പ്രകൃതിപരവും ചരിത്രപരവുമായ ബന്ധങ്ങളിൽനിന്നു വേർപെടുത്തി, അവയെ ഓരോന്നിനേയും അവയുടെ സ്വഭാവം, അവയുടെ പ്രത്യേക കാരണങ്ങൾ, അവയിൽനിന്നുണ്ടാവുന്ന ഫലങ്ങൾ മുതലായ സംഗതികളെ മുൻനിർത്തി പരിശോധിക്കേണ്ടതാണ്. ഇതു പ്രാഥമികമായി പ്രകൃതിശാസ്ത്രത്തിന്റെയും ചരിത്രപരമായ ഗവേഷണങ്ങളുടേയും കടമയാണ്. പൌരാണിക കാലത്തു ഗ്രീക്കുകാർ ഒന്നാംതരം ന്യായങ്ങളിന്മേൽ ഈ ശാസ്ത്രശാഖകളെ അപ്രധാനമായ ഒരു സ്ഥാനത്തേയ്ക്കു നീക്കിനിർത്തി; കാരണം, ഈ ശാസ്ത്രങ്ങളിൽ പരീക്ഷണങ്ങൾ നടത്തുവാൻ കരുക്കൾ ശേഖരിക്കേണ്ടതുണ്ടായിരുന്നു. വിമർശനപരമായ വിശകലനമോ, താരതമ്യവിവേചനമോ, തരംതിരിക്കലോ, ജാതിവിഭാഗവും സ്ഥാനക്രമവും നിർണ്ണയിക്കലോ ചെയ്യണമെങ്കിൽ പ്രകൃതിപരവും ചരിത്രപരവുമായ കുറെ അറിവുകളെങ്കിലും സംഭരിക്കേണ്ടതായിട്ടുണ്ട്. ഇതിനെത്തുടർന്നു പ്രകൃതിശാസ്ത്രങ്ങളുടെ ശരിയായ അടിസ്ഥാനമിട്ടതു ആദ്യം അലക്സാണ്ടറിന്റെ കാലത്തെ ഗ്രീക്കുകാരും, പിന്നീടു മദ്ധ്യകാലങ്ങളിൽ അറബികളുമായിരുന്നു. ശരിക്കുള്ള പ്രകൃതിശാസ്ത്രത്തിന്റെ ആരംഭം പതിനഞ്ചാം നൂററാണ്ടിന്റെ രണ്ടാം പകുതിയിലാണ്. അതിനുശേഷം അധികമധികം വേഗത്തിൽ അതു മുന്നോട്ടു പോകയും ചെയ്തിട്ടുണ്ട്. പ്രകൃതിയെ അതിന്റെ പ്രത്യേക ഘടകങ്ങളായി വേർതിരിച്ച് വിശകലനം ചെയ്യുക, പലേതരത്തിലുള്ള പ്രകൃതിപരിണാമങ്ങളേയും വസ്തുക്കളേയും ഖണ്ഡിതമായി തരംതിരിക്കുക, വിവിധരൂപങ്ങളിലുള്ള സജീവവസ്തുക്കളുടെ ആഭ്യന്തരഘടനയെ പഠി

ഇതെല്ലാമാണ് പ്രകൃതിയെപ്പററിയുള്ള ജ്ഞാനത്തിൻെറ കഴിഞ്ഞ 400 കൊല്ലത്തിനിടയ്ക്കുണ്ടായ പുരോഗമനത്തിൻെറ അടിസ്ഥാനമായി നിൽക്കുന്ന കാര്യങ്ങൾ. എന്നാൽ, ഇത്തരമൊരു രീതിയുടെ ഒസ്യത്തായിട്ട് നമുക്ക് ഒരു സ്വഭാവമുണ്ടായിത്തീർന്നിരിക്കുന്നു. പ്രകൃതിയിലെ വസ്തുക്കളുടെയും പരിണാമങ്ങളുടെയും അവയുടെ സമഷ്ടിയായ പരിസരവുമായി ബന്ധമില്ലാത്തമട്ടിൽ വീക്ഷിക്കുക; ചലിച്ചുകൊണ്ടിരിക്കുന്ന സാധനങ്ങളെന്ന നിലയ്ക്കല്ല, അചഞ്ചലവസ്തുക്കളെന്ന നിലയ്ക്ക് അവയെ കാണുക; മാറിമാറിക്കൊണ്ടിരിക്കുന്നവയായിട്ടല്ല, മാററമില്ലാത്തവയെന്ന നിലയ്ക്കു അവയെ നോക്കുക; അവയെഅവയുടെ സജീവരൂപത്തിൽ കാണുന്നതിനുപകരം നിർജ്ജീവരൂപത്തിൽ കാണുക—ഇതാണ് നമുക്കുണ്ടായിട്ടുള്ള ദുസ്സ്വഭാവം. ഇങ്ങനെ വസ്തുക്കളെ വീക്ഷിക്കുന്ന രീതിയെ ബേക്കണും ലോക്കും പ്രകൃതിശാസ്ത്രത്തിൽനിന്നു് തത്വശാസ്ത്രത്തിലേയ്ക്കു പകർത്തിയപ്പോൾ, കഴിഞ്ഞ നൂററാണ്ടിൻെറ പ്രത്യേകതയായ സങ്കുചിത യാന്ത്രിക ചിന്താരീതി തത്വശാസ്ത്രത്തിനുകൂടി കിട്ടി.

യാന്ത്രികചിന്തകൻെറ നോട്ടത്തിൽ വസ്തുക്കളും അവയുടെ മാനസിക പ്രതിച്ഛായകളായ ആശയങ്ങളും അന്യോന്യ ബന്ധമില്ലാത്തവയാണ്; അവയെ ഓരോന്നായി, ഒന്നിനെ മറെറാന്നിൽ നിന്നും വേർപെടുത്തി, പരിശോധിക്കേണ്ടതാണ്; സ്ഥിരമായി നിൽക്കുന്ന—ഇളക്കമില്ലാത്ത—എന്നന്നേയ്ക്കുമുള്ള പരീക്ഷണവസ്തുക്കളാണവ ഒരിക്കലും അന്യോന്യം കൂട്ടിയിണക്കാനാവാത്ത 'പ്രതിഭാവ'ങ്ങളുടെ ഭാഷയിലാണ് അയാൾ ചിന്തിക്കുന്നതു്. അയാൾക്കു് പറയാനുള്ളതു് "അതേ, അതേ" എന്നോ "അല്ല, അല്ല" എന്നോ മാത്രമാണ്. ഇവയിൽ കൂടുതലായുള്ള എല്ലാം തിന്മയുടെ സന്താനമാണ്. അയാളെ സംബന്ധിച്ചിടത്തോളം, ഒരു വസ്തു ഒന്നുകിൽ ഉണ്ടു്, അല്ലെങ്കിൽ ഇല്ല; ഒരേ അവസരത്തിൽതന്നെ ഒരു സാധനത്തിനു അതായും മറെറാന്നായും നിൽക്കുവാൻ സാദ്ധ്യമല്ല; ഉള്ളതും ഇല്ലാത്തതും രണ്ടും രണ്ടാണ്;

കാരണവും കാര്യ്യവും അന്യോന്യ വിരുദ്ധങ്ങളായ പ്രതിഭാവങ്ങളായിട്ടാണു് നിലകൊള്ളുന്നതു്.

ഒരൊററനോട്ടത്തിൽ ഇത്തരത്തിലുള്ള ചിന്താരീതി വളരെ വിജ്ഞാനപ്രദമായി തോന്നും. കാരണം, അതു തികച്ചും തന്റേറടമുള്ള ഒരാളുടെ ചിന്താരീതിയാണല്ലോ. ഒന്നുമാത്രം: സുപരിചിതമായ സ്വന്തം ലോകത്തിന്റെ നാലതിരുകൾക്കുള്ളിൽ ഈ 'തന്റേറടം' തികച്ചും മാന്യമായ ഒരേർപ്പാടുതന്നെയാണെങ്കിലും സൂക്ഷ്മഗവേഷണത്തിന്റെ വിസ്തൃതലോകത്തിലേയ്ക്കിറങ്ങുന്നതോടുകൂടി പലേ അത്ഭുതപരാക്രമങ്ങളും അതു കാണിക്കാൻ തുടങ്ങുമെന്നേയുള്ളു. ഗവേഷണത്തിനു വിധേയമാകുന്ന വസ്തുവിന്റെ സ്വഭാവമനുസരിച്ചു് ഏറെക്കുറെ പ്രധാനമോ അപ്രധാനമോ ആയ പ്രത്യേകം ചില പരിധികൾക്കുള്ളിൽ യാന്ത്രികപരിശോധനാമാർഗ്ഗം ആവശ്യവും സാധുവുമാണെങ്കിലും, കുറെകഴിഞ്ഞാൽ, ഒരുഘട്ടത്തിൽ, അതൊരതിർത്തിയിലെത്തുന്നു; അതിന്നപ്പുറത്തേയ്ക്കു കടന്നാൽ, അതു പക്ഷപാതമയവും സങ്കുചിതവും അയഥാർത്ഥവുമായിത്തീരുന്നു; നീക്കാനാവാത്ത വിരുദ്ധതകളിൽച്ചെന്നുപെട്ടു് നട്ടം തിരിയുന്നു. വസ്തുക്കളെ ഓരോന്നായി വെവ്വേറെ പരിശോധിക്കുന്നതിനിടയ്ക്കു അവ തമ്മിലുള്ള ബന്ധം അതു മറക്കുന്നു; അവയുടെ ജീവിതത്തെക്കുറിച്ചു് പരിഗണിക്കുന്നതിനിടയിൽ ആ ജീവിതത്തിന്നു ഒരാരംഭവും അറുതിയുമുണ്ടെന്നു അതു വിസ്മരിക്കുന്നു; അവയുടെ നിശ്ചലാവസ്ഥയെപ്പററിയുള്ള ആലോചനയിൽ അവ ചലിക്കുന്നുണ്ടെന്നു അതു് ഓർമ്മിക്കുന്നില്ല. മരങ്ങൾ നിറഞ്ഞതുകൊണ്ടു് വനത്തെക്കാണാൻ അതിന്നു കഴിയുന്നില്ല.

ദൈനന്ദിനാവശ്യത്തെസ്സംബന്ധിച്ചേടത്തോളം ഒരു ജീവി മരിച്ചിട്ടുണ്ടോ ഇല്ലയോ എന്നറിയുവാനും പറയുവാനും നമുക്കു സാധിക്കും. എന്നാൽ സൂക്ഷ്മമായിപരിശോധിച്ചാൽ, ഇതു മിക്കപ്പോഴും അത്യന്തം വിഷമമായ ഒരു പ്രശ്നമാണെന്നു തെളിയും. നി

യമപണ്ഡിതന്മാക്കു് ഇതനുഭവമാണു്. നിയമപ്രകാരം നിശ്ച യിക്കാവുന്ന ഏതു ഘട്ടംമുതൽക്കാണു് ഗർഭത്തിലിരിക്കുന്ന ശിശു വിനെ കൊല്ലുന്നതു കൊലക്കുററത്തിലുൾപ്പെട്ടതാറാവുക എന്നു കണ്ടുപിടിക്കാൻ എത്രതന്നെ തല പുണ്ണാക്കിയിട്ടും അവക്കു സാധി ച്ചിട്ടില്ല. അതുപോലെതന്നെ, ഏതു പ്രത്യേക നിമിഷത്തിലാണു് ഒരാൾ മരണമടയുന്നതെന്നു തീരുമാനിക്കാനും അത്രതന്നെ വിഷ മമാണു്. ശരീരശാസ്ത്രം തെളിയിക്കുന്നു, മരണം പെട്ടെന്നു നട ക്കുന്ന ഒരു നൈമിഷിക സംഭവമല്ല; നേരേമറിച്ചു് ക്രമേണ വള ൎന്നുവരുന്നതും സുദീഘ്ഘവുമായ ഒരു പരിണാമമാണതു്.

ഇതുപോലെതന്നെ ഓരോ സംഘടിതജീവിയും ഓരോ നിമി ഷത്തിലും അതുതന്നെയാണു്, അതല്ലതാനും. ഓരോ നിമിഷ ത്തിലും പുറമേനിന്നു പുതിയ പദാൎത്ഥങ്ങളെ അതുൾക്കൊള്ളുന്നു. മററു വസ്തുക്കളെ അതു പുറം തള്ളുകയും ചെയ്യുന്നു. ഓരോ നിമി ഷത്തിലും അതിൻെറ ശരീരത്തിൽ ജീവാണുക്കൾ മരിച്ചുകൊണ്ടി രിക്കുന്നു. മററു ജീവാണുക്കൾ സ്വയം ജനിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. അങ്ങിനെ കാലക്രമേണ അതിൻെറ ശരീരത്തിലെ ഉള്ളടക്കമായ പദാൎത്ഥമാസകലം മാറുകയും പുതിയ പദാൎത്ഥ ത്തിൻെറ അണുക്കൾ തൽസ്ഥാനത്തു കയറിക്കൂടുകയും ചെയ്യുന്നു. അങ്ങിനെ സംഘടിതമായ ഓരോ ജീവിയും എല്ലായ്പോഴും അതാണു്, അതല്ലാത്ത ചിലതുമാണു്.

കൂടാതെ ഒരു പ്രതിഭാവത്തിൻെറ രണ്ടററങ്ങൾ—ക്രിയാത്മ കവും നിഷേധപരവുമായ രണ്ടററങ്ങൾ—അന്യോന്യവിരുദ്ധങ്ങ ളാണെന്നതുപോലെ തന്നെ, അഭേദ്യമായി പരസ്പരം ബന്ധിക്ക പ്പെട്ടവയാണെന്നും, അവയ്ക്കു തമ്മിലുള്ള വൈരുദ്ധ്യമെല്ലാമുണ്ടാ യിട്ടും അന്യോന്യം ചേൎന്നുകൊണ്ടിരിക്കുന്നുണ്ടെന്നും സൂക്ഷിച്ചുനോ ക്കുമ്പോൾ നാം കാണുന്നു. അതുപോലെതന്നെ കാരണവും കാൎയ്യ വുമെന്ന ആശയങ്ങൾ പ്രത്യേകപരിധികളിൽ പ്രയോഗിക്കുമ്പോൾ മാത്രമേ സാധുവായിക്കാണുന്നുള്ളുവെന്നും നാം കാണുന്നു. എന്നാ ൽപ്രപഞ്ചവുമായുള്ള അവയുടെ സാമാന്യബന്ധത്തെ അടിസ്ഥാ

നപ്പെടുത്തി പ്രത്യേക സംഗതികളെ നോക്കാൻ തുടങ്ങുന്നതോടു കൂടി കാര്യവും കാരണവും അന്യോന്യം കുഴഞ്ഞുമറിയുന്നതു കാണാം. ഒന്നു മറെറാന്നായി മാറുന്നതു കാണാം, കാര്യം കാരണമായും കാരണം കാര്യമായും നിരന്തരം മാറിക്കൊണ്ടിരിക്കുന്ന പ്രപഞ്ചത്തിലെ പ്രവർത്തനപ്രതിപ്രവർത്തനങ്ങൾ സമഗ്രമായി നോക്കുമ്പോൾ കാര്യകാരണങ്ങളെ വേർതിരിച്ചറിയാൻ സാധിക്കാതാവുന്നു. ഒരിടത്തു് ഒരവസരത്തിൽ കാര്യമായിരുന്നതു് വേറൊരിടത്തു് മറെറാരവസരത്തിൽ കാരണമാണു്; നേരെമറിച്ചും സംഭവിക്കുന്നു.

ഇത്തരം ചിന്താഗതികൾക്കും ചിന്താരീതികൾക്കുമൊന്നും തന്നെ യാന്ത്രികചിന്താരീതിയുടെ ചട്ടക്കൂട്ടിനുള്ളിൽ പ്രവേശമില്ല. എന്നാൽ, നേരെമറിച്ചു്, വൈരുദ്ധ്യവാദമാകട്ടെ വസ്തുക്കളെയും അവരുടെ മാനസികപ്രതിബിംബങ്ങളായ ആശയങ്ങളെയും മനസ്സിലാക്കുന്നതു് അവയുടെ യഥാർത്ഥബന്ധങ്ങളും സങ്കലനവും ചലനവും ജനനവും മരണവും കണ്ടറിഞ്ഞുകൊണ്ടുതന്നെയാണു്. അതുകൊണ്ടു മേൽ വിവരിച്ച തരത്തിലുള്ള പ്രകൃതിപരിണാമങ്ങളിൽ ഓരോന്നും വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാർഗ്ഗത്തിന്റെ സാധുതയെയാണു് തെളിയിച്ചുകാട്ടുന്നതു്.

പ്രകൃതിയാണു് വൈരുദ്ധ്യവാദത്തിന്റെ ഉരകല്ലു്. മാത്രമല്ല, ആധുനികശാസ്ത്രങ്ങൾ കണ്ടുപിടിച്ചിട്ടുള്ളതും നിത്യേന വർദ്ധിച്ചുവരുന്നതുമായ വമ്പിച്ച പരമാർത്ഥങ്ങൾ വൈരുദ്ധ്യവാദത്തിന്റെ സാധുതയെ തെളിയിച്ചിരിക്കുന്നു. അങ്ങേയററംവരെ പരിശോധിച്ചുനോക്കിയിട്ടു് തെളിയുന്നതിതാണു്; പ്രകൃതി പ്രവർത്തിക്കുന്നതു് യാന്ത്രികമായിട്ടല്ല; വൈരുദ്ധ്യാധിഷ്ഠിതമായിട്ടാണു്. അതായതു് പ്രകൃതി ഒരേ തരത്തിൽ നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു വൃത്തത്തിൽ—ശാശ്വതമായ ഒരേകത്വത്തിന്റെ ചുഴിയിൽ—അടിക്കടി ചുററിക്കൊണ്ടിരിക്കുകയല്ല; നേരെമറിച്ചു് തികച്ചും വാസ്തവമായ ഒരു ചരിത്ര പരിണാമത്തിലൂടെ മുന്നോട്ടു

പോവുന്നുണ്ട്, ഇതെല്ലാം ശാസ്ത്രത്തിന്റെ കണ്ടുപിടിത്തങ്ങൾ തികച്ചും തെളിയിച്ചിരിക്കുന്നുവെന്നു സമ്മതിക്കാതെ തരമില്ല.

ഈ സന്ദർഭത്തിൽ മററെല്ലാവരെക്കാളും മുമ്പു പറയേണ്ടതു് ഡാർവിന്റെ പേരാണ്. എല്ലാ സജീവവസ്തുക്കളും ചെടികളും മൃഗങ്ങളും മനുഷ്യൻതന്നേയും കോടാനുകോടിവഷങ്ങളായിട്ടു തുടർച്ചയായി സംഭവിച്ചുകൊണ്ടിരിക്കുന്ന ഒരു പരിണാമ ഗതിയുടെസൃഷ്ടികളാണെന്നു തെളിയിച്ച ഡാർവിൻ പ്രകൃതിയെക്കുറിച്ചുള്ള യാന്ത്രികമായ ബോധത്തിന്മേൽ ഏററവുമധികം ഊക്കോടെ ഒരടിയടിച്ചു. എന്നാൽ, വൈരുദ്ധ്യാധിഷ്ഠിതമായ ന്യായമനുസരിച്ചു് ചിന്തിക്കാൻ പഠിച്ചിട്ടുള്ള പ്രകൃതിശാസ്ത്രജ്ഞന്മാർ ചുരുക്കമാണ്. അതുകൊണ്ടാണ് ശാസ്ത്രജ്ഞന്മാരുടെ കണ്ടുപിടുത്തങ്ങളും അവരുടെ മുൻകൂട്ടിയുറച്ച ചിന്താരീതിയും തമ്മിലുണ്ടാകുന്ന പൊരുത്തക്കേടു ഇന്നു പ്രകൃതിശാസ്ത്രത്തിന്റെതാത്വികലോകത്തിലാകെ വ്യാപിച്ചിട്ടുള്ളതു്. ഇതു പഠിപ്പിക്കുന്നവരേയും പഠിക്കുന്നവരേയും, ഗ്രന്ഥകാരന്മാരേയും, വായനക്കാരേയും, ഒരുപോലെ മനംമടിപ്പിക്കുന്ന ഒരവസ്ഥയായിത്തീന്നിരിക്കുന്നു. അന്തമില്ലാത്ത കുഴപ്പത്തിന്നു കാരണമായിത്തീന്നിരിക്കുന്നു.

അതുകൊണ്ടു്, ജീവിതം, മരണം, മുന്നോട്ടുള്ള മാററങ്ങൾ, പിന്നോക്കമുള്ള മാററങ്ങൾ എന്നിങ്ങനെയുള്ള ശക്തികളുടെ അസംഖ്യം പ്രവത്തനങ്ങളേയും പ്രതിപ്രവത്തനങ്ങളേയുംഎല്ലായ്പ്പോഴും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന വൈരുദ്ധ്യാധിഷ്ഠിതമായ പരിശോധനാമാഗ്ഗത്തിന്നുമാത്രമേ ഈ പ്രപഞ്ചത്തേയുംഅതിന്റെവികാസത്തേയും മനുഷ്യസമുദായത്തിന്റെ വളച്ചയേയും ആ വളർച്ച മനുഷ്യരുടെ മനസ്സിലുണ്ടാക്കുന്നപ്രതിഫലനങ്ങളേയും ശരിയായി ചിത്രീകരിക്കാൻ കഴിയുകയുള്ളു. ഈ ബോധത്തോടുകൂടിയാണ് പുതിയ ജമ്മൻ തത്വശാസ്ത്രം പ്രവത്തിച്ചതു്. പ്രാരംഭമായി ഒരു പ്രചോദനം കിട്ടിയതിന്റെ ഫലമായി ചലിക്കാൻ തുടങ്ങിയിട്ടുള്ളതാണ് നമ്മുടെ സൌരയൂഥമെന്നും, അതിന്റെ ചലനം ശാ

ശ്വതമായി തുടൎന്നുപോകുമെന്നുമാണു് ന്യൂട്ടൺപഠിപ്പിച്ചിരുന്നതു്. എന്നാൽ വാസ്തവത്തിൽ ഈ സൌരയൂഥം സുദീൎഘമായ ഒരു ച രിത്രവികാസത്തിന്റെ ഫലമാണെന്നു തെളിച്ചുകൊണ്ടാണു് കാൻറു് തന്റെ തത്വജ്ഞാനിയുടെ ജീവിതമാരംഭിച്ചതു്. സ്വയം ചുററിത്തിരിയുന്ന ഒരു ബാഷ്പപടലത്തിൽ നിന്നുണ്ടായ സൂൎയ്യന്റെയും ഗ്രഹങ്ങളുടെയുമെല്ലാം ആവിർഭാവമാണു് ഈ ചരിത്രപരമായ വികാസം. ഇതേകാരണത്താൽ തന്നെ ഈ സൌരയൂധം ഭാവിയിലൊരിക്കൽ അവശ്യം നശിക്കുമെന്നും കാൻറു് തെളിയിച്ചു.

അര നൂററാണ്ടിനുശേഷം കാൻറിന്റെ സിദ്ധാന്തത്തെ ഗണിതതത്വശാസ്ത്രങ്ങളെക്കൊണ്ടു് ലാപ്ലാസ് സ്ഥാപിച്ചു. പിന്നീടൊരരനൂററാണ്ടിനുശേഷം ആകാശവിസ്തൃതിയിൽ ഇത്തരം കത്തിജ്വലിക്കുന്ന ബാഷ്പമണ്ഡലങ്ങൾ ഉറച്ചു കട്ടിയാകുന്നുണ്ടെന്നും ഇതു പല പതനങ്ങളിലുമായി നിലനില്ക്കുന്നുണ്ടെന്നും സ്പെക്ടോസ്കോപ്പ് എന്ന (രശ്മിദർശക) യന്ത്രം തെളിയിക്കുകയും ചെയ്തു.

ഈ പുതിയ ജൎമ്മൻ തത്വശാസ്ത്രത്തിനു മകുടം വെച്ചതു് ഹെഗ ലിന്റെ തത്വശാസ്ത്ര സംഹിതയാണു്. ലോകത്തെയാകെ പ്രകൃതിപരവും ചരിത്രപരവും ബുദ്ധിപരവുമായ ലോകത്തെയാകെ ഒരു വികാസഗതിയെന്ന നിലയ്ക്കു്, അതായതു് നിരന്തരം ചലിക്കുകയും പരിവൎത്തനം ചെയ്യുകയും രൂപം മാറുകയും വളരുകയും ചെയ്തുകൊണ്ടിരിക്കുന്നതായിട്ടു്, ഒന്നാമതായി ചിത്രണം ചെയ്തിട്ടുള്ളതു് ഈ തത്വസംഹിതയിലാണു്. അതാണുതാനും ഇതിനുള്ള ഏററവും വലിയ മേന്മ. മാത്രമല്ല, അസംഖ്യങ്ങളായ ഈ ചലനങ്ങളേയും വളർച്ചയേയുമെല്ലാം അനുസ്യൂതമായ ഒരു സമഷ്ടിയാക്കിത്തീർക്കുന്ന ആ അന്തരബന്ധത്തെ കണ്ടുപിടിക്കുവാൻ അതു പരിശ്രമിക്കയുണ്ടായി. ഈ വീക്ഷണകോണത്തിൽ നിന്നു നോക്കുമ്പോൾ, തത്വശാസ്ത്രജ്ഞരുടെ പരിപക്വമായ യുക്തിചിന്തയുടെ ന്യായാസനത്തിനു മുമ്പിൽ അധിക്ഷേപാർഹ

മായിത്തീരുന്നതും കഴിയുന്ന വേഗം മറന്നുകളകയാണു് ഭേദമെന്നു തോന്നുന്നതുമായ കുറെ അർത്ഥമില്ലാത്ത അക്രമപ്രവൃത്തികളുടെ ആകത്തുകയായിട്ടല്ല ചരിത്രം പ്രത്യക്ഷപ്പെടുന്നതു; പിന്നെയോ? മനുഷ്യന്റെ വികാസപദ്ധതിതന്നെയായിട്ടാണു് ലോകചരിത്രം പ്രത്യക്ഷപ്പെടുന്നതു്. ഈ വികാസപദ്ധതിയുടെ അനുക്രമമായ പുരോഗതിയെ അതിന്റെ വളഞ്ഞുപിരിഞ്ഞ എല്ലാവഴികളിലൂടെയും പിന്തുടൎന്നുചെന്നു്, പുറമേയ്ക്കു യാദൃച്ഛികങ്ങളെന്നു തോന്നുന്ന അതിന്റെ ബാഹ്യരൂപങ്ങളെയെല്ലാം കൂട്ടിയിണക്കുന്ന ആ ആന്തരമായ ചരടു കണ്ടുപിടിക്കുകയാണു് ഇനി നമ്മുടെ ബുദ്ധിയുടെ കടമ.

ഹെഗലിയൻ തത്വശാസ്ത്രം അതു വെളിക്കുകൊണ്ടുവന്ന പ്രശ്നത്തിന്നു് ഉത്തരം പറഞ്ഞില്ലെന്നതല്ല കാര്യം. ചരിത്രപ്രധാനമായ അതിന്റെ യോഗ്യത ആ പ്രശ്നത്തെ വെളിക്കുകൊണ്ടുവന്നുവെന്നുള്ളതാണു്. ഒരൊററ വ്യക്തിക്കുമാത്രം ഒരിക്കലും ഉത്തരം പറയാവുന്ന ഒരു പ്രശ്നമല്ല അതു്. സെയിന്റ് സൈമണും ഹെഗലുമായിരുന്നു അക്കാലത്തു ഏററവും വിപുലമായ വിജ്ഞാനത്തോടു കൂടിയ ശാസ്ത്രജ്ഞന്മാരെങ്കിലും, ഹെഗലിന്നു ചില പരിമിതികളുണ്ടായിരുന്നു. ഒന്നാമതു് അദ്ദേഹത്തിന്റെ അറിവുതന്നെ അവശ്യം പരിമിതമായിരുന്നു; രണ്ടാമതു പൊതുവിൽ അക്കാലത്തെ വിജ്ഞാനത്തിന്റേയും, ആശയത്തിന്റേയും വിസ്താരവും ആഴവും ഏററവും പരിമിതമായിരുന്നു. ഈ പരിമിതികളോടു മൂന്നാമതൊന്നു കൂടി ചേൎക്കുവാനുണ്ടു്; ഹെഗൽ ഒരാത്മീയവാദിയായിരുന്നു. അദ്ദേഹത്തെസ്സംബന്ധിച്ചേടത്തോളം തന്റെ തലച്ചോറിനകത്തുള്ള വിചാരങ്ങൾ യഥാൎത്ഥത്തിലുള്ള വസ്തുക്കളുടേയും പദ്ധതികളുടേയും ഏറെക്കുറെ സൂക്ഷ്മമായ പ്രതിബിംബങ്ങളായിരുന്നില്ല; നേരെ മറിച്ചു, ലോകം ഉണ്ടാകുന്നതിന്നുമുമ്പു അനന്തതയിൽ എവിടെയൊ നില്ക്കുന്ന ഒരു “പരമാത്മാവി”ന്റെ യാഥാൎത്ഥ്യത്തിലേക്കു തൎജ്ജമചെയ്യു

പ്പെട്ട പ്രതിബിംബങ്ങളായിരുന്നു വസ്തുക്കളും അവയുടെ വികാസവും. ഇത്തരം ചിന്താരീതി എല്ലാററിനേയും തലകീഴായി മറിച്ചു. ലോകത്തിലെ വസ്തുക്കൾ തമ്മിലുള്ള യഥാൎത്ഥബന്ധങ്ങളെ അപ്പടി തലതിരിച്ചു പിടിച്ചു വെവ്വേറെയെടുത്താൽ അനേകം സംഗതികളെ ശരിയായും സമൎത്ഥമായും ഹെഗൽ മനസ്സിലാക്കിയിട്ടുണ്ട്; എങ്കിലും മേൽകൊടുത്ത കാരണങ്ങളാൽ അദ്ദേഹത്തിൻെറ വാദങ്ങൾ വളരെയെല്ലാം അയഥാൎത്ഥവും കൃത്രിമങ്ങൾ കുത്തിച്ചെലുത്തിയതുമാണു്; അതായതു വിസ്തരിച്ചുനോക്കുമ്പോൾ തെററാണു്. ഹെഗലിയൻ ചിന്താസംഹിതതന്നെ വമ്പിച്ച ഒരു അലസിപ്പോക്കായിരുന്നു. പക്ഷെ, അതു അത്തരത്തിലുള്ള അലസിപ്പോക്കുകളിൽ അവസാനത്തേതുമായിരുന്നു. വാസ്തവത്തിൽ അതു ഒരു മാററാൻകഴിയാത്ത ആഭ്യന്തരവൈരുദ്ധ്യത്തിൽ കുടുങ്ങി വിഷമിക്കുകയായിരുന്നു. മനുഷ്യചരിത്രം ഒരു വികാസപദ്ധതിയാണെന്നുള്ള ആശയമാണ് അതിലെഏററവും പ്രധാനമായ തത്വം; അങ്ങനെയാണെങ്കിൽ, അതുകൊണ്ടുതന്നെ, അവസാനമായ ഒരു കേവലസത്യം കണ്ടുപിടിച്ചിട്ട് ബുദ്ധിപരമായ സ്വന്തം വളൎച്ചയുടെ അന്തിമലക്ഷ്യത്തിലെത്താൻ അതിനുതന്നെ സാദ്ധ്യമല്ല. പക്ഷേ, അതേസമയത്തുതന്നെ ഈ കേവലസത്യത്തിൻെറ സത്താണതെന്നു അതു സ്വയം അവകാശപ്പെടുകയും ചെയ്യുന്നു. എല്ലാററിനേയും ഉൾക്കൊള്ളുന്നതും എല്ലാക്കാലത്തേയ്ക്കും സാധുവായിട്ടുള്ളതുമായ ഒരു പ്രകൃതി ചരിത്രവിജ്ഞാനസംഹിത വൈരുദ്ധ്യവാദത്തിൻെറ മൌലികനിയമത്തിന്നു വിപരീതമാകുന്നു. കാരണം, ബാഹ്യപ്രപഞ്ചത്തെക്കുറിച്ചുള്ള ജ്ഞാനം കാലാകാലമായി അനുക്രമം വമ്പിച്ചതോതിൽ വളരുമെന്ന തത്വം ഈ നിയമത്തിൻെറ പരിധിയിൽ നിന്നൊഴിച്ചു നിൎത്തപ്പെട്ടിട്ടില്ലെന്നുതന്നെയല്ല, അതു അതിൻെറ ഒരവിഭാജ്യഘടകമത്രേ.

ജൎമ്മൻ ആത്മീയവാദത്തിലെ ഈ മൌലികവൈരുദ്ധ്യത്തെ കണ്ടറിഞ്ഞ തത്വശാസ്ത്രജ്ഞന്മാർ അവശ്യംഭൗതികവാദത്തിലേ

യ്യുതന്നെതിരിച്ചെത്തി; എന്നാൽ പതിനെട്ടാം നൂററാണ്ടിലെ യാന്ത്രികഭൗതികവാദത്തിലല്ല. പഴയ ഭൗതികവാദം കഴിഞ്ഞകാലത്തെ ചരിത്രത്തെ മുഴുവൻ അർത്ഥരഹിതവും അക്രമപരവുമായ കാട്ടാളകർമ്മങ്ങളുടെ ഒരു പ്രാകൃതമായ പഴഞ്ചൻ കൂമ്പാരമായിട്ടാണു് കണക്കാക്കിയിരുന്നതു്. ആധുനിക ഭൗതികവാദമാകട്ടെ, അതിൽ ദർശിക്കുന്നതു മനുഷ്യസമുദായത്തിൻെറ വികാസചരിത്രത്തെയാണു്; തൽസംബന്ധമായ നിയമങ്ങളെ കണ്ടുപിടിക്കുകയാണു് അതിൻെറ ലക്ഷ്യം. പതിനെട്ടാംനൂററാണ്ടിലെ ഫ്രഞ്ചു ചിന്തകന്മാൎക്കും ഹെഗലിന്നുതന്നെയും പ്രകൃതിയെയാകെ കുറിച്ചുണ്ടായിരുന്ന ബോധം, എന്നും ഒരേ ഇടുങ്ങിയ വൃത്തങ്ങളിൽ ചക്രരൂപത്തിൽ ചുററിത്തിരിയുന്നവയും ഒരിക്കലും മാററാൻ വയ്യാത്തവയുമായ വസ്തുക്കൾ നിറഞ്ഞതാണതെന്നായിരുന്നു. ശാശ്വതമായി നിലനിന്നുപോരുന്ന ജോതിർഗ്ഗോളങ്ങളെപ്പററി ന്യൂട്ടണും, മാററമില്ലാത്ത ജീവിവർഗ്ഗങ്ങളെപ്പററി ലിനേയസ്സും ഇങ്ങനെയാണവരെ പഠിപ്പിച്ചിരുന്നതു്.

ആധുനികഭൗതികവാദമാകട്ടെ, പ്രകൃതിശാസ്ത്രത്തിൻെറ പുതിയ കണ്ടുപിടിത്തങ്ങളെയും ഉൾക്കൊള്ളുന്നു; അതുപ്രകാരം പ്രകൃതിക്കും ഒരു ചരിത്രമുണ്ടു്. ജോതിർഗ്ഗോളങ്ങളും—അവയിൽ അനുകൂലമായ പരിതഃസ്ഥിതികളുള്ളേടത്തു അധിവസിക്കുന്ന ജീവിവർഗ്ഗങ്ങളെപ്പോലെതന്നെ—ജനിക്കുകയും നശിക്കുകയും ചെയ്യുന്നു. മാത്രമല്ല, പ്രകൃതിയാകെ എടുത്തുനോക്കുമ്പോൾ, എന്നും ആവർത്തിക്കുന്ന വൃത്തങ്ങളിലാണു് അതു ചലിക്കുന്നതെന്നു പറയേണ്ടിവന്നാൽക്കൂടി, ആ വൃത്തങ്ങൾ അതിരില്ലാതെ അധികമധികം വട്ടത്തിലാണു് ചുററിത്തിരിയുന്നതു്. അതുകൊണ്ടു്, എങ്ങിനെ നോക്കിയാലും, ആധുനികഭൗതികവാദം മൗലികമായി വൈരുദ്ധ്യാധിഷ്ഠിതമാണു്. ബാക്കിയുള്ള ശാസ്ത്രക്കൂട്ടത്തെ അതിന്നാശ്രയിക്കേണ്ട ആവശ്യമില്ലാതായിരിക്കുന്നു. പ്രപഞ്ചവസ്തുക്കളുടെ ആകത്തുകയിലും അവയെ സംബന്ധി

ച്ചുള്ള നമ്മുടെ അറിവിലും ഓരോ ശാസ്ത്രവുമെട്ടക്കുന്ന സ്വന്തം നിലയെന്തെന്ന് ഓരോ ശാസ്ത്രത്തിനും വ്യക്തമാക്കേണ്ടിവന്ന തോട്ടകൂടി - ഈ ആകത്തുകയെക്കുറിച്ചുള്ള ഒരു പ്രത്യേകശാസ്ത്രം അനാവശ്യമായിത്തീരുന്നു. പഴയ തത്വശാസ്ത്രത്തിൽ ഇനി ശേഷിച്ചുനില്ക്കുന്നതു് ചിന്തയേയും അതിൻെറ നിയമങ്ങളേയും സംബന്ധിക്കുന്ന ശാസ്ത്രം മാത്രമാണു്--ന്യായശാസ്ത്രവും വൈരുദ്ധ്യവാദവും മാത്രമാണു്. പ്രകൃതിയേയും ചരിത്രത്തേയും സംബന്ധിക്കുന്ന ക്രിയാത്മകശാസ്ത്രങ്ങളിൽ മററെല്ലാം ലയിച്ചുപോവുകയാണു ചെയ്യുന്നതു്.

ശാസ്ത്രീയപരീക്ഷണങ്ങൾമൂലം കണ്ടുപിടിക്കപ്പെട്ടുന്ന പരമാത്ഥങ്ങളുടെ തോതനുസരിച്ചുമാത്രമേ പ്രകൃതിയെക്കുറിച്ചുള്ള ബോധത്തിൽ വമ്പിച്ച ഒരുവിപ്ലവംസംഭവിക്കുകയെന്നതു സാദ്ധ്യമായിരുന്നുള്ളു. എങ്കിലും അതിന്നെത്രയോ മുമ്പുതന്നെ ചരിത്രത്തെക്കുറിച്ചുള്ള നമ്മുടെ ബോധത്തിൽ സുനിശ്ചിതമായ ഒരു മാററത്തിനിടയാക്കിയ ചില ചരിത്രസംഭവങ്ങൾ നടന്നുകഴിഞ്ഞിരുന്നു. 1831-ൽ ലിയോൺസിൽ ആദ്യത്തെ തൊഴിലാളി കലാപമുണ്ടായി. 1838-നും 1842-നു മിടയ്ക്കു ദേശവ്യാപിയായ തോതിൽ ഒന്നാമത്തു നടന്ന തൊഴിലാളിപ്രസ്ഥാനം--ഇംഗ്ലണ്ടിലെ ചാർട്ടിസ്ററു പ്രക്ഷോഭം--അതിൻെറ അററത്തെത്തി. അതായതു്, ആധുനിക വ്യവസായത്തിൻെറയും മുതലാളികൾക്കു പുതുതായി ലഭിച്ച രാഷ്ട്രീയമേധാവിത്വത്തിൻെറയും തോതനുസരിച്ചു് യൂറോപ്പിലെ ഏററവും മുന്നോട്ടുപോയ രാജ്യങ്ങളിൽ തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും തമ്മിലുള്ള വർഗ്ഗസമരം മുന്നോട്ടു വരാൻ തുടങ്ങി. മുതലുടമയുടേയും വേലക്കാരൻെറയും താല്പര്യങ്ങൾ ഒന്നാണെന്നും, കടിഞാണില്ലാത്ത കച്ചവടമത്സരത്തിൻെറ ഫലമായി സാവ്വത്രികമായ രഞ്ജിപ്പും സമൃദ്ധിയുമുണ്ടാകുമെന്നും പഠിപ്പിക്കുന്ന മുതലാളിധനശാസ്ത്രത്തിൻെറ കള്ളത്തരം കൂടുതൽ വ്യക്തമായി തെളിയിക്കുന്ന പല സംഭവങ്ങളും നടന്നു.

ഇവയെല്ലാം കാണാതിരിക്കാൻ വയ്യെന്നായി. അതുപോലെ തന്നെ ഈ സംഭവങ്ങളുടെ താത്വികപ്രകടനമായ (വളരെ അപൂർണ്ണമായ ഒരു പ്രകടനമാണെങ്കിലും) ഇംഗ്ലീഷ്-ഫ്രഞ്ചു സോഷ്യലിസത്തെയും അഗണ്യമാക്കാൻ തരമില്ലെന്നായി. എന്നാൽ ചരിത്രത്തെക്കുറിച്ചുള്ള ആ പഴയ ആത്മീയവാദപരമായബോധം അപ്പോഴും നിലനിന്നുപോന്നു. സാമ്പത്തികതാല്പര്യങ്ങളെ അടിസ്ഥാനമാക്കിയ വർഗ്ഗസമരങ്ങളെന്താണെന്നോ, സാമ്പത്തികതാല്പര്യങ്ങൾതന്നെയെന്താണെന്നോ അതിന്നറിവുണ്ടായിരുന്നില്ല. ഉല്പാദനവും സാമ്പത്തികബന്ധങ്ങളുമെല്ലാംതന്നെ "നാഗരികതയുടെ ചരിത്ര"ത്തിൽ തീരെ അപ്രധാനവും യാദൃച്ഛികവുമായ ചില ഘടകങ്ങൾ മാത്രമായിട്ടാണ് അതിന്നു തോന്നിയതു്.

ഈ പുതിയ സംഗതികൾ ഭൂതകാലചരിത്രത്തെയാകെയൊന്നു വീണ്ടും പരിശോധിക്കേണ്ടതിന്റെ ആവശ്യകത വെളിവാക്കി. ഇപ്പോഴാണ് ഏററവും പ്രാചീനമായ പ്രാകൃതഘട്ടമൊഴിച്ചാൽ, പിന്നീടുണ്ടായിട്ടുള്ള ചരിത്രം മുഴുവനും വർഗ്ഗസമരങ്ങളുടെ ചരിത്രമാണെന്നു പ്രത്യക്ഷപ്പെട്ടതു്. മാത്രമല്ല ഇങ്ങനെ സമരം നടത്തിക്കൊണ്ടിരിക്കുന്ന വർഗ്ഗങ്ങൾ എല്ലായ്പോഴും ജീവിതസാമഗ്രികൾ ഉല്പാദിപ്പിക്കുകയും കൈമാറുകയും ചെയ്യുന്ന സമ്പ്രദായത്തിന്റെ ഫലമായി ആവിർഭവിച്ചവയാണ്; ഒററവാക്കിൽ പറകയാണെങ്കിൽ, അതാതുകാലത്തെ സാമ്പത്തികസ്ഥിതികളുടെ സൃഷ്ടിയാണ്. സമുദായത്തിന്റെ സാമ്പത്തികഘടനയാണ് എല്ലാക്കാലത്തും യഥാർത്ഥമായ അടിസ്ഥാനം. അതിനെ ആസ്പദമാക്കി ഏതൊരു ചരിത്രകാലഘട്ടത്തേയും രാഷ്ട്രീയവും നിയമപരവുമായ സ്ഥാപനങ്ങളേയും, മതപരവും തത്വശാസ്ത്രപരവും മററുമായ ആശയാഭിപ്രായങ്ങളേയും നമുക്കു സ്വയം വിവരിക്കാൻ കഴിയും — ഇതെല്ലാംതന്നെ ഭൂതകാലചരിത്രത്തെ വീണ്ടുമെടുത്തു പരിശോധിച്ചപ്പോൾ തെളിഞ്ഞു. ഹെഗൽ ചരിത്രത്തെ യാന്ത്രികവാദത്തിന്റെ പിടിയിൽനിന്നു മോചിപ്പി

ച്ചിരുന്നു. അദ്ദേഹം അതിനെ വൈരുദ്ധ്യാധിഷ്ഠിതമാക്കിത്തീർത്തിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ ചരിത്ര വ്യാഖ്യാനം തികച്ചും ആത്മീയവാദത്തെ അടിസ്ഥാനപ്പെടുത്തിയതായിരുന്നു. എന്നാൽ ഇപ്പോൾ ആത്മീയവാദം അതിന്റെ അവസാനത്തെ അഭയസ്ഥാനമായിരുന്ന ചരിത്രശാസ്ത്രത്തിൽനിന്നുകൂടി ആട്ടിയോടിക്കപ്പെട്ടു. ചരിത്രത്തിന്നു ഒരു ഭൗതികവ്യാഖ്യാനം ആവിർഭവിച്ചു. ഇതുവരെ ചെയ്തിരുന്നതുപോലെ മനുഷ്യന്റെ ചിന്തയെ ആസ്പദമാക്കി അയാളുടെ ജീവിതത്തെ വിവരിക്കുന്നതിന്നു പകരം അയാളുടെ ജീവിതത്തിന്റെ അടിസ്ഥാനത്തിന്മേൽ 'ചിന്ത'യെ വിവരിക്കാനുള്ള ഒരു രീതി കണ്ടുപിടിക്കപ്പെട്ടു.

ഈ സമയംമുതൽക്കാണ് സോഷ്യലിസം ബുദ്ധിശാലിയായ ഏതൊ ഒരു വ്യക്തിയുടെ യാദൃച്ഛികമായ ഒരു കൌശലസൃഷ്ടിയല്ലാതായിത്തീർന്നതു്; ചരിത്രപരമായി വളർന്നുവന്നിട്ടുള്ള രണ്ടുവർഗ്ഗങ്ങൾ—തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും—തമ്മിലുള്ള സമരത്തിന്റെ ഒഴിക്കാൻ പാടില്ലാത്ത ഫലമായിത്തീർന്നതു്. ഇതോടുകൂടി കഴിയുന്നത്ര പൂർണ്ണവും സമത്ഥവുമായ ഒരു സാമൂഹ്യവ്യവസ്ഥയെ സൃഷ്ടിക്കുകയല്ലാതായി അതിന്റെ കടമ; പിന്നെയോ? യാതൊന്നിൽനിന്നാണോ ഈ വർഗ്ഗങ്ങളും അവതമ്മിൽ അവശ്യം ആവിർഭവിച്ച പരസ്പരവൈരവും ഉണ്ടായതു്, ആ സംഭവങ്ങളുടെ ചരിത്രപരവും സാമ്പത്തികവുമായ വളർച്ചയെ പരിശോധിച്ചു് അങ്ങനെയുണ്ടായിട്ടുള്ള സാമ്പത്തികപരിതഃസ്ഥിതികളിൽ നിന്നു തന്നെ ഈ സംഘട്ടനത്തെ അവസാനിപ്പിക്കുവാനുള്ള വഴികണ്ടുപിടിക്കുകയാണു് സോഷ്യലിസത്തിന്നു ചെയ്യാനുള്ളതെന്നു വന്നു. എന്നാൽ ആദ്യകാലത്തെ സോഷ്യലിസം, ഭൗതികവാദപരമായ ഈ ചിന്താഗതിയുമായി തീരെ പൊരുത്തമില്ലാത്തതായിരുന്നു. ഫ്രഞ്ചു ഭൗതികവാദികളുടെ പ്രകൃതിയെക്കുറിച്ചുള്ള ബോധത്തിന്നു വൈരുദ്ധ്യവാദവും ഇന്നത്തെ പ്രകൃതിശാസ്ത്രവുമായി എത്ര യോജിപ്പുണ്ടായിരുന്നുവോ, അത്രമാത്രമേ പഴയ സോഷ്യലിസവും ഈ

പുതിയ ചിന്താഗതിയും തമ്മിലും യോജിപ്പുണ്ടായിരുന്നുള്ള നില വിലുള്ള മുതലാളിത്തപരമായ ഉല്പാദനസമ്പ്രദായത്തേയും അതി ൻെറ ഫലങ്ങളെയും ആ കാലത്തെ സോഷ്യലിസം തീർച്ചയായും നല്ലപോലെ വിമർശിച്ചിട്ടുണ്ട്. എന്നാൽ അതിന്നു അവയെ യുക്തിയുക്തം വിവരിക്കാൻ കഴിഞ്ഞില്ല. അതുകൊണ്ട് അവയെ ഉറച്ചുഗ്രഹിക്കാനും കഴിഞ്ഞില്ല. അവ 'ചീത്ത'യാണെന്നു പറഞ്ഞു തള്ളിക്കളയുവാൻമാത്രമേ അതിന്നുകഴിഞ്ഞിരുന്നുള്ളു. മുതലാളിത്ത ത്തിൻകീഴിൽ അനിവാര്യമായിട്ടുള്ളതായ തൊഴിലാളിവർഗ്ഗചൂഷ ണത്തെ ഈ ആദ്യകാലസോഷ്യലിസം എത്രകണ്ടു ശക്തിയായെ തിർത്തുവോ, അത്രകണ്ടു ആ ചൂഷണം എങ്ങനെയുണ്ടായെന്നും ഏതു വഴിക്കാണതു പ്രത്യക്ഷപ്പെട്ടുന്നതെന്നും വ്യക്തമായിക്കാണിക്കാൻ അതിന്നുള്ളകഴിവു കുറയുകയാണ് ചെയ്തതു്. ഈ കഴിവുണ്ടാവാൻ രണ്ടുകാര്യങ്ങളത്യാവശ്യമായിരുന്നു. (1) ചരിത്രപരമായി മുത ലാളിത്തം ഏതിൽനിന്നാണ് വളർന്നുവന്നിട്ടുള്ളതെന്നും ആ പ്രത്യേ ക ചരിത്രകാലഘട്ടത്തിൽ അതിൻെറ ആവിർഭാവം എന്തു കൊണ്ട് അനിവാര്യമായി എന്നും അതേകാരണത്താൽ തന്നെ അതിൻെറ അധഃപതനവും എങ്ങനെ അനിവാര്യമായിത്തന്നെ യുണ്ടാകുമെന്നും എടുത്തുകാണിക്കണം. (2) മുതലാളിത്തത്തിൻെറ കാതലായ സവിശേഷതയെ (അതപ്പോഴും ഒരു രഹസ്യമായി രുന്നു.) കണ്ടുപിടിച്ചു തുറന്നുകാണിക്കണം. <u>മിച്ചവില</u>യുടെ കണ്ടുപിടിത്തംകൊണ്ടാണ് ഇതു സാധിച്ചതു്. മുതലാളി ത്തസമ്പ്രദായത്തിലുള്ള ഉല്പാദനത്തിൻേറയും അതിന്നു കീഴിൽ സംഭവിക്കുന്ന തൊഴിലാളിയുടെ ചൂഷണത്തിൻേറയും അടിസ്ഥാ നം തൊഴിലാളിയുടെ അദ്ധ്വാനത്തിലൊരുഭാഗം മുതലാളി വില കൊടുക്കാതെതന്നെ കൈപ്പററുന്നുവെന്നതാണു. ഒരു ചരക്കെന്ന നിലയ്ക്കു കമ്പോളനിലവാരമനുസരിച്ച് മുഴുവൻ വിലയും കൊടു ത്തിട്ടാണ് തൊഴിലാളിയുടെ അദ്ധ്വാനശക്തി മുതലാളി വാങ്ങുന്ന തെന്നുവരികിൽക്കൂടി, താൻ കൊടുത്തതിലധികം വില അയാറം

ആ അദ്ധ്യായത്തിൽ നിന്നു പിഴിഞ്ഞെടുക്കുന്നുണ്ടു്; മാത്രമല്ല, സ്വത്തുടമവർഗ്ഗങ്ങളുടെ കയ്യിൽ അനുദിനം വർദ്ധിക്കുന്ന തോതിൽ കുന്നുകൂടിക്കൊണ്ടുവരുന്ന മൂലധനമെല്ലാമുണ്ടാകുന്നതു് ഇങ്ങിനെ തൊഴിലാളിയുടെ കയ്യിൽനിന്നു പററിച്ചുണ്ടാക്കുന്ന മിച്ചവിലിയിൽ നിന്നാണു്—ഇതെല്ലാം മിച്ചവില കണ്ടുപിടിച്ചതോടുകൂട കരതലാമലകംപോലെ വ്യക്തമായി, മുതലാളിത്തരീതിയിലുള്ള ഉല്പാദനത്തിന്റെയും മൂലധനത്തിന്റെ ഉല്പാദനത്തിന്റെയും കാരണം ഇങ്ങിനെ വ്യക്തമായിത്തീർന്നു.

ഈ രണ്ടു കണ്ടുപിടിത്തങ്ങൾക്കും—ചരിത്രത്തിന്റെ ഭൌതികവ്യാഖ്യാനത്തിന്നും, മിച്ചവിലയുടെ കണ്ടുപിടിത്തത്തിൽക്കൂടി മുതലാളിത്തപരമായ ഉല്പാദനത്തിന്റെ രഹസ്യം തുറന്നുകാണിച്ചതിന്നും—നാം മാർക്സിനോടു കടപ്പെട്ടിരിക്കുന്നു. ഈ കണ്ടുപിടിത്തങ്ങളോടുകൂടി സോഷ്യലിസം ഒരു ശാസ്ത്രമായിത്തീർന്നു. ഇനി ചെയ്യേണ്ടതു് അതിന്റെ നാനാഭാഗങ്ങളേയും നാനാബന്ധങ്ങളേയും വിസ്തരിച്ചു പ്രതിപാദിക്കുകയാണു്.

# അദ്ധ്യായം 3

ചരിത്രത്തിന്റെ ഭൗതികവ്യാഖ്യാന (ചരിത്രപരമായ ഭൗതികവാദ)ത്തിന്റെ മൗലികതത്വമാണു്: ഒന്നാമതു്, മനുഷ്യജീവിതത്തെ നിലനിർത്താനാവശ്യമായ പദാർത്ഥങ്ങളുടെ ഉല്പാദനവും, രണ്ടാമതു്, അങ്ങിനെ ഉല്പാദിപ്പിക്കപ്പെടുന്ന പദാർത്ഥങ്ങളുടെ വിതരണവുമാണു് എല്ലാ സാമൂഹ്യഘടനകളുടേയും അടിസ്ഥാനം. ചരിത്രത്തിൽ ഇതുവരെയുണ്ടായിട്ടുള്ള ഏതൊരു സാമൂഹ്യഘടനയിൻ കിഴിലും സമ്പത്തു വിതരണം ചെയ്യുന്ന സമ്പ്രദായവും സമുദായം വർഗ്ഗങ്ങളോ ഗോത്രങ്ങളോ ആയി വേർതിരിഞ്ഞ രീതിയും ആ സമുദായത്തിൽ എന്തെല്ലാം ഉല്പാദിപ്പിക്കുന്നു, ഇങ്ങനെ ഉല്പാദിപ്പിക്കുന്ന ഈ ഉല്പന്നങ്ങൾ എങ്ങിനെ കൈമാററം ചെയ്യപ്പെടുന്നു എന്നതിനെആശ്രയിച്ചാണിരിക്കുന്നതു്. ഈ വീക്ഷണകോണത്തിൽനിന്നു നോക്കുമ്പോൾ സമുദായത്തിലുണ്ടാകുന്ന എല്ലാ മാററങ്ങൾക്കും രാഷ്ട്രീയവിപ്ലവങ്ങൾക്കുമുള്ള കാരണം ആരായേണ്ടതു് മനുഷ്യരുടെ തലച്ചോറിലല്ല, ശാശ്വതസത്യവും ന്യായവും കണ്ടറിയാനുള്ളമനുഷ്യന്റെ കഴിവിലല്ല; പിന്നെയോ? ഉല്പാദനവിനിമയരീതികളിൽ ഉണ്ടാകുന്ന മാററങ്ങളിലാണു്. അതായതു്, ഓരോ പ്രത്യേക ചരിത്രകാലഘട്ടത്തിലെയും തത്വശാസ്ത്രത്തെയല്ല, സാമ്പത്തിക ശാസ്ത്രത്തെയാണു്, നാം നമ്മുടെ അന്വേഷണത്തിന്റെ ആസ്പദമാക്കേണ്ടതു്. നിലവിലുള്ള സാമൂഹ്യസ്ഥാപനങ്ങൾ യുക്തിരഹിതവും നീതിശൂന്യവുമായിത്തീർന്നിരിക്കുന്നു, യുക്തിതന്നെ അയുക്തിയായിരിക്കുന്നു, ശരി തെററായിരിക്കുന്നു എന്നെല്ലാം നമുക്കു അധികമധികം ബോധ്യപ്പെടുന്നു. എന്തൊന്നിനെയാണിതു് കാണിക്കുന്നതു്? ഉല്പാദനവിനിമയ രീതികളിൽ ആരുമറിയാതെ നിശ്ശബ്ദമായി പല മാററങ്ങളുമു

ണ്ടായിട്ടുണ്ടെന്നും, ആദ്യം സാമ്പത്തികസ്ഥിതിയ്ക്കനുരൂപമായി നിലവിൽ വന്നിട്ടുള്ള സാമൂഹ്യഘടന ഈ മാററങ്ങൾക്കു യോജിക്കാത്തതായിത്തീർന്നിരിക്കുന്നുവെന്നുള്ളതിന്റെ തെളിവുമാത്രമാണീ ബോധം. ഇതിൽനിന്ന മറെറാന്നുകൂടി തെളിയുന്നുണ്ട്. നമുക്കു പ്രത്യക്ഷമായിത്തീർന്നിട്ടുള്ള ഈ പൊരുത്തമില്ലായ്മകളെ നീക്കം ചെയ്യാനുള്ള ഉപായവും ഉല്പാദനരീതിയിൽ വന്നിട്ടുള്ള മാററങ്ങളിൽതന്നെ ഏറെക്കുറെ വളൎന്ന സ്ഥിതിയിൽ അന്തർഭവിച്ചുകിടപ്പുണ്ട്. "മൌലികതത്വങ്ങളിൽനിന്ന ഈ ഉപായങ്ങളെ അനുമാനംചെയ്തുണ്ടാക്കുകയല്ല, നിലവിലുള്ള ഉല്പാദനരീതിയിൽ തെളിഞ്ഞുകാണുന്ന വാസ്തവങ്ങളിൽനിന്നുതന്നെ അവയെ കണ്ടുപിടിക്കുകയാണ്" നമ്മുടെ കടമ.

അപ്പോൾ, ഈ നിലക്കു നോക്കുമ്പോൾ, ആധുനികസോഷ്യലിസത്തിന്റെ നിലയെന്താണ്?

ഇന്നു നിലവിലുള്ള സമുദായഘടന—ഇതു ഇപ്പോൾ ഒരുമാതിരി എല്ലാവരും സമ്മതിക്കുന്നതാണ്—ഇന്നത്തെ ഭരണാധികാരിവർഗ്ഗമായ മുതലാളിവർഗ്ഗത്തിന്റെ സൃഷ്ടിയാണ്. മുതലാളിവൎഗ്ഗത്തിനു പ്രത്യേകമായിട്ടുള്ള ആ ഉല്പാദനരീതിയ്ക്കു; മാർക്സിനും ശേഷം മുതലാളിത്തപരമായ ഉല്പാദനരീതിയെന്നു പേർ വീണു. ഈ ഉല്പാദനരീതി നാടുവാഴിമേധാവിത്വവ്യവസ്ഥയുമായി ഒട്ടും പൊരുത്തമില്ലാത്തതായിത്തീർന്നു. കാരണം, നാടുവാഴിമേധാവിത്വത്തിൻകീഴിൽ വ്യക്തികൾക്കും, സമുദായത്തിലെ പല വിഭാഗക്കാർക്കും, പ്രാദേശികസംഘങ്ങൾക്കും കിട്ടിയിരുന്ന പ്രത്യേകാധികാരങ്ങളും അതിന്റെ സാമൂഹ്യഘടനയുടെ ചട്ടക്കൂടുതന്നെയായ ഉച്ചനീചബന്ധങ്ങളും ഇത്തരമൊരു ഉല്പാദനരീതിയുടെ വളർച്ചയ്ക്കു വിഘാതമായിരുന്നു.

അതുകൊണ്ടു നാടുവാഴിമേധാവിത്വത്തെ തട്ടിത്തകർത്തു അതിന്റെ നഷ്ടാവശിഷ്ടങ്ങളിന്മേൽ മുതലാളിത്തസമുദായവ്യവസ്ഥയെ കെട്ടിയുയർത്തി. അതായത്, സ്വാതന്ത്ര്യമായ കച്ചവടമത്സരവും, വ്യക്തിസ്വാതന്ത്ര്യവും ചരക്കുകളുടെ ഉടമസ്ഥന്മാരായവർ

ക്കെല്ലാം 'നിയമ'ത്തിന്നുമുമ്പിൽ സമത്വവും, മുതലാളിത്തരീതിയുടെ മററനുഗ്രഹങ്ങളും വിളയാടുന്ന ഒരു നവസാമ്രാജ്യം സൃഷ്ടിക്കപ്പെട്ടു. അതുമുതല്ക്കു മുതലാളിത്തരീതിയിലുള്ള ഉല്പാദനവ്യവസ്ഥയ്ക്കു തടസ്ഥമെന്യേ വളരുവാൻ സാധിച്ചു; ആവിയന്ത്രങ്ങളും മററു യന്ത്രങ്ങളും യന്ത്രങ്ങളുണ്ടാക്കുന്ന യന്ത്രങ്ങളും ആവിർഭവിച്ചതോടുകൂടി പഴയ തൊഴിൽശാലകൾ ആധുനികവ്യവസായമായി രൂപം മാറി; അതിന്നുശേഷം മുതലാളിവർഗ്ഗത്തിൻെറ മേൽനോട്ടത്തിൻകീഴിൽ രൂപമെടുത്ത ഉല്പാദനശക്തികൾ അഭൂതപൂർവ്വമായ വേഗത്തോടെ വളരുവാൻ തുടങ്ങി. പക്ഷേ പണ്ടുകാലത്തെ കൈത്തൊഴിൽശാലകളും അതുപോലെതന്നെ ഒററതിരിഞ്ഞ കൈത്തൊഴിലും നാടുവാഴിമേധാവിത്വത്തിൻകീഴിൽത്തന്നെ വളർന്നുവന്നതിന്നുശേഷം ഒടുവിൽ ഗിൽഡുകളുടെ സങ്കുചിതനിയമങ്ങളുമായി മല്ലടിക്കാൻ തുടങ്ങിയതെതുപ്രകാരമോ, അതേപ്രകാരംതന്നെ, ഇപ്പോൾ കൂടുതൽ പൂർണ്ണമായി വളർച്ച പ്രാപിച്ച ഇന്നത്തെ നവീനവ്യവസായം അതിനെ അടക്കി ഒതുക്കിനിർത്തുന്ന മുതലാളിത്തപരമായ ഉല്പാദനരീതിയുമായി ഏററുമുട്ടാൻ തുടങ്ങിയിരിക്കുന്നു, മുതലാളിത്തം വളർത്തിക്കൊണ്ടുവന്ന ഉല്പാദനശക്തികളെ കൂടുതൽ വളർത്താൻ അതിന്നുതന്നെ കഴിവില്ലെന്ന നില വന്നിരിക്കുന്നു. ഉല്പാദനശക്തികളും ഉല്പാദനരീതിയും തമ്മിലുള്ള ഈ സംഘട്ടനം, ബൈബിളിലെ ആദ്യത്തെ മനുഷ്യൻ ചെയ്ത പാപവും ദൈവീകനീതിയും തമ്മിലുണ്ടായ സംഘട്ടനംപോലെ, മനുഷ്യൻെറ തലച്ചോറിൽ മുളച്ചുണ്ടായിട്ടുള്ള ഒന്നല്ല. വാസ്തവത്തിലതു നമ്മുടെ അന്തഃകരണത്തിലല്ല, ബാഹ്യമായിത്തന്നെ നിലവിലുള്ളതാണു്. ഈ സംഘട്ടനത്തിൻെറ ആവിർഭാവത്തിന്നു കാരണക്കാരായ ആളുകളുടെപോലും ഇച്ഛാശക്തിക്കും പ്രവർത്തനത്തിന്നും അതിനെ നിയന്ത്രിക്കാവതല്ല.

യഥാർത്ഥത്തിലുള്ള ഈ വൈരുദ്ധ്യത്തിൻെറ മനുഷ്യചിന്തയിലുള്ള പ്രതിഫലനം മാത്രമാണു് ആധുനികസോഷ്യലിസം; ആ

സംഘട്ടനത്തിൻകീഴിൽ നേരിട്ട കഷ്ടപ്പെടുന്ന തൊഴിലാളിവർഗ്ഗത്തിൻെറ മനസ്സിലാണു് അതിൻെറ ഈ ആശയപ്രതിഫലനം ഒന്നാമതായി ആവിർഭവിക്കുന്നതു്.

ഇനി എന്തെല്ലാമാണു് ഈ സംഘട്ടനത്തിൽ അടങ്ങിയിരിക്കുന്നതു്?

മുതലാളിത്തരീതിയിലുള്ള ഉല്പാദനവ്യവസ്ഥയ്ക്കുമുമ്പു്, അതായതു മദ്ധ്യകാലങ്ങളിൽ വേലക്കാരുടെ സ്വകാര്യസ്വത്തായ ഉല്പാദനോപകരണങ്ങളെ അടിസ്ഥാനപ്പെടുത്തിയ ചെറുതരം വ്യവസായമാണു് പൊതുവിലുണ്ടായിരുന്നതു്. നാട്ടിൻപുറത്താണെങ്കിൽ, സ്വതന്ത്രനോ അടിയാളനോ ആയ ചെറുകൃഷിക്കാരൻെറ കൃഷി പട്ടണത്തിലാണെങ്കിൽ, ഗിൽഡുകൾ (കൈത്തൊഴിൽക്കാരുടെ പരസ്പരസഹായസംഘങ്ങ)ളിൽ സംഘടിതമായ കൈത്തൊഴിൽ. ഭൂമി, കാർഷികോപകരണങ്ങൾ, തൊഴിൽശാല, പണിയായുധങ്ങൾ, തുടങ്ങിയ അദ്ധ്വാനോപകരണ (ഉല്പാദനോപകരണ)ങ്ങളെല്ലാം പ്രത്യേക വ്യക്തികളുടെ അദ്ധ്വാനോപകരണങ്ങളായിരുന്നു; ഒരു പ്രവൃത്തിക്കാരന്നു ഒററയ്ക്കുപയോഗിക്കത്തക്കവയായിരുന്നു. അതുകൊണ്ടു അവ അവശ്യം ചെറുതോതിലുള്ളതും വളരാൻ വയ്യാത്തവയുമായിരുന്നു. പക്ഷേ, ഇതേകാരണത്താൽ, അവ ഉല്പാദകൻെറ സ്വന്തമായിരുന്നുവെന്ന ഒരു മെച്ചവുമുണ്ടു്. ചിന്നിച്ചിതറിക്കിടക്കുന്ന സംകുചിതങ്ങളായ ഈ ഉല്പാദനോപകരണങ്ങളെ കേന്ദ്രീകരിക്കുക, വിപുലപ്പെടുത്തുക, ആധുനിക വ്യവസായം വളർത്തുന്നതിനുള്ള ശക്തിയേറിയ ആയുധങ്ങളായി അവയെ മാററുക — ഇതായിരുന്നു മുതലാളിത്തപരമായ ഉല്പാദനരീതിയുടെയും അതിൻെറ നിർമ്മാതാവായ മുതലാളിവർഗ്ഗത്തിൻെറയും ചരിത്രപ്രധാനമായ പങ്കു്. പതിനഞ്ചാംനൂററാണ്ടിനുശേഷം മുതലാളികളുടെ ഈ പങ്കു് വെറും എളിയതോതിലുള്ള സഹകരണം, കൈത്തൊഴിൽശാല, നവീനവ്യവസായശാല എന്നീ മൂന്നുപതനങ്ങളിലൂടെ എങ്ങിനെ ചരിത്രപരമായ അള

വൃദ്ധിപ്പെട്ടിരിക്കുന്നുവെന്നു "കാപ്പിററൽ" എന്ന പുസ്തകത്തിന്റെ നാലാംഭാഗത്തിൽമാർക്സ് സവിസ്തരം വിവരിച്ചിട്ടുണ്ട്. അതിൽ മാർക്സ് മറെറാരു സംഗതികൂടി വിശദമാക്കിയിട്ടുണ്ട്. അതായത്, നിസ്സാരങ്ങളായ ഈ ഉല്പാദനോപകരണങ്ങളെ വമ്പിച്ച ഉല്പാദന ശക്തികളായി മാററുന്നതിന്നിടയ്ക്കു മുതലാളിവർഗ്ഗത്തിന്നു അവയെ വ്യക്തികളുടെ ഉല്പാദനോപകരണങ്ങളിൽനിന്നും സാമൂഹ്യോല്പാദനോപകരണങ്ങളായി, ആളുകൾക്കു കൂട്ടായിമാത്രം ഉപയോഗിക്കാവുന്ന ഉല്പാദനോപകരണങ്ങളായി, രൂപഭേദപ്പെടുത്തേണ്ടി വന്നു. കൈകൊണ്ടു തിരിക്കുന്ന നൂൽച്ചക്രം (ചക്ക), കൈത്തറി, കരുവാന്റെ കൈച്ചുററിക ഇവയ്ക്കുപകരം നൂൽനൂൽപുയന്ത്രം, യന്ത്രത്തറി, ആവിച്ചുററിക ഇവ നടപ്പിൽ വന്നു. ഒരാൾമാത്രം പ്രവൃത്തിയെടുക്കുന്ന പ്രവൃത്തിശാലയ്ക്കു പകരം ആയിരക്കണക്കായി തൊഴിലാളികൾ ഒന്നായി പ്രവർത്തിക്കുന്ന ഫാക്ടറികൾ നടപ്പിൽ വന്നു. അതുപോലെതന്നെ ഉല്പാദനം വ്യക്തികൾ ഒററയ്ക്കു ചെയ്യുന്ന കുറെ പ്രവൃത്തികളെന്നനിലവിട്ടു് സാമൂഹ്യമായ (ആളുകൾ കൂട്ടായിചെയ്യുന്ന) കുറെ പ്രവൃത്തികളായി മാറി. അതോടൊപ്പം ഉല്പന്നങ്ങൾ വ്യക്തികളുടേതിൽനിന്നു സാമൂഹ്യോല്പന്നങ്ങളായി മാറി. തൊഴിൽഫാക്ടറിയിൽനിന്നും പുറത്തുവരുന്ന നൂൽ, വസ്ത്രം, ലോഹസാമഗ്രികൾ, ഇവയെല്ലാം. അനേകം തൊഴിലാളികളുടെ കൂട്ടായ പ്രവർത്തനത്തിന്റെ ഫലമാണ്; അവരുടെ എല്ലാവരുടേയും കയ്യിൽക്കൂടി തുടർച്ചയായി അവ കടന്നുപോകേണ്ടതുണ്ടു്. "ഇതു ഞാൻ ഉണ്ടാക്കിയതാണ്, എന്റെ ഉല്പന്നമാണ്" എന്നു അവയെക്കുറിച്ചു് ഒരാൾക്കും പറയുവാൻ വയ്യാതായി.

പക്ഷെ, മുൻകൂട്ടി തയ്യാറാക്കിയ യാതൊരു പദ്ധതിയുമനുസരിക്കാതെ, ക്രമേണ, തന്നത്താനുണ്ടാകുന്ന ഒരു പ്രവൃത്തി വിഭജനത്തെ അടിസ്ഥാനപ്പെടുത്തി ഉല്പാദനം നടത്തുന്ന ഒരു സാമൂഹ്യഘടനയിൻകീഴിൽ ഉല്പന്നങ്ങൾ ചരക്കുകളുടെരൂപമാണ് സ്വാ

ഭാവികമായിട്ടെടുക്കുക. ഈ ചരക്കുകൾ പരസ്പരം കൈമാറിയിട്ടു്, കൊള്ളുകയും കൊടുക്കുകയും ചെയ്തിട്ടു്, ഓരോ ഉല്പാദകനും അവിനവന്റെ എല്ലാ ആവശ്യങ്ങളും സാധിച്ചുപോന്നു. ഇതിനെ മററുക്ക ഉല്പാദനം നടത്തുന്നവരുടെ — ചരക്കുണ്ടാക്കുന്നവരുടെ — ഒരു സമുദായത്തിലേയ്ക്കാണു് ഈ പുതിയ (മുതലാളിത്തപരമായ) ഉൽപാദനരീതി കടന്നുചെന്നതു്. നിശ്ചിതമായ യാതൊരു പദ്ധതിയുമനുസരിക്കാതെ തന്നത്താൻ വളർന്നുവന്ന പ്രവൃത്തിവിഭജനത്തിന്റെ — അതാണു് അന്നു സമുദായത്തെയാകെ നിയന്ത്രിച്ചിരുന്നതു് — മദ്ധ്യത്തിൽ ഓരോ യന്ത്രശാലയിലും അതു സംഘടിക്കുവാൻ മാത്രം നിശ്ചിതപദ്ധതിയനുസരിച്ചുള്ള പ്രവൃത്തിവിഭജനം ആവിർഭവിച്ചു; വ്യക്തിപരമായ ഉല്പാദനത്തിന്റെ അയൽവക്കത്തുതന്നെ സാമൂഹ്യമായ (കൂട്ടായ) ഉല്പാദനവും വളർന്നുവരുവാൻ തുടങ്ങി. രണ്ടിലുമുണ്ടാകുന്ന ഉല്പന്നങ്ങൾ ഒരു കമ്പോളത്തിലാണു് വിററിരുന്നതു്; അതുകൊണ്ടു് രണ്ടിനും ഏകദേശം ഒരേ വിലതന്നെയാണു് കിട്ടിക്കൊണ്ടിരുന്നതു്. എന്നാൽ നിശ്ചിതമായ പദ്ധതിയനുസരിച്ചുള്ള പ്രവൃത്തിവിഭജനം തന്നത്താനുണ്ടായ പ്രവൃത്തിവിഭജനത്തെക്കാൾ ശക്തിയുള്ളതായിരുന്നു. വളരെയധികം ആളുകൾ ഒന്നിച്ചു പ്രവർത്തിക്കുന്ന ഫാക്ടറികൾക്കു ഒററയ്ക്കു പ്രവർത്തിക്കുന്ന ചെറുകൈത്തൊഴിൽക്കാരേക്കാൾ എത്രയോ വിലകുറഞ്ഞ തോതിൽ ചരക്കുകളുൽപാദിപ്പിക്കാൻ കഴിഞ്ഞു. ഒന്നൊന്നായി വ്യക്തിപരമായ ഉൽപ്പാദനരീതി നശിക്കാൻ തുടങ്ങി. സാമൂഹ്യമായിത്തീന്ന ഉൽപാദനം പഴയ ഉൽപാദനരീതികളെയെല്ലാം ആകമാനം മാററിമറിച്ചു. പക്ഷെ ഈ മാററത്തിന്റെ വിപ്ലവകരമായ സ്വഭാവം ആളുകൾ തീരെ മനസ്സിലാക്കിയില്ല; ചരക്കുകളുടെ ഉൽപാദനത്തെ വളർത്താനും വർദ്ധിപ്പിക്കാനുമുള്ള ഒരു ഉപായമായിട്ടുമാത്രമാണു്, അവർ ഈ മാററങ്ങൾ വരുത്തിയതു് പുതിയ ഉൽപാദനരീതി ആവിർഭവിച്ച സമയത്തു്, ചരക്കുകൾ ഉണ്ടാക്കാനും കൈമാററാനുമുള്ള ചില ഉപകരണങ്ങൾ — വ്യാപാരമൂലധനം, കൈത്തൊഴിൽ, കൂലിവേല — സ്വതവേതന്നെ നിലവി

ലുള്ളതായി അതുകണ്ടു; ആ ഉപകരണങ്ങളെ അതു ലോഭംകൂടാതെ ഉപയോഗപ്പെടുത്തുകയും ചെയ്തു. അതായതു് ചരക്കുകളുണ്ടാക്കാനുള്ള ഒരു പുതിയ സമ്പ്രദായമായിട്ടാണു സാമൂഹ്യോൽപാദനരീതി ഒന്നാമതു് ആവിർഭവിച്ചതു്. അതുകൊണ്ടു് ചരക്കനിർമ്മാണവ്യവസ്ഥയിൻകിഴിൽ ഉണ്ടാവുന്ന ഉല്പന്നങ്ങൾ എങ്ങിനെ വ്യക്തികൾ സ്വകാര്യസ്വത്തായെടുത്തുവോ, ആ നിലതന്നെ സാമൂഹ്യോൽപാദനത്തിൻകീഴിലും യാതൊരു മാററവും ഇല്ലാതെ തുടർന്നുപോന്നു.

മദ്ധ്യകാലത്തെ ചരക്കുകളുടെ ഉൽപാദനത്തിൻകീഴിൽ അദ്ധ്വാനഫലത്തിൻെറ ഉടമയാരെന്ന ചോദ്യം ഉത്ഭവിച്ചിരുന്നതേയില്ല. ഓരോ ഉൽപാദകനും താനുണ്ടാക്കിയ അസംസ്കൃത പദാർത്ഥങ്ങളുപയോഗിച്ചു്, തൻെറ സ്വന്തം പണിയായുധങ്ങളുടെ സഹായത്തോടുകൂടി, തൻെറയോ തൻെറ കടുംബാംഗങ്ങളുടെയോ അദ്ധ്വാനംകൊണ്ടു ചരക്കുണ്ടാക്കുകയാണു് ചെയ്തിരുന്നതു്. അതുകൊണ്ടു അങ്ങിനെയുണ്ടാക്കുന്ന ഉൽപന്നത്തെ മനഃപൂർവ്വം തൻെറ സ്വകാര്യസ്വത്താക്കിയെടുക്കേണ്ട ആവശ്യമേ അയാൾക്കുണ്ടായിരുന്നില്ല. അതു മുഴുവനും സ്വാഭാവികമായി അയാളുടേതന്നെയായിരുന്നു. അതായതു് ഉൽപന്നത്തിൽ അയാൾക്കുണ്ടായിരുന്ന അവകാശം അയാളുടെ സ്വന്തം അദ്ധ്വാനത്തെ അടിസ്ഥാനപ്പെടുത്തിയതാണു്. പുറമേനിന്നും വല്ല സഹായവും അയാൾക്കു കിട്ടിയിരുന്നുവെങ്കിൽതന്നെ അതു കേവലം അപ്രധാനമായിരുന്നു. തന്നെയല്ല, ആ സഹായങ്ങൾ കൂലിയായിട്ടല്ല, അതിനേക്കാളധികം മററു ചില വിധത്തിലാണു് ഫലം നൽകിയിരുന്നതു്.

ഗിൽഡിയിലെ പരിശീലനക്കാരും പ്രവൃത്തിക്കാരും പ്രവൃത്തിയെടുത്തിരുന്നതു് കൂലിക്കു വേണ്ടിയായിരുന്നില്ല; അതിനേക്കാളധികം കൈത്തൊഴിൽ വിദഗ്ദ്ധപരിശീലനം സമ്പാദിക്കാൻ വേണ്ടിയായിരുന്നു.

ഈ ഘട്ടത്തിലാണ് ഉല്പാദനോപകരണങ്ങളും ഉല്പാദകന്മാരും വമ്പിച്ചവ്യവസായങ്ങളിലും തൊഴിൽശാലകളിലും കേന്ദ്രീകരിക്കപ്പെട്ടതു്; ശരിക്കുള്ള സാമൂഹ്യോല്പാദനോപകരണങ്ങളും സാമൂഹ്യോല്പാദകന്മാരുമായി രൂപാന്തരപ്പെട്ടതു്. എന്നാൽ,സാമൂഹ്യരൂപം കൈക്കൊണ്ടിരുന്ന ഉല്പാദനോപകരണങ്ങളേയും ഉല്പാദകന്മാരേയും ഈ മാററത്തിനുശേഷവും പണ്ടത്തെപ്പോലെതന്നെയാണു് കണക്കാക്കിയതു്.! അതായതു്, ഉല്പാദനോപകരണങ്ങളും ഉല്പന്നങ്ങളും വ്യക്തികളുടെ സ്വകാര്യസ്വത്തായിട്ടാണു് പിന്നെയും കണക്കാക്കപ്പെട്ടുപോന്നതെന്നർത്ഥം, ഇതുവരെക്കും ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥൻതന്നെ ഉൽപന്നത്തേയും സ്വായത്തമാക്കിപ്പോന്നു; കാരണം ഒട്ടുമുക്കാലും അതു അയാളുടെ സ്വന്തം അദ്ധ്വാനഫലംതന്നെയായിരിക്കും; മററുള്ളവരുടെ സഹായം അപൂർവ്വമായിട്ടേ ഉണ്ടായിരുന്നുള്ളു. എന്നാൽ ഇപ്പോഴാകട്ടെ ഉൽപാദനോപകരണങ്ങളുടെ ഉടമസ്ഥൻതന്നെ ഉൽപന്നത്തേയും അനുഭവിച്ചുപോന്നതു മൌലികമായ ഒരു മാററം വന്നിട്ടുള്ളതിനെ വകവെക്കാതെയാണു്. അതു് അയാളുടെ അദ്ധ്വാനഫലമല്ലാതായിത്തീർന്നിരിക്കുന്നു. പൂർണ്ണമായും അതു മററുള്ളവരുടെ അദ്ധ്വാനഫലമായിരിക്കുന്നു. അങ്ങിനെ സാമൂഹ്യമായി ഉണ്ടാക്കുന്ന ഉൽപന്നങ്ങൾ, ഉൽപാദനോപകരണങ്ങൾകൊണ്ടു യഥാർത്ഥത്തിൽ പ്രവൃത്തി നിർവഹിച്ചവർക്കല്ല, വാസ്തവത്തിൽ ചരക്കുണ്ടാക്കിയവർക്കല്ല, കിട്ടുന്നതെന്നനിലവന്നു. അതെല്ലാം മുതലാളി സ്വായത്തമാക്കിപ്പോന്നു. ഉല്പാദനോപകരണങ്ങളും ഉല്പാദനംതന്നേയും വാസ്തവത്തിൽ സാമൂഹ്യമായിത്തീർന്നിരിക്കുന്നു; എന്നാൽ വ്യക്തികൾ സ്വകാര്യമായി ഉല്പാദനം നടത്തുകയും അതേകാരണത്താൽ ഉല്പന്നങ്ങൾ അവർ കൈവശം വെച്ചു കമ്പോളത്തിൽ കൊണ്ടുപോയി വില്ക്കുകയും ചെയ്യുന്ന സമ്പ്രദായത്തിൽ കീഴിലെപ്പോലെതന്നെ, ഇപ്പോഴും സാമൂഹ്യോല്പന്നങ്ങളെ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥൻ സ്വകാര്യസ്വത്താക്കി വെച്ചു. ഇങ്ങിനെ ഉല്പാദനരീതി ഈ സ്വകാര്യസ്വത്തുടമസ്ഥ

തയ്ക്കു വിരോധമായി നിന്നുവെങ്കിലും, അത്തരം ഉടമസ്ഥതയ്ക്കുള്ള അടിത്തറയാകട്ടെ, തകർന്നുകഴിഞ്ഞിരിക്കുന്നുതാനും.*

പുതിയ ഉല്പാദനസമ്പ്രദായത്തിന്നു് അതിന്റെ മുതലാളിത്തപരമായ സ്വഭാവം നൽകുന്ന ഈ വൈരുദ്ധ്യത്തിൽ ഇന്നത്തെ എല്ലാ സാമൂഹ്യവൈരങ്ങളുടേയും ബീജം അടങ്ങിയിട്ടുണ്ടു്. ഉല്പാദനത്തിന്റെ എല്ലാ ഭാഗങ്ങളിലും വ്യവസായപ്രധാനങ്ങളായ എല്ലാ രാജ്യങ്ങളിലും പുതിയ ഉല്പാദനസമ്പ്രദായത്തിന്റെ നിയന്ത്രണം വർദ്ധിച്ചുവരുന്നതോടുകൂടി—വ്യക്തിപരമായ ഉല്പാദനത്തെ അതു് അധികമധികം അഗണ്യകോടിയിലേയ്ക്കു തള്ളിനീക്കുന്നതോടുകൂടി—സാമൂഹ്യമായിത്തീർന്ന ഉല്പാദനവും മുതലാളിയുടെ സ്വകാര്യസ്വത്തുടമസ്ഥതയും തമ്മിലുള്ള പൊരുത്തമില്ലായ്മ അധികമധികം വ്യക്തമായി പ്രത്യക്ഷപ്പെടാൻ തുടങ്ങി.

ഞങ്ങൾ മുമ്പു പറകയുണ്ടായി, മുതലാളിയല്ല കൂലിവേലസ്സമ്പ്രദായം ഉണ്ടാക്കിയതെന്നു്. ആദ്യത്തെ മുതലാളിതന്നെ, മററു

* ഉല്പന്നങ്ങളുടെ ഉടമസ്ഥതയുടെ രൂപം പഴയപടിതന്നെ നിലനില്ക്കുന്നുണ്ടെങ്കിൽകൂടി, ഉല്പാദനത്തിൽ വന്നിട്ടുള്ള മുൻകാണിച്ച മാററങ്ങൾ ഉല്പന്നങ്ങളുടെ ഉടമസ്ഥതയുടെ സ്വഭാവത്തിൽ (അതായതു്, ഉല്പന്നങ്ങളെ ഉല്പാദനോപകരണങ്ങളുടെ ഉടമസ്ഥന്മാർ ഏതുവിധമാണു് സ്വായത്തമാക്കിത്തീർക്കുന്നതെന്ന കാര്യത്തിൽ) മൌലികമായ മാററം വരുത്തിയിട്ടുണ്ടെന്നു ഇവിടെ എടുത്തു പറയേണ്ടതില്ല. ഞാൻ സ്വന്തമാക്കുന്നതു് എന്റെ അദ്ധ്വാനഫലമോ മറെറാരാളുടേതോ എന്നതു തീർച്ചയായും രണ്ടും രണ്ടാണു്. കൂട്ടത്തിൽ മറെറാരുകാര്യവും നിങ്ങൾ ശ്രദ്ധിച്ചാൽ വേണ്ടില്ല. മുതലാളിത്തപരമായ ഉൽപാദനരീതിയെയാകെ ബീജരൂപത്തിൽ ഉൾക്കൊള്ളുന്ന കൂലിവേലസ്സമ്പ്രദായം വളരെപ്പഴയ ഒരേർപ്പാടാണു്. അടിമയുടെ അദ്ധ്വാനകാലം മുതൽ അങ്ങിങ്ങു ചിതറിക്കിടക്കുന്ന രൂപത്തിൽ അതു വളരെ നൂററാണ്ടുകളായി നിലവിലുണ്ടായിരുന്നതാണു്. എന്നാൽ അതിന്റെ വളർച്ചക്കു ആവശ്യമായ ചരിത്രപരമായ പൂർവ്വോപാധികൾ പ്രത്യക്ഷപ്പെട്ടതോടുകൂടി മാത്രമേ ഈ ബീജത്തിന്നു് മുതലാളിത്തപരമായ ഉല്പാദനസമ്പ്രദായത്തിന്റെ രൂപം കൈക്കൊള്ളുവാൻ സാധിച്ചുള്ളുവെന്നു മാത്രം—എംഗൽസ്.

തരം അദ്ധ്വാനസമ്പ്രദായങ്ങളോടൊപ്പം കൂലിവേലയും കമ്പോളത്തിൽ വില്പനക്കിരിക്കുന്നതു കണ്ടു; എന്നാൽ അന്നു കൂലിവേല അപൂർവ്വമായിരുന്നു, അപ്രധാനമായിരുന്നു, താല്ക്കാലികമായിരുന്നു, മററുതരം അദ്ധ്വാനത്തെ സഹായിക്കാനുള്ളതായിരുന്നു. കാർഷികത്തൊഴിലാളി ഇടക്കിടയ്ക്കു് ദിവസക്കൂലി വാങ്ങി പണിക്കുപോയിരുന്നുവെങ്കിലും, അയാൾക്കും ഒരു തുണ്ടം പറമ്പു് സ്വന്തമായുണ്ടായിരുന്നു; ഒന്നുമില്ലെങ്കിൽ അയാൾക്കതുമതി ജീവിക്കാൻ. ഗിൽഡിലെ ഇന്നത്തെ വേലക്കാരൻ നാളത്തെ ഗിൽഡ് യജമാനനായിത്തീരത്തക്കവിധമാണു് ഗിൽഡുകളുടെ ഘടനതന്നെ നിർവ്വഹിക്കപ്പെട്ടിരുന്നതു്. എന്നാൽ, ഉൽപാദനോപകരണങ്ങൾ സാമൂഹ്യമായിത്തീർന്നതോടുകൂടി — അവ ചുരുക്കം മുതലാളികളുടെ കയ്യിൽ കേന്ദ്രീകരിക്കപ്പെട്ടതോടുകൂടി — ഇതെല്ലാം പമ്പകടന്നു. വ്യക്തികളുടെ ഉൽപാദനോപകരണങ്ങൾക്കെന്നപോലെ ഉൽപന്നത്തിനും ക്രമേണ വിലകുറഞ്ഞുവന്നു. കൈത്തൊഴിൽ വേലക്കാരൻ മുതലാളിയുടെ കീഴിൽ കൂലിവേലക്കാരനാവുകയല്ലാതെ ഗതിയില്ലെന്നായി. പണ്ടു് അപ്രധാനവും അപൂർവ്വവും മാത്രമായിരുന്ന കൂലിവേല ഇപ്പോൾ എല്ലാ ഉൽപാദനത്തിന്റെയും നിയമവും നിദാനവുമായിത്തീർന്നു. പണ്ടു കൂലിവേല താല്ക്കാലികമായിരുന്നുവെങ്കിൽ, ഇപ്പോൾ കൂലിവേല മാത്രമായിത്തീർന്നു തൊഴിലാളിയുടെ ഒരേയൊരുപജീവനമാർഗ്ഗം. കുറച്ചുകാലത്തേക്കു് മാത്രം കൂലിവേലക്കാരനായിരുന്നവൻ ആജീവനാന്തം കൂലിവേലക്കാരനായിത്തീർന്നു. ഇതേ സമയത്തുതന്നെ നാടുവാഴിവ്യവസ്ഥ പൊടിഞ്ഞുതകർന്നു; ജന്മിപ്രഭുക്കൾ സ്വന്തം പരിചാരകസൈന്യത്തെ പിരിച്ചുവിട്ടു; കുടിയിരിപ്പുകളിൽ നിന്നു കൃഷിക്കാരെ ഇറക്കി; ഇതിന്റെയെല്ലാം ഫലമായി എന്നും കൂലിവേല ചെയ്യുന്നവരുടെ എണ്ണം ആയിരം മടങ്ങു വർദ്ധിച്ചു. മുതലാളികളുടെ കയ്യിൽ കേന്ദ്രീകൃതമായിത്തീർന്ന ഉല്പാദനോപകരണങ്ങളും അദ്ധ്വാനശക്തിയല്ലാതെ മറെറാന്നും കൈവശമില്ലാത്ത ഉൽപാദകന്മാരും തമ്മിലുള്ള

വേർപാടു് പരിപൂൎണ്ണമായിത്തീൎന്നു. സാമൂഹ്യോൽപാദനവും സ്വകാൎയ്യസ്വത്തുടമസ്ഥതയും തമ്മിലുള്ള പരസ്പര വൈരുദ്ധ്യം മുതലാളിവൎഗ്ഗവും തൊഴിലാളിവൎഗ്ഗവും തമ്മിലുള്ള വൈരമായി സ്വയം പ്രത്യക്ഷപ്പെട്ടു.

ഒററക്കൊററക്കു് ചരക്കുണ്ടാക്കുന്നവരുടെ—ഇവർ തമ്മിലുള്ള ഒരേയൊരു സാമൂഹ്യബന്ധം ചരക്കുകളുടെ കൈമാററമാണു്—സമുദായത്തിലേക്കാണു് മുതലാളിത്തോൽപാദനരീതി കടന്നുചെന്നതെന്നു് നാം കാണുകയുണ്ടായി. എന്നാൽ, ചരക്കുകളുടെ ഉൽപാദനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള എല്ലാ സമുദായങ്ങൾക്കും ഈയൊരു സവിശേഷതയുണ്ടു്: ഉൽപാദകന്മാരുടെ തമ്മിൽത്തമ്മിലുള്ള സാമൂഹ്യബന്ധങ്ങളിൽ അവക്കു തന്നെ യാതൊരു നിയന്ത്രണവും ഇല്ല. തന്റെ കയ്യിലുള്ള ഉല്പാദനോപകരണങ്ങൾ മാത്രമുപയോഗിച്ചു് തന്റെ മററാവശ്യങ്ങൾ സാധിക്കാൻ എത്ര ചരക്കു് കൈമാററണമോ, അത്ര സാധനങ്ങൾ ഓരോരുത്തരും സ്വന്തമായി ഉണ്ടാക്കുന്നു. താനുണ്ടാക്കുന്നപ്രത്യേകചരക്കു് എത്രകണ്ടു് കമ്പോളത്തിൽ വരുന്നുണ്ടു്, അതിന്നെത്ര ആവശ്യക്കാരുണ്ടു്, എന്നൊന്നും യാതൊരാൾക്കും അറിയില്ല. തന്റെ ചരക്കിനു, അത്തരം ചരക്കിനു യഥാൎത്ഥത്തിലുള്ള ആവശ്യത്തെ തൃപ്തിപ്പെടുത്താൻ കഴിയുമോ, തന്റെ ചരക്കു് വിററാൽ അദ്ധ്വാനത്തിനുള്ള വിലവെങ്കിലും കിട്ടുമോ, അത്രയും വേണ്ട, തന്റെ ചരക്കു വിലപോകുമോ എന്ന കാൎയ്യം പോലും അയാൾക്കു നിശ്ചയമില്ല. സമുദായത്തിലാകെ ഉല്പാദനത്തിൽ അരാജകത്വം എതിരില്ലാതെ ഭരണം നടത്തുന്നു.

ചരക്കു മററുല്പാദനരീതിയെപ്പോലെ ചരക്കുനിൎമ്മാണസമ്പ്രദായത്തിനും അതിൽനിന്നു അഭേദ്യമായ—അതിൽത്തന്നെ ലീനമായി നിൽക്കുന്ന—ചില പ്രത്യേകനിയമങ്ങളുണ്ടു്. അരാജകത്വമുണ്ടായാലും ആ അരാജകത്വത്തിനുള്ളിൽതന്നെ അതിന്നിടയിലൂടെതന്നെ, ഈ നിയമങ്ങൾ പ്രവൎത്തിക്കും. ചരക്കുകളുണ്ടാക്കുന്ന സമുദായത്തിൽ സ്ഥായിയായി നിലനിൽക്കുന്ന

ഒരേ സാമൂഹ്യബന്ധമായ ചരക്കുകളുടെ കൈമാററത്തിൽ ഈ നിയമങ്ങൾ സ്വയം പ്രത്യക്ഷപ്പെടുന്നു; ഇവിടെയും കച്ചവടമത്സരത്തിൻെറ നിർബ്ബന്ധനിയമങ്ങളായി ഓരോ ഉല്പാദകനേയും ഇവ ബാധിക്കുകയും ചെയ്യുന്നു. ആദ്യം അവയെ ഈ ഉല്പാദകന്മാർ തന്നെ തിരിച്ചറിയില്ല. ക്രമേണയും അനുഭവംകൊണ്ടും മാത്രമേ ഇന്നു് അവയെ ഉല്പാദകന്മാർ തന്നെ കണ്ടുപിടിക്കാൻ കഴികയുള്ളു. അവർ പ്രത്യേകമായുള്ള ആ ഉല്പാദനരീതിയുടെ ഒഴിക്കാൻ വയ്യാത്ത സ്വാഭാവികനിയമങ്ങളുടെ രൂപത്തിൽ ഉല്പാദകന്മാരിൽ നിന്നു വേറിട്ടും അവർക്കെതിരായും അവ പ്രവർത്തിക്കുന്നു, പ്രത്യക്ഷപ്പെടുന്നു.

മദ്ധ്യകാലസമുദായത്തിൽ, വിശേഷിച്ചും ആദ്യത്തെ നൂററാണ്ടുകളിൽ, വ്യക്തിയുടെ ആവശ്യങ്ങൾ നിവർത്തിക്കുവാൻ വേണ്ടിയാണു് ഉല്പാദനം നടത്തിയിരുന്നതു്. പ്രധാനമായി ഉല്പാദകൻെറയും അയാളുടെ കുടുംബത്തിൻെറയും ആവശ്യങ്ങൾ മാത്രമേ അതുകൊണ്ടു നിർവ്വഹിക്കപ്പെട്ടിരുന്നുള്ളു. നാട്ടിൻപുറങ്ങളിലുണ്ടായിരുന്നതുപോലെ മററു വല്ലവരുടേയും അടിയാളനായിട്ടാണു് ജീവിതം നയിക്കേണ്ടതെങ്കിൽ, ഉല്പാദനം നാടുവാഴി പ്രഭുവിൻെറ ആവശ്യങ്ങൾ നിവർത്തിക്കുവാൻ കൂടി സഹായിച്ചു. ഇതിലൊന്നും തന്നെ അപ്പോൾ കൈമാററമുണ്ടായിരുന്നില്ല; അതുകൊണ്ടു ഉല്പന്നങ്ങൾ ചരക്കുകളുടെ സ്വഭാവം കൈക്കൊണ്ടിരുന്നില്ല. കൃഷിക്കാരൻെറ കുടുംബം അവർക്കാവശ്യമായതു മിക്കതും—വസ്ത്രങ്ങളും വീട്ടുസാമാനങ്ങളും ഭക്ഷണസാധനങ്ങളും എല്ലാം—സ്വയം ഉല്പാദിപ്പിച്ചു് കുടുംബത്തിൻെറ ആവശ്യങ്ങൾ നിർവ്വഹിക്കാൻ വേണ്ടതും ജന്മിക്കു കൊടുക്കേണ്ടതും കഴിച്ചു് കൂടുതലായി സാധനങ്ങൾ ഉല്പാദിപ്പിക്കുവാൻ തുടങ്ങിയതുമുതല്ക്കാണു് ചരക്കുകളുടെ ഉല്പാദനം ആരംഭിക്കുന്നതു്. ഈ മിച്ചം സമുദായത്തിലെ മററുള്ളവർക്കു വിററു കൈമാററുന്നതിനായി കമ്പോളത്തിൽ ഇറക്കപ്പെടുകയും, അങ്ങിനെ അതു ചരക്കുകളായിത്തീരുകയും ചെയ്തു.

പട്ടണങ്ങളിലെ കൈവേലക്കാർക്കു ആദ്യംമുതൽക്കുതന്നെ കൈമാററത്തിനുവേണ്ടി ഉല്പാദനം നടത്തേണ്ടിയിരുന്നുവെന്നതു് ശരിയാണു്. എങ്കിലും തങ്ങളുടെ ആവശ്യത്തിനുവേണ്ട സാധനങ്ങളിൽ അധികവും അവർതന്നെ ഉണ്ടാക്കുകയായിരുന്നു പതിവു്. അവക്കു തോട്ടങ്ങളും നിലങ്ങളുമുണ്ടായിരുന്നു. പൊതുവുടമയിൻകീഴിലുള്ള കാട്ടിലേയ്ക്കു് അവർ തങ്ങളുടെ കന്നുകാലികളെ അഴിച്ചുവിടും; അതിൽനിന്നുതന്നെ അവക്കു വേണ്ട മരവും വിറകും എടുക്കുകയും ചെയ്യും. സ്ത്രീകൾ 'ഫ്ളാക്സ്' (ഒരുതരം ചണം), കമ്പിളി തുടങ്ങിയവ നൂററു നൂലാക്കി. കൈമാററത്തിനുവേണ്ടിയുള്ള ഉല്പാദനം, ചരക്കുകളുടെ ഉല്പാദനം, ശൈശവാവസ്ഥയിൽ മാത്രമായിരുന്നു. അതിനാൽ കൈമാററം പരിമിതമായിരുന്നു; കമ്പോളം ചെറുതായിരുന്നു. ഉല്പാദനസമ്പ്രദായം സ്ഥിരമായിരുന്നു. ബാഹ്യമായി നോക്കുമ്പോൾ ഉല്പാദനം അതാതുദിക്കിൽ ഒററപ്പെട്ടതായിരുന്നു; എന്നാൽ അഭ്യന്തരമായി ഓരോ സ്ഥലത്തും പ്രാദേശികമായ ഐക്യവുമുണ്ടായിരുന്നു—പട്ടണത്തിൽ ഗിൽഡു്, നാട്ടിൻപുറങ്ങളിലാണെങ്കിൽ കർഷകപഞ്ചായത്തു്.

എന്നാൽ, ചരക്കുകളുടെ ഉല്പാദനത്തിന്റെ വ്യാപ്തിയേറിയതോടുകൂടി—വിശേഷിച്ചും മുതലാളിത്തപരമായ ഉല്പാദനസമ്പ്രദായം നടപ്പിൽ വന്നതോടുകൂടി—ഇത്രകാലവും ഒളിഞ്ഞുകിടക്കുകയായിരുന്ന ചരക്കുനിർമ്മാണത്തിന്റെ നിയമങ്ങൾ കൂടുതൽ പരസ്യമായും കൂടുതൽ ശക്തിയോടുകൂടിയും പ്രവർത്തിക്കുവാൻ തുടങ്ങി. പഴയ ബന്ധങ്ങളെല്ലാം അഴിഞ്ഞു. പഴയ ഒററതിരിഞ്ഞ നിലയുടെ അതിർവരമ്പുകൾ തകർക്കപ്പെട്ടു. ഉല്പാദകന്മാർ അധികമധികം സ്വതന്ത്രരും ഒററക്കൊററക്കു പ്രവർത്തിക്കുന്നവരുമായ ചരക്കുനിർമ്മാതാക്കന്മാരായി മാറി. സമുദായത്തെയാകെ എടുത്തുനോക്കുമ്പോൾ ഉല്പാദനത്തിൽ യാതൊരു വ്യവസ്ഥയുമില്ലെന്നും, അതു തീരെ യാദൃച്ഛികമായിട്ടാണു് നടക്കുന്ന

തെന്നുമുള്ള വാസ്തവം തെളിഞ്ഞു കാണപ്പെട്ടു. മാത്രമല്ല, ഈ അരാജകത്വം നാൾക്കുനാൾ ഭയങ്കരമായിത്തീൎന്നു. എന്നാൽ മുതലാളിത്തോല്പാദനരീതി സാമൂഹ്യോല്പാദനത്തിനുള്ള ഈ അരാജകത്വത്തിനു ഉഗ്രതകൂട്ടിയതു് അരാജകത്വത്തിന്റെ നേരെ വിപരീതമായ ഒരു തത്വപ്രവൎത്തനംകൊണ്ടായിരുന്നു. ഓരോ ഉൽപാദനസ്ഥാപനത്തിലും വ്യവസായശാലയിലും സമൂഹ്യമായ അടിസ്ഥാനത്തിന്മേൽ ഉൽപാദനത്തെ അധികമധികം സംഘടിപ്പിക്കുകയാണു് ചെയ്തതു്. ഇതുകൊണ്ടു പ്രശാന്തവും സ്ഥിരവുമായിരുന്ന ആ പഴയ നിലയാകെ തകിടംമറിഞ്ഞു. ഏതെങ്കിലുമൊരു വ്യവസായശാഖയിൽ ഈ ഉൽപാദനസംഘടനയെ ഒരിക്കൽ നടപ്പിൽ വരുത്തിയാൽ, പിന്നീടതിന്റെ അയൽപക്കത്തു മറെറാരു ഉൽപ്പാദനരീതിയേയും അതു വെച്ചുപൊറുപ്പിക്കയില്ല. അദ്ധ്വാനത്തിന്റെ രംഗം ഒരു യുദ്ധരംഗമായി. ഭൂമിശാസ്ത്രപരമായ വമ്പിച്ച കണ്ടുപിടിത്തങ്ങളും അവയെത്തുടൎന്നു കോളനികൾ സ്ഥാപിക്കപ്പെട്ടതും കമ്പോളങ്ങളെ അതിരില്ലാതെ വൎദ്ധിപ്പിച്ചു. കൈത്തൊഴിലിനെ വ്യവസായമാക്കി മാററി. ഓരോരോ പ്രദേശങ്ങളിലെ ഓരോരോ ഉൽപാദകന്മാർ തമ്മിൽ മാത്രമല്ല മത്സരം ഉണ്ടായിത്തീൎന്നതു്; പ്രാദേശികമായ മത്സരങ്ങൾ രാജ്യങ്ങൾ തമ്മിലുള്ള മത്സരങ്ങൾക്കും, പതിനേഴാംനൂററാണ്ടിലെയും പതിനെട്ടാംനൂററാണ്ടിലെയും കച്ചവടമത്സരങ്ങൾക്കും വഴിവെച്ചു.

അവസാനമായി, ആധുനികവ്യവസായം ആവിൎഭവിക്കുകയും ലോകകമ്പോളം തുറക്കുകയും ചെയ്തതോടുകൂടി ഈ മത്സരം സാൎവ്വത്രികമായിത്തീൎന്നു. അതേ അവസരത്തിൽ അതിനു് അഭൂതപൂൎവ്വമായ ഒരു ഉഗ്രതയും കിട്ടി. സ്വാഭാവികമോ കൃത്രിമമോ ആയി ഉൽപാദനകാൎയ്യത്തിൽ ഓരോ മുതലാളിക്കും വ്യവസായത്തിനും രാജ്യത്തിനുമുള്ള പ്രത്യേകാനുകൂല്യങ്ങൾ അവയുടെ ജീവിതമരണങ്ങളെ തീൎച്ചപ്പെടുത്തുന്ന ഉപാധികളായിത്തീൎന്നു. സമരത്തിൽ തോററുവീഴുന്നവൻ നിഷ്കരുണം തള്ളിനീക്കപ്പെ

ടുന്നു. ജീവിക്കാൻവേണ്ടി ഓരോ വ്യക്തിയും നടത്തുന്നതും, പ്രകൃതിയിൽനിന്നു സമുദായത്തിലേക്കു വർദ്ധിച്ച ഉഗ്രതയോടെ തർജ്ജമചെയ്യപ്പെട്ടതുമായ 'ഡാർവീനിയൻ' സമരംതന്നെയാണിതു്. മൃഗത്തിന്നു സ്വാഭാവികമായ ജീവിതോപാധികൾ മനുഷ്യന്റെ വളർച്ചയുടെയും അന്തിമലക്ഷ്യമായിത്തീർന്നുവോ എന്നു തോന്നി. സാമൂഹ്യമായ ഉൽപാദനവും മുതലാളിയുടെ സ്വകാര്യസ്വത്തുടമയും തമ്മിലുള്ള പരസ്പരവൈരുദ്ധ്യം ഇപ്പോൾ ഓരോ പ്രവൃത്തിശാലയിലുള്ള ഉൽപാദനസംഘടനയും സമുദായത്തിലാകെ ഉൽപാദനത്തിലുള്ള അരാജകത്വവും തമ്മിലുള്ള വൈരുദ്ധ്യമായി പ്രത്യക്ഷപ്പെട്ടു.

ഉത്ഭവംമുതല്ക്കേ മുതലാളിത്തത്തിനകത്തു ലയിച്ചുകിടക്കുന്ന പൊരുത്തമില്ലായ്മയുടെ ഈ രണ്ടു രൂപങ്ങൾക്കുള്ളിലാണു് മുതലാളിത്തോൽപാദനരീതി ചലിച്ചുകൊണ്ടിരിക്കുന്നതു്. ഫൂറിയർ നേരത്തെ കണ്ടുപിടിച്ചിരുന്ന "വിഷമവൃത്ത"ത്തിൽനിന്നു മുതലാളിത്തത്തിന്നു ഒരിക്കലും പുറത്തു കടക്കാൻ കഴിയുന്നില്ല. എന്നാൽ അന്നു ഫൂറിയക്കു് ഒരു സംഗതി കാണാൻ സാധിച്ചില്ല. ഈ വൃത്തം കുറെശ്ശെക്കുറെശ്ശെയായി ചുരുങ്ങിവരികയാണെന്നു— അതു് അധികമധികം ഒരു ചുരുളിന്റെ രൂപമെടുക്കുകയാണെന്നു— അദ്ദേഹം മനസ്സിലാക്കിയിരുന്നില്ല. അതുകൊണ്ടു, ഗ്രഹങ്ങളുടെ ചലനംപോലെ, ഒടുവിൽ കേന്ദ്രബിന്ദുവിൽ എത്തി കൂട്ടിമുട്ടി മുതലാളിത്തത്തിന്റെ ഈ ചലനവും അവസാനിക്കാതിരിക്കാൻ തരമില്ല. സമുദായത്തെയാകെ എടുക്കുമ്പോൾ സാമൂഹ്യോൽപ്പാദനത്തിലുള്ള അരാജകത്വത്തിന്റെ പ്രചോദകശക്തിയാണു് ജനസംഖ്യയിൽ ബഹുഭൂരിപക്ഷത്തേയും അധികമധികം കൂലിവേലക്കാരാക്കിത്തീർത്തുകൊണ്ടിരിക്കുന്നതു്; ആ തൊഴിലാളിസാമാന്യംതന്നെ ഒടുവിൽ ഉൽപ്പാദനത്തിലെ ഈ അരാജകത്വത്തിന്നു ഒരറുതി വരുത്തുകയും ചെയ്യും. സാമൂഹ്യോല്പാദനത്തിലുള്ള ഈ അരാജകത്വത്തിന്റെ പ്രചോദകശക്തിതന്നെയാണു് ഇന്നത്തെ

വ്യവസായത്തിൻകീഴിൽ യന്ത്രങ്ങൾക്ക അതിരില്ലാതെ പരിഷ്കൃതമായിത്തീരാനുള്ള സാദ്ധ്യതയെ ഒരു നിർബ്ബന്ധനിയമമാക്കി മാററിയിട്ടുള്ളതു്. ഈ നിയമത്തിൻകീഴിൽ ഓരോ വ്യവസായമുതലാളിയും തൻെറ യന്ത്രങ്ങളെ സദാപി അധികമധികം പരിഷ്കരിച്ചുകൊണ്ടിരിക്കാൻ നിർബ്ബന്ധിതനായിത്തീരുന്നു; അല്ലെങ്കിൽ അയാൾക്ക പൊളിഞ്ഞു പാപ്പരാവേണ്ടിവരും.

എന്താണു് യന്ത്രങ്ങളെ ഇങ്ങനെ അധികമധികം പരിഷ്കരിക്കുന്നതിൻെറ ഫലം ? മനുഷ്യാദ്ധ്വാനം അധികമധികം അനാവശ്യമായിത്തീരുന്നു. ഉൽപാദനത്തിൽ യന്ത്രങ്ങളെ ഉപയോഗിക്കാൻ തുടങ്ങുകയും അവയുടെ ഉപയോഗത്തെ വിപുലപ്പെടുത്തുകയും ചെയ്തതിൻെറ ഫലമായി ലക്ഷോപലക്ഷം കൈവേലക്കാരുടെ സ്ഥാനം സ്വല്പം യന്ത്രവേലക്കാർ കൈവശപ്പെടുത്തുകയാണുണ്ടായതെങ്കിൽ, യന്ത്രങ്ങളെ കൂടുതൽ പരിഷ്കരിക്കുന്നതുകൊണ്ടു ഈ സ്വല്പം യന്ത്രത്തൊഴിലാളികളിൽത്തന്നെ അധികമധികം പേൎക്കു വേലയില്ലാതായിത്തീരും. അതായതു്, ചുരുക്കത്തിൽ, സാധാരണ കാലത്തു് മുതലാളികൾക്കു ആവശ്യമുള്ളതിൽ കവിഞ്ഞ തോതിൽ കുറെ കൂലിവേലക്കാരുണ്ടായിത്തീരുകയെന്നതാണു് ഇതിൻെറ ഫലം—എന്നു വെച്ചാൽ, 1845-ൽ* ഞാൻ പറഞ്ഞപോലെ, പരിപൂൎണ്ണമായ ഒരു "വ്യവസായ റിസൎവ് പട്ടാളം" (വ്യവസായത്തിന്നാവശ്യമുള്ളപ്പോൾ മാത്രം വിളിച്ചുപയോഗപ്പെടുത്താൻവേണ്ടി നിൎത്തുന്ന ഒരു കരുതൽസൈന്യം) സൃഷ്ടിക്കപ്പെടുന്നു. വ്യവസായം ഊൎജ്ജിതമായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സമയത്തു് മുതലാളികൾക്കു് ഇവരെ സുലഭമായി ഉപയോഗപ്പെടുത്താം; അതിനെത്തുടൎന്നു് അനിവാൎയ്യമായുണ്ടാകുന്ന അധഃപതനസമയത്തു് ഇവരെ യഥേഷ്ടം പുറംതള്ളുകയും ചെയ്യാം. ജീവിക്കാൻവേണ്ടിത്തന്നെ തൊഴിലാളിവൎഗ്ഗത്തിനു മൂല

* "ഇംഗ്ലണ്ടിൽ തൊഴിലാളി വൎഗ്ഗത്തിൻെറ നില," 1815-ൽ എംഗൽസ് ഇംഗ്ലണ്ടിൽവെച്ചു പ്രസിദ്ധീകരിച്ച പുസ്തകം.

ധനവുമായി നടത്തേണ്ടിവരുന്ന സമരത്തിൽ അതിനെ നിരന്തരം തടസ്ഥപ്പെടുത്തുന്ന ഒരു കാൽക്കുടുക്കായി ഈ പട്ടിണിപ്പട്ടാളം പ്രവർത്തിക്കുന്നു; ഇവരെ ഉപയോഗിച്ചു് മുതലാളിയുടെ താല്പര്യത്തിന്നൊത്തു കൂലി ഏററവും കുറഞ്ഞതോതിൽ നിർത്താൻ അയാൾക്കു കഴിയുന്നു. അപ്പോൾ എന്തൊന്നാണു സംഭവിക്കുന്നതു്? മാർക്സ് പറയുന്നതുപോലെ, യന്ത്രം തൊഴിലാളിവർഗ്ഗത്തിന്നെതിരായ സമരത്തിൽ മൂലധനത്തിന്നുപയോഗിക്കാനുള്ള ഏററവും ഫലപ്രദമായ ഒരു ആയുധമായിത്തീരുന്നു; അദ്ധ്വാനോപകരണങ്ങൾ തന്നെ അദ്ധ്വാനിക്കുന്നവന്റെ കയ്യിൽനിന്നു അവന്റെ ഉപജീവനമാർഗ്ഗത്തെ നിരന്തരം തട്ടിയെടുക്കുന്നു; തൊഴിലാളി ഉണ്ടാക്കിയ ഉൽപ്പന്നംതന്നെ അവനെ അടിച്ചമർത്തുന്നതിനുള്ള ഒരുപകരണമായി മാറുന്നു. മാത്രമല്ല, അദ്ധ്വാനോപകരണങ്ങൾക്കു ചിലവു കുറക്കാനുള്ള പരിശ്രമം, അതേസമയത്തുതന്നെ, തുടക്കം മുതല്ക്കു, കണ്ടമാനം അദ്ധ്വാനശക്തിയെ നശിപ്പിക്കലായിത്തീരുന്നു; വേലക്കാരൻ സ്വതവേ പ്രവൃത്തിയെടുക്കുന്ന സാധാരണ പരിതഃസ്ഥിതിയെ അടിസ്ഥാനപ്പെടുത്തിത്തന്നെയുള്ള തട്ടിപ്പറിയായിത്തീരുന്നു; "അദ്ധ്വാനസമയം കുറയ്ക്കുന്നതിനുള്ള ഏററവും ശക്തിയേറിയ ഒരായുധമായ യന്ത്രം തൊഴിലാളിയുടെയും അവന്റെ കുടുംബത്തിന്റെയും ജീവിതത്തിലെ ഓരോ നിമിഷത്തെയും മുതലാളിയുടെ സ്വന്തം മൂലധനത്തിന്റെ വികാസം വർദ്ധിപ്പിക്കുകയെന്ന ഏകോദ്ദേശത്തിന്നുവേണ്ടി യഥേഷ്ടം ഉപയോഗിക്കാൻ തക്കവിധം ഏററവും ഫലപ്രദമായ ഒരുപകരണമായിത്തീരുന്നു." (മാർക്സ്, "കാപ്പിററൽ") അതുമല്ല, കുറെയാളുകൾ കൂടുതൽ അത്യദ്ധ്വാനം ചെയ്യുകയെന്നതു് മററുള്ളവർ തീരെ പണിയെടുക്കാതിരിക്കുന്നതിന്റെ പ്രാഥമികോപാധിയാണെന്നു വരുന്നു. ലോകത്തിന്റെ നാനാഭാഗത്തും പുതിയ പുതിയ ഉപഭോക്താക്കളെ (ചരക്കുവാങ്ങി ഉപയോഗിക്കുന്നവരെ) തേടിനടക്കുന്ന ആധുനിക വ്യവസായം, സ്വന്തം രാജ്യത്തെ ബഹു

ജനങ്ങളുടെ വാങ്ങാനുള്ള കഴിവിനെ പട്ടിണിനിലവാരത്തിലേയ്ക്കു ബലം പ്രയോഗിച്ചു അതിനുവേണ്ടിത്തന്നെ താഴ്ത്തുന്നു; അങ്ങിനെ സ്വന്തം രാജ്യത്തുള്ള കമ്പോളം നശിപ്പിക്കുകയും ചെയ്യുന്നു. 'വ്യവസായത്തിന്നാവശ്യമുള്ളതുകഴിച്ചു ബാക്കിയുള്ള മിച്ചജനസംഖ്യയായ വ്യവസായ റിസർവ്വ് പട്ടാളവും, മൂലധനം വ്യവസായികളുടെ കയ്യിൽ കുന്നുകൂടി വരുന്നതിന്റെ വ്യാപ്തിയും വേഗവും തമ്മിൽ എപ്പോഴും ഒരു സമീകരണ നിയമമുണ്ട്; ഈ നിയമം—വൾക്കൻ ഉണ്ടാക്കിയ ചങ്ങലകൾ പ്രൊമിത്തിയസ്സിനെ പാറയോട്ടുചേർത്തു കെട്ടിയതിലുമധികം മുറുക്കത്തിൽ—തൊഴിലാളിയെ മൂലധനത്തോടുകൂടി കൂട്ടിക്കെട്ടുന്നു. മൂലധനം കുന്നുകൂടിവരുന്നതിനോടൊപ്പം ഇതു കഷ്ടപ്പാടിനേയും കുന്നുകൂട്ടുന്നു. ഒരററത്തു സമ്പത്തു കുന്നുകൂടുന്നു; അതിന്റെ ഫലമെന്നോണം മറേറ അററത്തു (സ്വന്തം ഉൽപ്പന്നത്തെ മൂലധനത്തിന്റെ രൂപത്തിൽ ഉൽപ്പാദിപ്പിച്ചു കൊടുക്കുന്ന ആ വർഗ്ഗത്തിന്റെ ഭാഗത്ത്) കഷ്ടപ്പാടും ബുദ്ധിമുട്ടും അടിമത്തവും അജ്ഞതയും മൃഗീയതയും മാനസികാധഃപതനവും കുന്നുകൂടുന്നു" (മാർക്സ്, "കാപ്പിററൽ") ഇങ്ങനെയല്ലാതെ, മുതലാളിത്തോൽപ്പാദനരീതി മറേറതെങ്കിലും തരത്തിൽ സ്വന്തം ഉൽപ്പന്നങ്ങളെ വിതരണം ചെയ്യുമെന്നു പ്രതീക്ഷിക്കുന്നതു്, ആസിഡ് ചേർത്ത വെള്ളത്തിലൂടെ വിദ്യുച്ഛക്തിപായിച്ചാൽ ആ വെള്ളം അതിന്റെ ഘടകങ്ങളായ ഓക്സിജനും ഹൈഡ്റജനുമായി വേർപിരിഞ്ഞ് ഓരോ അററത്തുചെന്നു് കുന്നുകൂടുകയില്ലെന്നു വിചാരിക്കുന്നതുപോലെ വിഢിത്തമാണു്.

ഇന്നത്തെ യന്ത്രങ്ങൾക്കുള്ളതായ അധികമധികം പരിഷ്ക്കൃതമായിത്തീരാനുള്ള കഴിവ്, സാമൂഹ്യോൽപ്പാദനത്തിലുള്ള അരാജകത്വം കാരണം, ഓരോ വ്യവസായമുതലാളിയേയും സ്വന്തം കീഴിലുള്ള യന്ത്രങ്ങളെ നിത്യേന പരിഷ്കരിച്ചുകൊണ്ടിരിക്കാൻ അവയുടെ ഉൽപ്പാദനശക്തിയെ വർദ്ധിപ്പിക്കാൻ—നിർബ്ബന്ധി

ക്കുന്ന ഒരു നിയമമായിരിക്കുന്നുവെന്നു് നാം കാണുകയുണ്ടായി. ഉൽപ്പാദനത്തെ വർദ്ധിപ്പിക്കാനുള്ള സാദ്ധ്യതപോലും മുതലാളിയെസ്സംബന്ധിച്ചിടത്തോളം ഇന്നു ഒരു നിർബന്ധനിയമമാണു്— അതായതു് ഉൽപ്പാദനത്തെ ഇടതടവില്ലാതെ വർദ്ധിപ്പിക്കാതിരിക്കാൻ അയാൾക്കു നിവൃത്തിയില്ല. ആധുനികവ്യവസായത്തിനുള്ളതായ അതിരില്ലാതെ വളരാനുള്ള വമ്പിച്ച കഴിവു് അനിവാര്യമായ ഒരു പ്രകൃതിനിയമമായിത്തീർന്നിട്ടുള്ളതായി നമുക്കു തോന്നുന്നു. ഈ വളർച്ച വലിപ്പത്തിൽ മാത്രമല്ല ഗുണത്തിലുമുണ്ടു്. എന്തു തടസ്ഥവും അതിന്നു പുല്ലാണു്. ആധുനികവ്യവസായോൽപ്പന്നങ്ങൾക്കുള്ള കമ്പോളങ്ങളുടെ ക്ലിപ്തത, അവക്കുള്ള ചിലവു്—ഇതാണു് ആ വളർച്ചയ്ക്കുള്ള തടസ്ഥം. എന്നാൽ, കമ്പോളങ്ങൾക്കു ഗുണത്തിലും വലുപ്പത്തിലും വളരാനുള്ളതായ പ്രാപ്തിയെ പ്രാഥമികമായി നിയന്ത്രിക്കുന്നതു് തീരെ വ്യത്യസ്തങ്ങളായ ചില നിയമങ്ങളാണു്; ഈ നിയമങ്ങൾ അത്രതന്നെ ഊർജ്ജിതമായി പ്രവർത്തിക്കുന്ന നിയമങ്ങളല്ലതാനും. കമ്പോളങ്ങൾക്കു ഉൽപ്പാദനത്തോടൊപ്പം വളരാൻ കഴിയുന്നില്ല. അങ്ങിനെ ഒരു സംഘട്ടനം അനിവാര്യമായിത്തീരുന്നു; പക്ഷെ, ഈ സംഘട്ടനത്തിന്നു മുതലാളിത്തോൽപ്പാദനരീതിയെത്തന്നെ തട്ടിത്തകക്കാൻ കഴിയാത്തേടത്തോളം കാലം, കുഴപ്പത്തിന്നു ശമിക്കുള്ള ഒരു പരിഹാരം കണ്ടെത്താൻ കഴിയുന്നില്ല. അതുകൊണ്ടു് ഇത്തരം സംഘട്ടനങ്ങൾ ആനുകാലികങ്ങളായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. മുതലാളിത്തോൽപ്പാദനം മറെറാരു "വിഷമവൃത്ത"ത്തെക്കൂടി സൃഷ്ടിച്ചിരിക്കുന്നു.

വാസ്തവം പറകയാണെങ്കിൽ, ഒന്നാമത്തെ പൊതുസാമ്പത്തികക്കുഴപ്പത്തിൻെറ കൊല്ലമായ 1825-നുശേഷം, വ്യാവസായികവ്യാപാരലോകമാകെ—എല്ലാ പരിഷ്കൃതജനതകളുടേയും, അവരെ ആശ്രയിച്ചുകഴിയുന്ന ഏറെക്കുറെ അപരിഷ്കൃതരെന്നു പറയാവുന്നവരുടേയും ഇടയിൽ നടക്കുന്ന ഉല്പാദനവിതരണവ്യവസ്ഥയാകെ—പതിപ്പത്തു കൊല്ലം കൂട്ടുമ്പോൾ താറുമാറായി

കൊണ്ടുവന്നിട്ടുണ്ട്. കച്ചവടം നിലയ്ക്കുന്നു, ചന്തയിൽ ചരക്കു വിററഴിയാതെ കെട്ടിക്കിടക്കുന്നു. ഉൽപന്നങ്ങൾ എത്രകണ്ടു ചിലവാകാതായിത്തീരുന്നുവോ, അത്രകണ്ടു എണ്ണത്തിലും വണ്ണത്തിലും കുന്നുകൂട്ടുന്നു; റൊക്കം പണം കണ്ടുകൂളിക്കാനില്ലാതാവുന്നു. കടം കിട്ടാനില്ല; ഫാക്ടറികൾ പൂട്ടുകയായി ഭക്ഷണസാധനങ്ങൾ വളരെയധികം തങ്ങളുണ്ടാക്കിയെന്ന കാരണത്താൽത്തന്നെ വേലക്കാരാകമാനം പട്ടിണികിടക്കുന്നു; പാപ്പരത്തത്തിനു കണക്കില്ല. എങ്ങും ജപ്തിയും കേസ്സും കൂട്ടവുമാണ്. ഈ സ്തംഭനം കുറെക്കാലം നീണ്ടുനിൽക്കും; ഉൽപാദനശക്തികളും ഉൾപന്നങ്ങളും കണ്ടമാനം നശിപ്പിക്കപ്പെടുന്നു. അവസാനം വളരെ ചുരുങ്ങിയ വിലയ്ക്കു, കെട്ടിക്കിടക്കുന്ന ചരക്കുകളിൽ അധികം ഭാഗവും വിററഴിയുന്നു. ഉൽപാദനവും വിനിമയവും വീണ്ടും ക്രമേണ പ്രവത്തിക്കാൻ തുടങ്ങുന്നു. കുറേശ്ശക്കുറേശ്ശയായി ഇതിന്റെ ഗതിക്കു വേഗം കൂടുന്നു. അതൊരു തിടുക്കപ്പെട്ട നടത്തമായിത്തീരുന്നു. വ്യവസായത്തിന്റെ ഈ തിടുക്കനടത്തം ക്രമേണ ഒരു ഓട്ടവും, പിന്നീടതു് വ്യവസായത്തിന്റെയും വ്യാപാരക്കടവ്യവസ്ഥയുടെയും കച്ചവടത്തിലെ കള്ളപ്പണികളുടെയും കണ്ണും മൂക്കുമില്ലാത്ത കുതിച്ചോട്ടമായിത്തീരുന്നു. അവസാനം, കഴുത്തൊടിയുന്ന എടുത്തുചാട്ടങ്ങൾക്കുശേഷം, ആരംഭിച്ചേടത്തുതന്നെ —ഒരു സാമ്പത്തികക്കുഴപ്പത്തിന്റെ ചുഴിയിൽതന്നെ— അതു വീണ്ടും ചെന്നുചാടുന്നു. ഇതുതന്നെ വീണ്ടും വീണ്ടും. 1825-നുശേഷം ഇതുവരെയായി നാം ഇത്തരം അഞ്ചു കുഴപ്പങ്ങളിലൂടെ കടന്നുപോയിരിക്കുന്നു. ഇപ്പോൾ (1877-ൽ) ഇതു് ആറാമത്തെത്തവണയാണ്. ഈ കുഴപ്പങ്ങളുടെ സ്വഭാവം ഫൂറിയർ ആദ്യത്തെക്കുഴപ്പത്തെപ്പററിപ്പറഞ്ഞപ്പോൾ ഇങ്ങിനെ നിർവ്വചിക്കുകയുണ്ടായി "ക്രൈസെപ്ലിത്തോറിക്ക്" (സമൃദ്ധികൊണ്ടുണ്ടാവുന്ന കുഴപ്പം) ഇതിലും നല്ലൊരു നിർവ്വചനം സാധ്യമല്ല.

സാമ്പത്തികക്കുഴപ്പങ്ങളിൽ സാമൂഹ്യമായിത്തീന്ന ഉൾപാദനവും മുതലാളിത്തപരമായ ഉടമസ്ഥതയും തമ്മിലുള്ള വൈരുദ്ധ്യം

ഭയങ്കരമായ ഒരു പൊട്ടിത്തെറിക്കലിലവസാനിക്കുന്നു. ചരക്കുകളുടെ വിനിമയം തല്ക്കാലത്തേയ്ക്കു നിലച്ചുപോകുന്നു. ചരക്കുകളുടെ വിനിമയോപകരണമായ പണം അതിന്നൊരു തടസ്ഥമായിത്തീരുന്നു, ചരക്കുകളുടെ ഉൽപാദനത്തിന്റെയും വിതരണത്തിന്റെയും എല്ലാ നിയമങ്ങളും തലകീഴായി മറിക്കപ്പെട്ടുന്നു. സാമ്പത്തികസംഘട്ടനം അതിന്റെ പാരമ്യം പ്രാപിച്ചിരിക്കുന്നു. ഉൽപാദനരീതി വിനിമയരീതിക്കെതിരായി 'ലഹള' തുടങ്ങിയിരിക്കുന്നു.

ഓരോ ഫാക്ടറിയിലേയും സാമൂഹ്യമായ ഉൽപാദനസംഘടന അതോടൊപ്പം നിലനില്ക്കുകയും അതിനെ നിയന്ത്രിക്കുകയും ചെയ്യുന്നതും സമുദായത്തിലാകെയുള്ളതുമായ ഉൽപാദനത്തിലെ അരാജകത്വവുമായി തീരെ പൊരുത്തമില്ലാത്തതായിത്തീരത്തക്കവിധം വളൻകഴിഞ്ഞുവെന്ന വാസ്തവം മുതലാളികൾക്കുതന്നെ വ്യക്തമായിത്തീരുന്നു. സാമ്പത്തികക്കുഴപ്പത്തിന്റെ ഫലമായി നിരവധി വലിയ മുതലാളികളും അതിലുമെത്രയോ അധികം ചെറുമുതലാളികളും പൊളിഞ്ഞു പാപ്പരാവുകയും, അങ്ങിനെ മൂലധനം അൽപം ഇളകിക്കൊണ്ടിരിക്കുകയും കേന്ദ്രീകരിക്കുകയും ചെയ്യുന്നതു് അവർതന്നെ കാണുന്നു. തന്റെ സ്വന്തം സൃഷ്ടിയായ ഉൽപാദനശക്തികളുടെ വ്യാമർദ്ദംകൊണ്ടു മുതലാളിത്തോൽപാദനത്തിന്റെ ഘടനയാകെത്തകരുന്നു ഈ വമ്പിച്ച ഉൽപാദനോപകരണങ്ങളെയാകെ മടക്കുമുതലാക്കിമാററാൻ അതിന്നു കഴിയാതെ വരുന്നു. അവ 'തരിശാ'യിക്കിടക്കുന്നു. അതേ കാരണത്താൽ തന്നെ തൊഴിലില്ലാത്തവരുടെ പട്ടിണിപ്പട്ടാളവും 'തരിശാ'യിക്കിടക്കണം. ഉല്പാദനോപകരണങ്ങൾ, ജീവിതോപകരണങ്ങൾ, വേലചെയ്യാൻ കിട്ടാവുന്ന തൊഴിലാളികൾ, അതായതു് ഉല്പാദനത്തിന്നും പൊതുസമ്പത്തിന്നും ആവശ്യമായ എല്ലാ ഉപാധികളും ധാരാളമായിട്ടുണ്ടു്. പക്ഷേ, "ഈ ധാരാളിത്തം ദുർഭിക്ഷത്തിന്നും ദാരിദ്ര്യത്തിന്നും കാരണമായിത്തീരുന്നു." (ഫൂറിയർ). എന്തെന്നാൽ, ഈ ധാരാളിത്തമാണു് ഉല്പാദനജീവിതോ

പകരണങ്ങളെ മുഴുവൻ മൂലധനമായി മാററുന്നതിന് തടസ്ഥമായി നിൽക്കുന്നതു്. കാരണം, മുതലാളിത്തസമുദായത്തിൽ ഉല്പാദനോപകരണങ്ങൾക്കു് പ്രവൎത്തിക്കാൻ കഴിയണമെങ്കിൽ ഒന്നാമതായി അവ മൂലധനമായി രൂപാന്തരപ്പെടണം. മനുഷ്യാദ്ധ്വാനശക്തിയെ ചൂഷണം ചെയ്യുന്നതിന് ഇതു ഒരുപകരണമായിത്തീരണം. ഉല്പാദനജീവിതോപകരണങ്ങളെ ഇങ്ങനെ മുടക്കമുതലായി രൂപഭേദപ്പെടുത്തേണ്ടതിന്റെ ആവശ്യകത ഇവയ്ക്കും തൊഴിലാളികൾക്കുമിടയിൽ ഒരു പ്രേതത്തെപ്പോലെ നിലക്കൊള്ളുന്നു. ഉല്പാദനത്തിന്റെ ഭൗതികവും മാനുഷികവുമായ ഘടകങ്ങൾ ഒന്നിച്ചുചേരുന്നതിനെ ഇതു മാത്രമാണു് തടയുന്നതു്; ഉല്പാദനോപകരണത്തോടു പ്രവൎത്തിക്കരുതെന്നും വേലക്കാരോടു പണിയെടുത്തു ജീവിക്കരുതെന്നും കല്പിക്കുന്നതു് ഇതു് മാത്രമാണു്. അപ്പോൾ ഒരു ഭാഗത്തു് മുതലാളിത്തോല്പാദനരീതിക്കു ഈ ഉല്പാദനശക്തികളെ ഇനി മുന്നോട്ടു നയിക്കാൻ പ്രാപ്തിയില്ലെന്നു വിധിയെഴുതിക്കഴിഞ്ഞു; മറുഭാഗത്തു, ഈ ഉല്പാദനശക്തികൾതന്നെ, ഇന്നു നിലനില്ക്കുന്ന പരസ്പരവൈരുദ്ധ്യത്തെ നീക്കം ചെയ്വാൻ അവയുടെമേൽനിന്നു മുടക്കമുതലിന്റെ മുദ്രയെ മാച്ചുകളയാൻ വർദ്ധിച്ച ശക്തിയോടെ നിർബ്ബന്ധിക്കുന്നു; അതായതു് സാമൂഹ്യോല്പാദനശക്തികളെന്ന തങ്ങളുടെ സ്വഭാവത്തെ പ്രായോഗികമായംഗീകരിച്ചുകിട്ടണമെന്നു അവരാവശ്യപ്പെടുന്നു.

ഉല്പാദനശക്തികൾ അധികമധികം പ്രബലങ്ങളായിത്തീരുംതോറും അവയുടെമേൽ കുത്തിയിട്ടുള്ള മുടക്കമുതലെന്ന മുദ്രക്കെതിരായി അവ നടത്തുന്ന 'ലഹള' തങ്ങളുടെ സാമൂഹ്യസ്വഭാവത്തെ അംഗീകരിക്കണമെന്ന അവയുടെ സുശക്തമായ ആവശ്യം —മുതലാളിത്തപരിതഃസ്ഥിതിയിൽ സാധിക്കാവുന്നേടത്തോളം അവയെ സാമൂഹ്യോല്പാദനശക്തികളായിത്തന്നെ കരുതുവാൻ മുതലാളിവർഗ്ഗത്തെത്തന്നെ നിർബന്ധിച്ചിരിക്കുന്നു. സമ്പത്തി

കക്കുഴപ്പകാലത്തെന്നപോലെ കടമെടുക്കാൻ അതിരില്ലാത്ത സാദ്ധ്യതകളോടുകൂടിയ സാമ്പത്തികസമൃദ്ധികാലത്തും വലിയ മുതലാളിത്തസ്ഥാപനങ്ങൾ തകരുന്നതുകൊണ്ടു ഉല്പാദനോപകരണങ്ങളിൽ വമ്പിച്ച വിഭാഗങ്ങൾ ജോയിൻറ് സ്റ്റോക്ക് (കൂട്ടു)കമ്പനികളുടെ രൂപത്തിൽ സാമൂഹ്യമായിത്തീരുന്നു. ഉല്പാദനവിതരണങ്ങൾക്കുള്ള ഈ ഉപകരണങ്ങളിൽ പലതും ആരംഭംമുതൽക്കേ റെയിൽ പാതകളെപ്പോലെ മററാരു മുതലാളിത്തചൂഷണരീതിക്കും ഇടംകൊടുക്കാത്തവിധം അത്രയ്ക്കു വമ്പിച്ചവയാണ്. വ്യവസായം കുറേക്കൂടി വളരുന്നതോടുകൂടി ഇതും മതിയാകാതെയായിത്തീർന്നു. ഒരു പ്രത്യേകരാജ്യത്തിൽ ഒരു പ്രത്യേക വ്യവസായശാഖയിൽ വമ്പിച്ച തോതിൽ ഉല്പാദനം നടത്തുന്നവരെല്ലാം ഉല്പാദനത്തെ ക്രമീകരിക്കുക എന്ന ഉദ്ദേശത്തോടെ ഒരു ട്രസ്റ്റായിച്ചേരുന്നു. ആകെ എത്ര ഉല്പാദിപ്പിക്കണമെന്ന് അവർ നിശ്ചയിക്കുന്നു, ഉല്പന്നത്തെ അവർ തമ്മിൽ പങ്കു വെയ്ക്കുന്നു, അങ്ങിനെ തങ്ങൾ നിശ്ചയിച്ച വിലയ്ക്കു അവയെ വാങ്ങാൻ ആളുകളെ നിർബ്ബന്ധിക്കുന്നു. എന്നാൽ കച്ചവടം മോശമായിത്തീരുന്നതോടുകൂടി ഇത്തരം സ്റ്റേകൾ പൊളിയാനിടയുണ്ട്. അതുകൊണ്ട് കൂടുതൽ ശക്തിമത്തായ ഒരു കൂട്ടുകെട്ട് ആവശ്യമായിത്തീരുന്നു; ഒരു പ്രത്യേക വ്യവസായത്തിലേർപ്പെട്ടവരെല്ലാം ചേർന്ന് വളരെവളരെവമ്പിച്ച ഒരുജോയിൻറു സ്റ്റോക്കു കമ്പനിയായിത്തീരുന്നു. പരസ്പരമത്സരത്തിൻെറ സ്ഥാനത്തു് ഈ കമ്പനിയുടെ കുത്തകാധിപത്യം സ്ഥലംപിടിക്കുന്നു. 1890-ൽത്തന്നെ ഇംഗ്ലണ്ടിലെ ആൽക്കലിനിർമ്മാണവകുപ്പിൽ ഇതു സംഭവിച്ചിരിക്കുന്നു. ഇന്നു് അതു് 48 വലിയ ഫാക്ടറികൾ ചേർന്ന് ഒരൊററ പ്ലാനനുസരിച്ച് ആറുലക്ഷം പവൻ മൂലധനത്തോടുകൂടി നടത്തുന്ന ഒരൊററ കമ്പനിയാണ്.

ട്രസ്റ്റുകളിൽ കച്ചവടമത്സരം അതിൻെറ നേരെ എതിർരൂപമായ കുത്തകയായിത്തീരുന്നു. മുതലാളിത്തസമുദായത്തിലെ യാതൊരു പ്ലാനുമില്ലാത്ത ഉൽപാദനം, മുന്നോട്ടു തള്ളിവരുന്ന

സോഷ്യലിസ്ററുസമുദായത്തിലെ തികച്ചും പ്ലാനോടുകൂടിയ ഉല്പാദനത്തിനുമുമ്പിൽ തലകുനിക്കുന്നു. തീർച്ചയായും ഈ മാററം ഇപ്പോഴും മുതലാളികളുടെ ഗുണത്തിനും ലാഭത്തിനും തന്നെയാണ്. എന്നാൽ ഈ സംഗതിയിൽ ചൂഷണം തൊട്ടാൽ തകരുന്നവിധം അത്രയ്ക്കു പ്രത്യക്ഷമാണ്. ഒരുപിടി പലിശത്തീനികൾ സമുദായത്തെയാകെ ഇത്ര പരസ്യമായി തട്ടിപ്പറിക്കുന്നതിന്റെ രൂപമായ ഈ ട്രസ്ററുകൾവഴിക്കുള്ള ഉല്പാദനത്തെ യാതൊരു ജനസമുദായവും അധികകാലം വെച്ചു പൊറുക്കുകയില്ല

ഏതായാലും—ട്രസ്ററുകൾ ഉണ്ടായാലും ഇല്ലെങ്കിലും—മുതലാളിത്തസമുദായത്തിന്റെ ഔദ്യോഗികപ്രതിനിധിയായ ഗവർമ്മെൻറിനു ഉല്പാദനത്തിന്റെ നിയന്ത്രണം ഒടുവിൽ സ്വയം ഏറെറടുക്കേണ്ടിവരും.* ഗതാഗതത്തിനും വാർത്താവിതരണത്തിനുമുള്ള വമ്പിച്ച സ്ഥാപനങ്ങളെസ്സംബന്ധിച്ചാണ് ഗവണ്മെൻറിന്റെ ഉടമസ്ഥതയുടെ ഈ ആവശ്യകത ഒന്നാമതായി ഉണ്ടാകുന്നതു്.

---

*"ഏറെറടുക്കേണ്ടിവരും" എന്നാണ് ഞാൻപറയുന്നതു് ജോയിൻറുസ്റേറാക്ക് കമ്പനികളിൽക്കൂടി നിയന്ത്രിക്കുവാൻ കഴിയാത്തവിധം ഉല്പാദനവിതരണോപകരണങ്ങൾ അത്രമേൽ വളർന്നുകഴിഞ്ഞാൽ മാത്രമേ—അങ്ങിനെ സർക്കാർതന്നെ നേരിട്ടു് ഏറെറടുക്കുകയെന്നതു് സാമ്പത്തികമായി അനിവാര്യമായിത്തീർന്നാൽ മാത്രമേ— ഇന്നത്തെ സർക്കാർതന്നെയാണ് അതേറെടുക്കുന്നതെന്നിരുന്നാൽക്കൂടി) അതു സാമ്പത്തികമായ ഒരു പുരോഗമനമാവുകയുള്ളു. എല്ലാ ഉല്പാദനശക്തികളേയും സമുദായംതന്നെ ഏറെറടുക്കുകയെന്നതിലേയ്ക്കുള്ള ആദ്യത്തെപ്പടിയായ ഒരു പുരോഗതിയാവുകയുള്ളു. എന്നാൽ, ഈയിടെയായി ബിസ്മാർക്ക് വ്യാവസായികസ്ഥാപനങ്ങൾ ഗവണ്മെൻറുടമസ്ഥതയിലാക്കാൻ പുറപ്പെട്ടതോടുകൂടി, ഒരുതരം കള്ളസോഷ്യലിസം—പലപ്പോഴും മുതലാളിത്തത്തിന്റെ കാലുനക്കിത്തത്തിലേയ്ക്കു അധഃപതിച്ചുകൊണ്ടിരിക്കുന്ന ഒരുതരം സോഷ്യലിസം—ഏതുതരം ഗവണ്മെൻറുടമസ്ഥതയും (ബിസ്മാർക്കിയൻജനിസ്സ്പോലും) സോഷ്യലിസമാണെന്നു് സങ്കോചമെന്യേ ഉൽഘോഷിക്കുന്ന ഒരുതരം സോഷ്യലിസം—ആവിർഭവിച്ചിരിക്കുന്നു. പുകയിലവ്യവസായം സർക്കാ

ഇന്നത്തെ ഉല്പാദനശക്തികളെ നടത്താൻ മുതലാളിവർഗ്ഗത്തിന്നു കെല്പില്ലാതായിക്കഴിഞ്ഞുവെന്നാണു് സാമ്പത്തികക്കുഴപ്പങ്ങൾ വ്യക്തമാക്കുന്നതെങ്കിൽ, വൻതോതിലുള്ള വിതരണസ്ഥാപനങ്ങളെ ജായിൻറുസ്റ്റോക്കു കമ്പനിയും ഗവണ്മെൻറുസ്വത്തുമായി മാറേറണ്ടിവരുന്നതിൻെറ അർത്ഥം അവയെ നടത്താൻ ഇനിമേലിൽ മുതലാളിവർഗ്ഗം ആവശ്യമില്ലെന്നാകുന്നു എല്ലാ സാമൂഹ്യകൃത്യങ്ങളും ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരാണു് നടത്തുന്നതു്. ഇന്നു മുതലാളി ചെയ്യുന്നതു്, ഡിവിഡൻറു് വാങ്ങുക, ചെക്കെഴുതുക, സ്റ്റോക്കു് എക്സ്ചേഞ്ചിൽ ചൂതുകളിക്കുക, പരസ്പരംമുതലാളികളുടെ മൂലധനം തട്ടിയെടുക്കുക—ഇതുമാത്രമാണു്. ആദ്യകാലത്തു് മുതലാളിത്തോല്പാദനരീതി വേലക്കാരെ പുറംതള്ളുന്നു. പിന്നീടതു് മുതലാളികളെത്തന്നെ പുറംതള്ളുന്നു. അവരുടെ

---

രേറെടുത്തതു് സോഷ്യലിസമാണെങ്കിൽ തീർച്ചയായും നെപ്പോളിയനും മേറർനിക്കും സോഷ്യലിസത്തിൻെറ സ്ഥാപകന്മാരായി കണക്കാക്കപ്പെടണം. അസാധാരണമായ യാതൊരു കാരണംകൊണ്ടുമല്ല ബെൽജിയൻ ഗവർമ്മെൻറു് പ്രധാന റെയിൽപാതകളെല്ലാം സ്വന്തം ഉടമസ്ഥതയിൽ പണി ചെയ്തതു്. യാതൊരു സാമ്പത്തികപ്രേരണയുമില്ലാതെ ബിസ്മാർക്കു് ജർമ്മനിയിലെ റെയിൽവെയെല്ലാം സർക്കാറിലേക്കെടുത്തു. എന്തുകൊണ്ടു്? യുദ്ധകാലത്തു് അവയെ തടസ്ഥംകൂടാതെ ഉപയോഗപ്പെടുത്താൻവേണ്ടി; ഗവണ്മെൻറിന്നു വോട്ടുചെയ്യുവാനായി റെയിൽവേശമ്പളക്കാരെ കന്നുകാലികളെപ്പോലെ ആട്ടിത്തെളിച്ചുകൊണ്ടുവരാൻവേണ്ടി; പ്രത്യേകിച്ചും പാർലിമെണ്ടിൻെറ വോട്ടിന്നു വിധേയമാകാത്ത ഒരു പുതിയ വരവിനം ഗവണ്മെൻറിന്നുണ്ടാക്കാൻ വേണ്ടി. ഇതൊന്നും ഒരുതരത്തിലും, നേരിട്ടോ അല്ലാതേയോ, അറിഞ്ഞോ അറിയാതേയോ ഉള്ള സോഷ്യലിസ്റ്റു നിയമനിർമ്മാണങ്ങളല്ല. ആണെങ്കിൽ, റെയിൽ, കപ്പൽകമ്പനിയും റോയൽ കളിമൺഫാക്ടറിയും പട്ടാളത്തിലെ തുന്നൽക്കാരൻകൂടിയും സോഷ്യലിസ്റ്റു സ്ഥാപനങ്ങളായിത്തീരും! പോരാ, മൂന്നാം ഫ്രഡറിക്കു് വില്യമിൻെറ ഭരണകാലത്തു് ഒരു വീരൻ കാര്യമായി അഭിപ്രായപ്പെട്ടതുപോലെ, വ്യഭിചാരശാലകളും ഗവണ്മെണ്ടേറെറടുക്കുന്നതുപോലും സോഷ്യലിസമായിത്തീരും!

എണ്ണം കുറയ്ക്കുന്നു; ഉടൻ തന്നെയല്ലെങ്കിലും ക്രമേണ അവരെയും പട്ടിണിപ്പട്ടാളത്തിലേയ്ക്കു പുറംതള്ളുന്നു.

എങ്കിലും ജോയിൻറ് സ്റ്റോക്ക് കമ്പനികളായോ ട്രസ്റ്റുകളായോ ഗവൺമെൻറുടമസ്ഥതയിലേയ്ക്കോ വ്യവസായസ്ഥാപനങ്ങൾ രൂപാന്തരപ്പെടുന്നതുകൊണ്ട് ഉല്പാദനശക്തികളുടെ മുതലാളിത്തപരമായ സ്വഭാവം ഇല്ലാതാകുന്നില്ല. ജോയിൻറു സ്റ്റോക്കു കമ്പനികളിലും ട്രസ്റ്റുകളിലും ഈ വാസ്തവം വ്യക്തമാണ്. പിന്നെ, എന്താണിന്നത്തെ ഗവർമ്മേണ്ട്? വേലക്കാരുടേയും മുതലാളികളായ വ്യക്തികളുടേയും ആക്രമണത്തിൽ നിന്നും മുതലാളിത്തോല്പാദനരീതിയുടെ ബാഹ്യസ്ഥിതികളെ സംരക്ഷിക്കാനായി മുതലാളി സൃഷ്ടിച്ചിട്ടുള്ള ഒരു സംഘടന മാത്രമാണത്. ഇന്നത്തെ സൎക്കാർ—അതിൻെറ രൂപമെന്തായാലും—ഒരു മുതലാളിത്തയന്ത്രമാണ്, മുതലാളികളുടെ ഭരണയന്ത്രമാണ് രാജ്യത്തിലെ മൂലധനത്തിൻെറ ആകത്തുകയുടെ ആദർശമൂൎത്തീകരണമാണ്. ഉല്പാദനശക്തികളെ അതു് അധികമധികം സ്വായത്തമാക്കുന്നതോടൊപ്പം അതു് അധികമധികം രാജ്യത്തിലെ ഏക മുതലാളിയായിത്തീരുന്നു: അതു അധികമധികം ആളുകളെ ചൂഷണം ചെയ്യാൻ തുടങ്ങുന്നു, വേലക്കാർ അപ്പോഴും കൂലിവേലക്കാർതന്നെ—സ്വത്തില്ലാത്തവർ. മുതലാളിത്ത പരസ്പരബന്ധങ്ങൾ നിലനില്ക്കുകതന്നെ ചെയ്യുന്നു; എന്നല്ല, അവ കൂട്ടതൽ മുറുക്കുകയാണ് ചെയ്യുന്നതു. എന്നാൽ, അങ്ങേഅററംവരെ മുറുകിയതുകൊണ്ട്, അവ പൊട്ടുന്നു, ഉല്പാദനശക്തികളെ ഗവൺമെണ്ടേറെറടുക്കുന്നതു് ഇന്നത്തെ സമുദായത്തിലുള്ള ആഭ്യന്തരസംഘട്ടനത്തിന്നു പരിഹാരമല്ല; എന്നാൽ, ആ പരിഹാരത്തിൻെറ ഘടകങ്ങളായിത്തീരുന്ന സാങ്കേതിക പരിതഃസ്ഥിതികൾ അതിൽ ഒളിഞ്ഞുകിടപ്പുണ്ട്.

അതിന്നുള്ള പരിഹാരം, ഇന്നത്തെ ഉല്പാദനശക്തികളുടെ സാമൂഹ്യസ്വഭാവത്തെ പ്രായോഗികമായി മനസ്സിലാക്കി, ഉല്പാദ

നത്തിന്റെയും സ്വത്തുടമയുടേയും സ്വത്തുകൈമാററത്തിന്റെയും രീതികളെ ഉല്പാദനോപകരണങ്ങളുടെ സാമൂഹ്യസ്വഭാവത്തോടു കൂട്ടിയിണക്കുക മാത്രമായിരിക്കാനേ തരമുള്ളു. ഒട്ടാകെയുള്ള സമുദായത്തിന്റെയൊഴികെ മററു യാതൊരു നിയന്ത്രണത്തിന്നും വിധേയമല്ലാതായിത്തീർന്നിട്ടുള്ള ഉല്പാദനശക്തികളെ സമുദായം നേരിട്ടു പരസ്യമായി ഏറെറടുക്കുക മാത്രമാണ് അതിന്നുള്ള ഒരൊററ വഴി. ഉല്പാദനോപകരണങ്ങളുടെയും ഉല്പന്നങ്ങളുടേയും സാമൂഹ്യസ്വഭാവം ഉൽപാദകന്മാർക്ക് എതിരായി പ്രവർത്തിക്കുന്നു; ഇടക്കിടയ്ക്ക് ഉല്പാദനത്തെയും കൈമാററത്തെയും കുഴത്തിലിറക്കുന്നു; അന്ധമായും നിർബന്ധമായും നാശകാരിയായും പ്രവർത്തിക്കുന്ന ഒരു പ്രകൃതിനിയമംപോലെ പ്രവർത്തിക്കുന്നു. എന്നാൽ ഉല്പാദനശക്തികളെ സമുദായം ഏറെറടുക്കുന്നതോടുകൂടി, ഉല്പാദകന്മാർ ഉല്പാദനോപകരണങ്ങളുടെയും ഉല്പന്നങ്ങളുടേയും സാമൂഹ്യസ്വഭാവത്തെ തികച്ചും മനസ്സിലാക്കി അവയെ ഉപയോഗപ്പെടുത്തും; അങ്ങിനെ, ഇന്നത്തേപ്പോലെ എപ്പോഴും തടസ്ഥവും ഇടയ്ക്കിടയ്ക്കു കുഴപ്പവും ഉണ്ടാകുന്നതിന്നുള്ള ഒരു കാരണമായിത്തീരുന്നതിന്നു പകരം, അതു് ഉല്പാദനത്തിന്റെ വളർച്ചയെ സഹായിക്കുന്ന ഏററവും ബലവത്തായ ഒരു ശക്തിയായിത്തീരും.

പ്രകൃതിശക്തികളെപ്പോലെ തന്നെയാണ് സജീവങ്ങളായ സാമൂഹ്യശക്തികളും (നാമവയെ മനസ്സിലാക്കുകയും അവയെ ഗണിക്കുകയും ചെയ്യാതിരിക്കുന്നേടത്തോളം കാലം) പ്രവർത്തിക്കുന്നതു്—അതായതു് അന്ധമായും നിർബന്ധമായും നാശകാരിയായും അവ പ്രവർത്തിക്കും. എന്നാൽ, നാമവയെ മനസ്സിലാക്കിക്കഴിഞ്ഞാൽ, അവയുടെ പ്രവർത്തനത്തേയും ഗതിയേയും ഫലങ്ങളേയും നാം ഗ്രഹിച്ചാൽ, നമുക്കവയെ അധികമധികം നമ്മുടെ ഇച്ഛയുടെ വരുതിയിൽ കൊണ്ടുവരാൻ കഴിയും: നമ്മുടെ ഉദ്ദേശസിദ്ധിക്കായി അവയെ ഉപയോഗിക്കാൻ കഴിയും നാം ശ്രമിക്കുന്നമെന്നുമാത്രം. ഈ വാസ്തവം ഇന്നത്തെ വമ്പിച്ച ഉല്പാദനശക്തി

കളെസ്സംബന്ധിച്ച് വിശേഷിച്ചും ബാധകമാകുന്നു. ഈ സാമൂഹ്യശക്തികളുടെ പ്രകൃതിയേയും സ്വഭാവത്തേയും നാം മനസ്സിലാക്കാൻ കൂട്ടാക്കാതിരിക്കുന്നേടത്തോളം കാലം—അങ്ങിനെ മനസ്സിലാക്കുന്നതു് ഇന്നത്തെ മുതലാളിത്തോല്പാദനരീതിയുടേയും അതിന്റെ സംരക്ഷകന്മാരുടേയും സ്വഭാവത്തിന്നെതിരാണുതാനം—ഈ ശക്തികൾ നമ്മളെ കൂടാതെയും നമുക്കെതിരായും പ്രവൎത്തിച്ചുകൊണ്ടിരിക്കും; നാം മേൽക്കാണിച്ചപോലെ അവ നമ്മെ അടക്കിഭരിച്ചുകൊണ്ടിരിക്കും.

നാം അവയുടെ സ്വഭാവം ഒരിക്കൽ മനസ്സിലാക്കിക്കഴിഞ്ഞാൽ, കൂട്ടായി പണിയെടുക്കുന്ന ഉല്പാദകന്മാരുടെ കയ്യിൽ, ആ ശക്തികൾ നമ്മെ ഭരിക്കുന്ന രാക്ഷസന്മാരെന്ന നിലവിട്ടു് നാം പറയുന്നതു കേൾക്കുന്ന നമ്മുടെ ഭൃത്യന്മാരായി രൂപാന്തരപ്പെടുന്നതു കാണാം. ഇടിമിന്നലുണ്ടാക്കുന്ന വിദ്യുച്ഛക്തിയുടെ സംഹാരശക്തിയും, കമ്പിത്തപാലിലും മററും നമ്മുടെ നിയന്ത്രണത്തിൽ പ്രവൎത്തിക്കുന്ന വിദ്യുച്ഛക്തിയും തമ്മിലുള്ള വ്യത്യാസമാണു് ഇവിടെയുമുണ്ടാകുന്നതു്? കത്തിക്കാളുന്നഅഗ്നിബാധയും നമ്മുടെ നിയന്ത്രണത്തിലുള്ള തീയും തമ്മിലുള്ള വ്യത്യാസമാണതു്. ഇന്നത്തെ ഉല്പാദനശക്തികളുടെ ആ സാമൂഹ്യ സ്വഭാവം നാം മനസ്സിലാക്കുന്നതോടുകൂടി, സമുദായത്തെയാകെ എടുത്തുനോക്കുമ്പോൾ ഇന്നു ഉല്പാദനത്തിൽ കാണുന്ന അരാജകത്വം നശിക്കുന്നു; തൽസ്ഥാനത്തു് സമുദായത്തിന്റെയാകെയും ഓരോ വ്യക്തിയുടേയും ആവശ്യങ്ങൾക്കൊത്തു് ഒരു നിശ്ചിത പ്ലാനനുസരിച്ചു് വ്യവസായത്തെ ക്രമീകരിക്കാൻ സാധിക്കുന്നു. ഇന്നു മുതലാളിത്തരീതിയിലുള്ള സ്വത്തുടമാവകാശം ഒന്നാമതു് ഉല്പാദകനേയും പിന്നീടു് സ്വത്തുടമയെത്തന്നെയും അടിമയാക്കിത്തീൎക്കുന്നു; തൽസ്ഥാനത്തു് ഇന്നത്തെ ഉല്പാദനോപകരണങ്ങളുടെ സ്വഭാവത്തെ അടിസ്ഥാനമാക്കിയ സ്വത്തുടമരീതി ആവിർഭവിക്കുന്നു. ഒരു ഭാഗത്തു് ഉല്പാദനത്തെ നിലനിൎത്താനും വളൎത്താനും വേണ്ടിയുള്ള പ്രത്യക്ഷമായ

സാമൂഹ്യസ്വാത്ത്രുടമ; മറുഭാഗത്തു് ഓരോ വ്യക്തിയുടേയും ജീവിതത്തിനും സുഖത്തിനും വേണ്ടിയുള്ള പ്രത്യക്ഷമായ വ്യക്തിയുടെ സ്വാത്ത്രുടമ.

മുതലാളിത്തപരമായ ഉല്പാദനരീതി ജനങ്ങളിൽ ഭൂരിഭാഗത്തേയും അധികമധികം പൂർണ്ണമായി തൊഴിലാളികളാക്കി മാററുന്നുണ്ടെങ്കിലും, അതേസമയത്തുതന്നെ, ഈ വിപ്ലവം നടത്താനുള്ള ശക്തികളെ സൃഷ്ടിക്കുകയും ചെയ്യുന്നുണ്ടു്. വിപ്ലവം നടത്തിയില്ലെങ്കിൽ ഈ ശക്തികൾക്കുള്ള ശിക്ഷ സ്വന്തം നാശമാണുതാനും! സാമൂഹ്യമായിത്തീർന്നുകഴിഞ്ഞിട്ടുള്ള ഇന്നത്തെ വമ്പിച്ച ഉല്പാദനോപകരണങ്ങളെ അധികമധികം സക്കാറിൻെറ സ്വത്താക്കിത്തീർക്കാൻ മുതലാളിത്തോല്പാദനരീതി നിർബ്ബന്ധിക്കുന്നുണ്ടെങ്കിലും, അതേസമയത്തുതന്നെ ഈ വിപ്ലവം നടത്താനുള്ള വഴി അതുതന്നെ കാണിച്ചുകൊടുക്കുകയും ചെയ്യുന്നു. തൊഴിലാളിവർഗ്ഗം രാഷ്ട്രീയാധികാരം പിടിച്ചെടുക്കുകയും ഉല്പാദനോപകരണങ്ങളെ സക്കാരിൻെറ സ്വത്തായിമാററുകയും ചെയ്യുന്നു.

എന്നാൽ ഇങ്ങനെ ചെയ്യുന്നതോടുകൂടി തൊഴിലാളിവർഗ്ഗം അതിനെത്തന്നെ തൊഴിലാളിവർഗ്ഗമല്ലാതാക്കിത്തീർക്കുന്നു; എല്ലാ വർഗ്ഗവ്യത്യാസങ്ങളെയും വർഗ്ഗ വൈരുദ്ധ്യങ്ങളെയും അവസാനിപ്പിക്കുന്നു; ഭരണയന്ത്രത്തെ ഭരണയന്ത്രമെന്ന നിലയ്ക്കു അവസാനിപ്പിക്കുന്നു. വർഗ്ഗവൈരുദ്ധ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ള ഇതുവരെത്തെ സമുദായത്തിനു ഭരണയന്ത്രം ആവശ്യമായിരുന്നു; അതായതു്, അതാതുകാലത്തെ ചൂഷകവർഗ്ഗത്തിൻെറതായ ഒരു സംഘടന; അതാതുകാലത്തെ ഉല്പാദനരീതിയ്ക്കു് പുറമേനിന്നു യാതൊരു ശല്യവും ഉണ്ടാകാതെ നോക്കുന്നതിനുള്ള ഒരു സംഘടന; അതാതുകാലത്തെ ഉല്പാദനരീതിയ്ക്കൊത്തു് (അടിമസ്സമ്പ്രദായം, അടിയായ്മ, കൂലിവേല) മർദ്ദിതവർഗ്ഗത്തെ ബലം പ്രയോഗിച്ചമർത്തിവെയ്ക്കാനുള്ള ഒരു സംഘടന—ഇതു് ഇതേവരെ ആവശ്യമായിരുന്നു, സമുദായത്തിൻെറ ഒട്ടാകെയുള്ള പ്രതിനിധിയായി

ണന്നു ഈ ഭരണയന്ത്രം; സമുദായത്തിൻെറ ഒട്ടാകെയുള്ള വ്യക്തമായ മൂർത്തിമൽസ്വരൂപമായിരുന്നു. പക്ഷെ, ഭരണകൂടത്തെ പ്രതിനിധീകരിച്ചിരുന്ന വർഗ്ഗംതന്നെ സമുദായത്തെയൊട്ടാകെ എത്രത്തോളം പ്രതിനിധീകരിച്ചുപോന്നുവോ, അത്രത്തോളം മാത്രമേ മുകളിൽപ്പറഞ്ഞതു വാസ്തവമായിരുന്നുള്ളു. പ്രാചീനകാലങ്ങളിൽ അടിമയുടമസ്ഥന്മാരായ 'പൌര'ന്മാരുടെയും, മദ്ധ്യകാലത്തു് ജന്മിപ്രഭുക്കളുടെയും, നമ്മുടെ കാലത്തു മുതലാളിവർഗ്ഗത്തിൻേറയുമാണു് ഭരണകൂടം. ഒടുക്കം അതു സമുദായത്തിൻെറ ഒട്ടാകെ യഥാർത്ഥത്തിലുള്ള പ്രതിനിധിയായിത്തീരുമ്പോൾ അതു തനിയെ ആവശ്യമില്ലാതായിത്തീരുന്നു. അടിച്ചമർത്തിവെക്കാൻ ഇനി ഒരു സാമൂഹ്യവർഗ്ഗവും ഇല്ലെന്ന നില വരുമ്പോൾ—വർഗ്ഗഭരണംതന്നെ അവസാനിക്കുമ്പോൾ— ഉല്പാദനത്തിലെ ഇന്നത്തെ അരാജകത്വത്തിൻകീഴിൽ അതിൻെറ ഫലമായുണ്ടാവുന്ന വ്യക്തികളുടെ ജീവസന്ധാരണത്തിനുവേണ്ടിയുള്ള അന്യോന്യസമരവും അവസാനിക്കുമ്പോൾ—മർദ്ദിക്കപ്പെടുവാൻ പിന്നെ ഒന്നും അവശേഷിക്കുന്നില്ല; അതോടുകൂടി ഒരു പ്രത്യേക മർദ്ദനയന്ത്രം, ഭരണകൂടം, ആവശ്യമില്ലാതായിത്തീരുന്നു. ഭരണകൂടം സമുദായത്തെ മുഴുവൻ പ്രതിനിധീകരിച്ചുകൊണ്ടുള്ള അതിൻെറ ആദ്യത്തെ പ്രവൃത്തി—സമുദായത്തിൻെറ പേരിൽ ഉല്പാദനോപകരണങ്ങളെ സ്വയം ഏറെറടുക്കൽ—നിർവ്വഹിക്കുന്നതോടൊപ്പം, ഭരണകൂടമെന്ന നിലക്കുള്ള അതിൻെറ സ്വതന്ത്രമായ അവസാനത്തെ പ്രവൎത്തിയും ഇതുതന്നെയായിത്തീരുന്നു. സാമൂദായിക ബന്ധങ്ങളിൽ ഓരോ വിഭാഗങ്ങളിലായി ഭരണകൂടത്തിൻെറ 'ഉകൈകടത്തൽ' അനാവശ്യമായിത്തീരുന്നു; പിന്നെ അതു നശിക്കുകയും ചെയ്യുന്നു. ആളുകളെ ഭരിക്കൽ സാധനങ്ങളെ ഭരിക്കലിനു വഴിമാറിക്കൊടുക്കുന്നു. ഉല്പാദനത്തിനുള്ള പദ്ധതികളുടെ നിയന്ത്രണമായിത്തീരുന്നു. ഭരണകൂടത്തെ ആരും കല്പിച്ചുകൂട്ടി "നശിപ്പിക്കുക"യല്ല ചെയ്യുന്നതു്; അതു സ്വയം വാടിക്കരിഞ്ഞുപോവുന്നു. "സ്വതന്ത്രഗവണ്മെ

ൻറു്" എന്ന വാക്കിനു എത്രവിലയുണ്ടെന്നു ഇതിൽ നിന്നു വ്യക്ത

മാവുന്നുണ്ടല്ലോ. പ്രക്ഷോഭകാരികൾ അതു ചിലപ്പോൾ ഉപയോഗപ്പെടുത്തുന്നതു ന്യായമാണു്; പക്ഷെ ഇങ്ങനെ അററംവരെ പരിശോധിച്ചാൽ ഇതു ശാസ്ത്രീയമായി ശരിയല്ല. ഭരണകൂടത്തെ ഉടനടി നശിപ്പിക്കണമെന്നു പറയുന്നതിന്റെ അർത്ഥശൂന്യതയും ഇതിൽനിന്നു തെളിയുന്നുണ്ടു്.

മുതലാളിത്തപരമായ ഉല്പാദനത്തിന്റെ ചരിത്രപരമായ ആവിർഭാവത്തോടുകൂടി, ഉല്പാദനോപകരണങ്ങൾ മുഴുവനും സമുദായത്തിന്റേതായിത്തീരുകയെന്ന അവസ്ഥയെ—വ്യക്തമായോ അവ്യക്തമായോ—വ്യക്തികളും ജനവിഭാഗങ്ങളും സ്വപ്നം കാണുകയുണ്ടായിട്ടുണ്ടു്; ഭാവിയിലെ ആദർശമായി ഭാവനം ചെയ്യുകയുണ്ടായിട്ടുണ്ടു്; എന്നാൽ അതിനുള്ള പരിതഃസ്ഥിതികൾ ഒത്തുവന്നാൽ മാത്രമേ ഇതു സാദ്ധ്യമാവുകയുള്ളു; ചരിത്രപരമായ ഒരാവശ്യകതയായിത്തീരുകയുള്ളു, സാമൂഹ്യമായ മറെറല്ലാ പുരോഗമനത്തേയുംപോലെ, വർഗ്ഗങ്ങളുടെ നിലനില്പ് സമത്വത്തിന്നും നീതിക്കും വിരുദ്ധമാണെന്നു ചില വ്യക്തികളുടെ മനസ്സിൽ തോന്നുന്നതുകൊണ്ടുമാത്രം ഇതു സാധിക്കയില്ല; വർഗ്ഗങ്ങളെ അവസാനിപ്പിക്കേണമെന്നാഗ്രഹിക്കുന്നതുകൊണ്ടും ഇതു സാദ്ധ്യമായിത്തീരുന്നതല്ല. പുതുതായുള്ള ചില സാമ്പത്തികപരിതഃസ്ഥിതികളിൽ മാത്രമേ ഇതു സാധിക്കുകയുള്ളു. സമുദായം ചൂഷകവർഗ്ഗവും ചൂഷിതവർഗ്ഗവുമായി—ഭരണവർഗ്ഗവും മർദ്ദിതവർഗ്ഗവുമായി—തരം തിരിക്കപ്പെട്ടതു്, മുൻകാലങ്ങളിൽ ഉൽപാദനത്തിന്റെ സംകുചിതമായ തോതിലുള്ള വളർച്ചയുടെ ഫലമായി അപരിഹാര്യമായിത്തീർന്നതുകൊണ്ടുമാത്രമാണു്. സമുദായത്തിന്റെ മുഴുവനും അദ്ധ്വാനഫലത്തിന്റെ ആകത്തുക എല്ലാവരുടേയും കഷ്ടിമുഷ്ടിയായ ജീവിതനിർവ്വഹണത്തിന്നു വേണ്ടിവരുന്നതിനേക്കാൾ എത്രയോ കുറച്ചുമാത്രം അധികമായിനിന്നിരുന്നകാലത്തോളം—സമുദായത്തിലെ ഭൂരിപക്ഷം ജനങ്ങളും മുഴുവൻ സമയവും പ്രവൃത്തിയെടുത്തുകൊള്ളണമെന്ന നില നിലവിലുള്ള കാലത്തോളം—

സമുദായം വർഗ്ഗങ്ങളായി വിഭജിക്കപ്പെട്ടിരുന്നതു് ഒരാവശ്യമായിരുന്നു. വെറും അദ്ധ്വാനം മാത്രമായിക്കഴിയുന്ന അടിമകളാകുന്ന ഭൂരിഭാഗത്തോടൊപ്പം തന്നെ, ഈ അദ്ധ്വാനത്തിൻെറ നിയന്ത്രണവും ഭരണകാര്യങ്ങളും, നിയമം, ശാസ്ത്രം മുതലായ കാര്യങ്ങളും നോക്കാൻ ഒരു കൂട്ടം ആളുകൾ ഉയർന്നുവരുന്ന പ്രവൃത്തിവിഭജനത്തെസ്സംബന്ധിക്കുന്ന നിയമമാണു് വർഗ്ഗവിഭജനത്തിൻെറയും അടിസ്ഥാനം. പക്ഷേ, അക്രമത്തിൽക്കൂടിയും കൊള്ളയിൽക്കൂടിയും ചതിയിൽക്കൂടിയുമാണു് വർഗ്ഗവിഭജനം ഉണ്ടായിത്തീർന്നതെന്നതിനെ ഇതു നിഷേധിക്കുന്നില്ല; ഭരണാധികാരിവർഗ്ഗം അദ്ധ്വാനിക്കുന്ന വർഗ്ഗത്തെ അടിച്ചമർത്തി സ്വന്തം ശക്തിയെ വർദ്ധിപ്പിക്കുന്നതിനു ഇതൊരു തടസ്ഥമല്ല; ഭരണാധികാരികളുടെ സാമുദായികനേതൃത്വം ബഹുജനങ്ങളെ ചൂഷണം ചെയ്യുവാനുള്ള ഒരു മാർഗ്ഗമായിത്തീരുന്നതിനേയും ഇതു തടയുന്നില്ല.

എന്നാൽ, ഇങ്ങിനെ ചിലതു പറഞ്ഞു വർഗ്ഗവിഭജനത്തെ ചരിത്രപരമായി ന്യായീകരിക്കാമെങ്കിൽ, ഈ ന്യായീകരണം കുറച്ചുകാലത്തേയ്ക്കു മാത്രമേ ബാധകമാകുന്നുള്ളു. പ്രത്യേകം സാമുദായികസ്ഥിതികളിൽ മാത്രമേ ഇതു ന്യായമാകുന്നുള്ളു; ഉല്പാദനം മതിയാകാത്തതിനെ അടിസ്ഥാനപ്പെടുത്തിയായിരുന്നു അതു്. ആധുനികമായ ഉല്പാദനശക്തികളുടെ പൂർണ്ണമായ വളർച്ച അതിനെയെല്ലാം തട്ടിനീക്കും. വർഗ്ഗങ്ങളുടെ വിനാശത്തിനു ചരിത്രപരിണാമത്തിൽ ഒരു ഘട്ടമെത്തേണ്ടതുണ്ടു്; ആ ഘട്ടമെത്തിയാൽ ഏതെങ്കിലുമൊരു പ്രത്യേക ഭരണവർഗ്ഗം മാത്രമല്ല, ഏതു വർഗ്ഗവും—വർഗ്ഗപരമായ വ്യത്യാസങ്ങൾ തന്നെയും—ഒരു കാലഗണനാപ്രമാദമായിത്തീരും. ഉല്പാദനത്തിൻെറ വളർച്ച ഒരു പ്രത്യേകഘട്ടംവരെ വളർന്നുകഴിഞ്ഞാൽ ഉല്പാദനോപകരണങ്ങളുടേയും ഉല്പന്നങ്ങളുടേയും സ്വകാര്യഉടമയും, സംസ്കാരത്തിൻെറയും രാഷ്ട്രീയാധിശത്വത്തിൻെറയും കുത്തകയും, രാഷ്ട്രീയമായും സാമ്പത്തികമായും ബുദ്ധിപരമായുമുള്ള വളർച്ചയ്ക്കു വിഘാതമായിത്തീരുന്നു.

ഈ പതനം ഇപ്പോൾ എത്തിയിരിക്കുന്നു. മുതലാളിവർഗ്ഗത്തിന്റെ രാഷ്ട്രീയവും ബുദ്ധിപരവുമായ പാപ്പരത്തം അവർക്കു തന്നെ അറിയാം. അവരുടെ സാമ്പത്തിക പാപ്പരത്തം പത്തു കൊല്ലം കൂടുമ്പോൾ അനുക്രമമായി ഉണ്ടായിക്കൊണ്ടിരിക്കുന്നുമുണ്ട്. ഓരോ സാമ്പത്തികാധഃപതനത്തിലും സമുദായം അതിന്റെതന്നെ ഉല്പാദനശക്തികളുടേയും ഉല്പാദനോപകരണങ്ങളുടേയും ഭാരമേററു ഞെരുങ്ങുന്നു. അവയെ സമുദായത്തിന്നു ഉപയോഗിക്കാൻ കഴിയുന്നില്ല. ഉപഭോക്താക്കൾ പോരാതെ വരുന്നതുകൊണ്ടു ഉല്പാദകന്മാർക്കു ഒന്നും ഉല്പാദിപ്പിക്കുവാൻ സാധിക്കുകയില്ലെന്നു വരുന്നു. എന്നാൽ ഉല്പാദനോപകരണങ്ങളുടെ വികാസശക്തി അതിന്റെ മേൽ വെച്ചുകെട്ടിയ മുതലാളിത്തപരമായ ഉല്പാദനസമ്പ്രദായത്തിന്റെ ചങ്ങലകളെ തകർക്കുന്നു. ഉല്പാദനശക്തികളെ അധികമധികം വേഗത്തിൽ ഇടവിടാതെ വളർത്തുവാനും, ഉല്പാദനത്തെത്തന്നെ മിക്കവാറും അളവററ തോതിൽ അഭിവൃദ്ധിപ്പെടുത്തുവാനുമുള്ള ഒരു മാർഗ്ഗം ഈ ചങ്ങലകളിൽ നിന്നുമുള്ള മോചനമാണ്. ഇതു മാത്രവുമല്ല, ഉല്പാദനോപകരണങ്ങളുടേയും ഉല്പന്നങ്ങളുടേയും സാമൂഹ്യമായ ഉടമസ്ഥസമ്പ്രദായം ഉല്പാദനത്തിന്മേൽ വെച്ചു ചുമത്തിയ ഈ കൃത്രിമമായ പരിമിതികളെ മാത്രമല്ല ഇല്ലായ്മ ചെയ്യുകയുള്ളു. ഇന്നത്തെ കാലത്തു് ഉല്പാദനശക്തികളേയും ഉല്പന്നങ്ങളേയും നശിപ്പിച്ചു താറുമാറാക്കിക്കളയുന്ന ഒരു സമ്പ്രദായമുണ്ടല്ലോ; കുഴപ്പകാലത്തു് ഇതു് അങ്ങേ അററത്തെത്തുന്നു; ഇത്തരം സമ്പ്രദായങ്ങളേയും ഇതു ഇല്ലായ്മ ചെയ്യും. ഇന്നത്തെ ഭരണാധികാരിവർഗ്ഗങ്ങളുടേയും അവരുടെ രാഷ്ട്രീയ പ്രതിനിധികളുടേയുംതോന്നിവാസപരമായ അധികച്ചിലവുകൾ ഇല്ലായ്മചെയ്തു ഉല്പാദനോപകരണങ്ങളുടേയും ഉല്പന്നങ്ങളുടേയും ഒരു വമ്പിച്ച തുക പൊതുവിൽ സമുദായത്തിന്നു വേണ്ടി ഇതു് വേറെനീക്കിവെക്കുകയും ചെയ്യും. സാമൂഹ്യോല്പാദനത്തിന്റെ ഫലമായി സമുദായത്തിലെ ഓരോ അംഗത്തിന്നും അത്യാവശ്യമായ ഭൌതികസാമഗ്രികൾ നാൾക്കു

നാൾ ഏറിവരുന്ന തോതിൽ കിട്ടാൻ മാത്രമല്ല, അയാളുടെ
ശരീരത്തിൻേറയും എല്ലാ കെല്പുകളേയും യഥേഷ്ടം വികസിപ്പി
ക്കാൻകൂടി ഒരവസരം ഇതാ, ചരിത്രത്തിൽ ആദ്യത്തെത്തവണ,
നമ്മുടെ മുമ്പിലുണ്ടു്; ഇതാ, അതിവിടെത്തന്നെയുണ്ടു്*

ഉൽപാദനോപകരണങ്ങളെ സമുദായം കൈവശപ്പെടുത്തു
ന്നതോടുകൂടി ചരക്കുകളുടെ നിർമ്മാണം അവസാനിപ്പിക്കപ്പെ
ടുന്നു; അതോടൊപ്പം ഉൽപന്നങ്ങൾക്കു ഉൽപാദകന്മാരുടെ പേ
രിലുള്ള മേൽക്കോയ്മ അവസാനിക്കുന്നു. സാമൂഹ്യമായ ഉല്പാദന
ത്തിൽ മുമ്പുണ്ടായിരുന്ന അരാജകത്വത്തിനു പകരം വ്യവസ്ഥിത
മായ, തിട്ടമായ സംഘടനയാണുണ്ടായിത്തീരുന്നതു്. വ്യക്തി
കളുടെ ജീവനസന്ധാരണത്തിനുള്ള പരസ്പരസമരം അവസാനി
ക്കുന്നു. അപ്പോൾ ആദ്യമായി മനുഷ്യൻ, ഒരു പ്രത്യേക അർത്ഥ
ത്തിൽ, ബാക്കിയുള്ള മൃഗലോകത്തിൽ നിന്നു ഉപരിയായി നിൽ
ക്കുന്നു; മൃഗീയമായ ജീവിതനിർവ്വഹണോപാധികളിൽ നിന്നു മാനു
ഷികമായതിലേയ്ക്കുയർത്തപ്പെടുന്നു. മനുഷ്യനെ ഇതുവരേയ്ക്കും
ഭരിച്ചിരുന്ന അയാളുടെ ജീവിതത്തിൻെറ ചുററുപാടുകൾ ഇപ്പോൾ

---

* മുതലാളിത്തപരമായ ഉടമസ്ഥതക്കടിമപ്പെട്ടിട്ടുപോലും ആധുനികോ
ല്പാദനോപകരണങ്ങൾക്കുള്ള വമ്പിച്ച വളർച്ചയെ കാണിക്കുവാൻ ചില
കണക്കുകൾ ഇവിടെ കൊടുക്കുന്നു. മി. ഗിഫ്ഫൻെറ കണക്കുപ്രകാരം
ഗ്രേററ്ബ്രിട്ടൻേറയും അയർലണ്ടിൻേറയും കൂടിയ ആകെ സമ്പത്തു്
ഇങ്ങിനെയാണു്:—

1814—2200,000 000
1865—6100,000,000 } പവൻ.
1875—8500,000,000

കുഴപ്പകാലത്തു ഉല്പാദനോപകരണങ്ങളേയും ഉൽപന്നങ്ങളേയും മുത
ലാളിത്തം നശിപ്പിക്കുന്നതിനുദാഹരണം: 1873–78 വരെയുണ്ടായ കുഴ
പ്പകാലത്തു് ജർമ്മൻവ്യവസായത്തിനു വന്ന നഷ്ടം 22,750,000 പവൻ
ആയിരുന്നുവെന്നു രണ്ടാം ജർമ്മൻ വ്യവസായ കോൺഫറൻസിൽ പ്രസ്താ
വിക്കുകയുണ്ടായിട്ടുണ്ടു്. (1878 ഫെബ്രുവരി 21, ബർലിൻ.)

തികച്ചും മനുഷ്യൻെറ നിയന്ത്രണത്തിലായിത്തീരുന്നു; മനുഷ്യൻ ആദ്യമായി പ്രകൃതിയുടെ മേൽ യഥാൎത്ഥമായും ബോധപൂൎവ്വമായും അധികാരം നടത്താൻ തുടങ്ങുന്നു; കാരണം ഇപ്പോൾ അയാൾ തൻെറ സമുദായഘടനയുടെ നിയന്ത്രകനായിത്തീരുന്നു. ഇതുവരേയ്ക്കും അയാളുടെ സ്വന്തം സാമൂഹ്യപ്രവൎത്തനത്തിൻെറ നിയമങ്ങൾ അയാൾക്കെതിരായി പ്രകൃതിനിയമങ്ങൾപോലെ അയാളെ കീഴടക്കിക്കൊണ്ടാണു് നിലനിന്നിരുന്നതെങ്കിൽ, ഇപ്പോൾ അവ അയാളുടെ ചൊല്പടിക്കു കീഴടങ്ങുന്നു. ഇതുവരെയ്ക്കും പ്രകൃതിയും ചരിത്രവും ഒരു നിർബന്ധനിയമമെന്ന നിലക്കു് മനുഷ്യൻെറ മേൽ ചുമത്തിയിരുന്ന സാമൂഹ്യസംഘടന, ഇപ്പോൾ അയാളുടെ സ്വതന്ത്രമായ പ്രവൎത്തനത്തിൻെറ ഫലമായുള്ളതായിത്തീരുന്നു. ഇതുവരെയ്ക്കും ചരിത്രത്തെ നിയന്ത്രിച്ചിരുന്ന ബാഹ്യശക്തികൾ ഇപ്പോൾ അയാളുടെ ഇച്ഛക്കനുസൃതമായി പ്രവൎത്തിക്കുന്നു. ഈ ഘട്ടം മുതൽക്കു മാത്രമേ മനുഷ്യൻ അയാളുടെ സ്വന്തം ചരിത്രം നിൎമ്മിക്കുകയുള്ളു; ഈ കാലംമുതൽക്കു മാത്രമേ അയാൾ ഇളക്കിവിടുന്ന സാമൂഹ്യശക്തികൾ അയാൾ ആഗ്രഹിക്കുന്ന ഫലത്തെ പ്രദാനം ചെയ്യുകയുള്ളു; ഇതോടൊപ്പം മനുഷ്യൻ നിൎബ്ബന്ധനിയമങ്ങളുടെ ലോകത്തിൽനിന്നും സ്വാതന്ത്ര്യത്തിൻെറ ലോകത്തിലേയ്ക്കുയരുന്നു.

*    *    *    *

ചരിത്രപരമായുണ്ടായിട്ടുള്ള പരിണാമത്തിൻെറ മുകളിൽ കൊടുത്ത വിവരണത്തെ നമുക്കു ചുരുക്കത്തിൽ ഇങ്ങിനെ ക്രോഡീകരിക്കാം:—

## 1\. മദ്ധ്യകാലത്തെ സമുദായം

ചുരുങ്ങിയ തോതിലുള്ള ഒററതിരിഞ്ഞ ഉല്പാദനം, ഉല്പാദനോപകരണങ്ങൾ വ്യക്തികളുടെ ഉപയോഗത്തിന്നു പററിയവയാണു്; അതുകൊണ്ടു് അവ പ്രാകൃതമാണു്; ആദായകരമല്ല;

ചെറുകിടയാണ്; പ്രവർത്തനത്തിൽ സംകുചിതഫലമേ തരുന്നുള്ളൂ. ഉല്പാദകന്നുതന്നെയോ അയാളുടെ ജന്മിക്കോ ഉടനെ തന്നെ ഉപയോഗിക്കുവാൻവേണ്ടി ഉല്പന്നങ്ങളുണ്ടാക്കപ്പെടുന്നു. ഇങ്ങിനെയുള്ള ഉപയോഗം കഴിച്ച് ഉല്പന്നങ്ങൾ ബാക്കിയുണ്ടാകുമ്പോൾ മാത്രമേ കമ്പോളത്തിലയ്ക്കയക്കപ്പെടുന്നുള്ളൂ; വിനിമയത്തിൽ പ്രവേശിക്കുന്നുള്ളൂ; ചരക്കുകളുടെ ഉല്പാദനം അതിൻെറ ശൈശവദശയിലാണ്. പക്ഷേ സമുദായത്തിൻെറ ഒട്ടാകെയുള്ള ഉല്പാദനത്തിലെ അരാജകത്വത്തിൻെറ ബീജം അതിൽ ഇപ്പോൾതന്നെ ഉണ്ട്.

## ൨. മുതലാളിത്ത വിപ്ലവം

വ്യവസായത്തിൻെറ പരിവർത്തനം ആദ്യം വെറും സഹകരണത്തിൽക്കൂടിയും കൈത്തൊഴിലിൽക്കൂടിയും നടക്കുന്നു. ഇതുവരെയും ചിന്നിച്ചിതറിക്കിടന്നിരുന്ന ഒററതിരിഞ്ഞ ഉല്പാദനോപകരണങ്ങൾ തൊഴിൽശാലകളിൽ കേന്ദ്രീകരിക്കപ്പെടുന്നു. അതിൻെറ ഫലമായി ഒററതിരിഞ്ഞ ഉല്പാദനോപകരണങ്ങളെന്ന നിലവിട്ടു അവ സാമൂഹ്യോല്പാദനോപകരണങ്ങളായിത്തീരുന്നു. എന്നാൽ ഈ മാററം വിനിമയത്തിൻെറ രൂപത്തെ തീരെ മാററുന്നില്ല. ഉൽപ്പന്നങ്ങളുടെ ഉടമസ്ഥതയുടെ പഴയ രൂപങ്ങൾ നിലനിന്നുപോരുന്നു. മുതലാളി പ്രത്യക്ഷപ്പെടുന്നു. ഉൽപ്പാദനോപകരണങ്ങളുടെ ഉടമസ്ഥനെന്നനിലയ്ക്കു ഉൽപ്പന്നങ്ങളെ അയാൾ സ്വായത്തമാക്കുകയും ചരക്കുകളാക്കുകയും ചെയ്യുന്നു. ഉൽപ്പാദനം സാമൂഹ്യമായ ഒരു പ്രവർത്തിയായിത്തീരുന്നു; ഉൽപ്പന്നങ്ങളുടെ ഉടമസ്ഥതയും വിനിമയവും വ്യക്തിപരമായ പ്രവൃത്തികളായിത്തന്നെ, വ്യക്തികളുടെ പ്രവൃത്തികളായിത്തന്നെ, തുടൎന്നുപോകുന്നു. സാമൂഹ്യമായ ഉൽപ്പന്നങ്ങളെ വ്യക്തിയായ മുതലാളി സ്വായത്തമാക്കുന്നു. നമ്മുടെ ഇന്നത്തെ സമുദായത്തിലുള്ള എല്ലാ വൈരുദ്ധ്യങ്ങൾക്കുമിടയാക്കിയിട്ടുള്ള

മൌലികമായ വൈരുദ്ധ്യം ഇതാണ്; ഇതിനെ ആധുനികവ്യവസായം വെളിക്കുകൊണ്ടുവരുന്നു.

(എ) ഉല്പാദകൻ ഉല്പാദനോപകരണങ്ങളിൽനിന്നുംവേർപെട്ടുത്തപ്പെടുന്നു; പ്രവൃത്തിയെടുക്കുന്നവൻ ജീവിക്കുവാൻ ജീവകാലം മുഴുവൻ കൂലിവേലയ്ക്കു വിധേയനാകുന്നു. തൊഴിലാളിവർഗ്ഗവും മുതലാളിവർഗ്ഗവും തമ്മിലുള്ള വൈരുദ്ധ്യം.

(ബി) ചരക്കുകളുടെ ഉല്പാദനത്തെ നിയന്ത്രിക്കുന്ന നിയമങ്ങളുടെ ഫലം—അവയുടെ പ്രാധാന്യം. അതിരില്ലാത്ത കച്ചവടമത്സരം. ഓരോരോ തൊഴിൽശാലയിലും സാമൂഹ്യമായ സംഘടന; ഒട്ടാകെയുള്ള ഉല്പാദനത്തിൽ മുഴുവൻ അരാജകത്വം. ഇവ തമ്മിലുള്ള വൈരുദ്ധ്യം.

(സി) ഓരോ വ്യവസായിയും മത്സരത്തിന്റെ ഫലമായി യന്ത്രങ്ങളെ പരിഷ്കരിക്കാൻ നിർബ്ബന്ധിതനാവുന്നു; അതോടുകൂടി തൊഴിലാളികളെ അധികമധികം പുറംതള്ളുകയും ചെയ്യുന്നു. തൊഴിലില്ലാപട്ടാളം. ഇതെല്ലാം ഒരുവശത്ത്. മറുവശത്താകട്ടെ, ഓരോ വ്യവസായിയുടേയും മത്സരംമൂലമുള്ള ഉല്പാദനത്തിന്റെ അതിരില്ലാത്ത വിപുലീകരണം. ഇരുവശത്തും ഉൽപാദനശക്തികളുടെ അഭൂതപൂർവ്വമായ വളർച്ച; അമിതോൽപ്പാദനം; കമ്പോളങ്ങളിലെ സാമാനങ്ങൾ വെറുതെ കിടക്കൽ; 'ആവശ്യ'ത്തിൽ കൂടുതലായ ഉൽപ്പാദനം; പത്തുകൊല്ലം കൂടുമ്പോൾ കുഴപ്പം. ഒരുവശത്ത് ഉൽപ്പാദനോപകരണങ്ങളിലും ഉൽപ്പന്നങ്ങളിലും വർദ്ധനവു; മറുവശത്തു തൊഴിലാളികൾ ജീവിക്കുവാൻ മാർഗ്ഗമില്ലാതെ, തൊഴിലില്ലാതെ, തടിച്ചുകൂടുക. എന്നാൽ സമുദായത്തിന്റെ നന്മയ്ക്കുവേണ്ടി ഈ രണ്ടു ഉൽപാദനശക്തികൾക്കും യോജിച്ചു പ്രവർത്തിക്കുവാൻ സാധിക്കുന്നില്ല. കാരണം, ഉൽപ്പാദനത്തിന്റെ മുതലാളിത്തപരമായ രൂപം ഉൽപ്പാദനോപകരണങ്ങളെ പ്രവർത്തിക്കുവാൻ അനുവദിക്കുന്നില്ല; ആദ്യംതന്നെ അവ മൂലധനമായിത്തീരുന്നില്ലെങ്കിൽ അവ

വിതരണം ചെയ്യപ്പെടുന്നില്ല; അതിർകടന്ന 'സപ്ലൈ' ഇതിന്നനുവദിക്കുന്നുമില്ല; വൈരുദ്ധ്യം അർത്ഥഹീനതയായി വളർന്നുവരുന്നു; ഉൽപ്പാദനസമ്പ്രദായം വിനിമയസമ്പ്രദായത്തിന്നെതിരായി 'ലഹള'യാരംഭിക്കുന്നു. തങ്ങളുടെതന്നെ സാമൂഹ്യോൽപ്പാദനശക്തികളെ നിയന്ത്രിക്കുവാൻ മുതലാളിവർഗ്ഗം അസമർത്ഥമാണെന്നു വ്യക്തമായിത്തീരുന്നു.

(ഡി) ഉൽപ്പാദനശക്തികളുടെ സാമൂഹ്യസ്വഭാവത്തെ മനസ്സിലാക്കാൻ മുതലാളികൾതന്നെ അല്പാല്പം നിർബ്ബന്ധിതരായിത്തീരുന്നു. ഉൽപ്പാദനത്തിന്നും ഗതാഗതത്തിന്നുമുള്ള വലിയ സ്ഥാപനങ്ങളെ ആദ്യം ജോയിൻറ് സ്റ്റോക്ക കമ്പനികളും, പിന്നീട്ട ട്രസ്റ്റുകളും, പിന്നീട്ട ഗവർമ്മെൻറും ഏറെറടുക്കുന്നു. മുതലാളിവർഗ്ഗം അനാവശ്യമാണെന്നു തെളിയിക്കപ്പെടുന്നു. അതിൻെറ എല്ലാ സാമൂഹ്യകൃത്യങ്ങളും മാസ്സപ്പടിക്കാരായ ഉദ്യോഗസ്ഥന്മാരാണ് നിർവ്വഹിക്കുന്നതു്.

## 8. തൊഴിലാളിവിപ്ലവം

വൈരുദ്ധ്യങ്ങളിൽ നിന്നുള്ള പോംവഴി. തൊഴിലാളിവർഗ്ഗം പൊതുവധികാരം പിടിച്ചെടുക്കുന്നു; ഇതുപയോഗിച്ചു് മുതലാളിവർഗ്ഗത്തിൻെറ കയ്യിൽനിന്നും വഴുതിത്തുടങ്ങുന്ന സാമൂഹ്യോല്പാദനോപകരണങ്ങളെ പൊതുസ്വത്താക്കി മാററുന്നു. അതുവരെക്കും അവയുടെമേൽ കുത്തിയിരുന്ന മൂലധനത്തിൻെറ മുദ്രയിൽനിന്നും ഉല്പാദനോപകരണങ്ങളെ തൊഴിലാളിവർഗ്ഗം മോചിപ്പിക്കുന്നു. അവയുടെ സാമൂഹ്യസ്വഭാവത്തിനു് പൂർണ്ണമായും സ്വതന്ത്രമായും അങ്ങെ അററംവരെ സ്വയം പ്രവർത്തിക്കുവാൻ സൌകര്യം കൊടുക്കുന്നു. മുൻകൂട്ടി തിട്ടപ്പെടുത്തിയ പ്ലാൻ അനുസരിച്ചുള്ള സാമൂഹ്യോൽപ്പാദനം ഇനിയങ്ങോട്ടു് സാദ്ധ്യമായിത്തീരുന്നു. ഉൽപ്പാദനത്തിൻെറ വളർച്ച സമുദായത്തിലെ വർഗ്ഗവിഭജനത്തെ ഒരു കാലഗണനാപ്രമാദമാക്കിത്തീർക്കുന്നു. സമുദായത്തിലൊട്ടാകെയുള്ള ഉൽപ്പാദനത്തിൽ അരാജകത്വം അവസാനിക്കുന്നതു വേഗ

ത്തിൽത്തന്നെ ഭരണയന്ത്രവും വാടിക്കരിഞ്ഞുപോകുന്നു. മനുഷ്യൻ തൻെറ സ്വന്തം സാമൂഹ്യസംഘടനയുടെ യജമാനനായിത്തീരുന്നു; അവനവൻെറ യജമാനനായിത്തീരുന്നു—സ്വതന്ത്രനായിത്തീരുന്നു.

ഇതിനുള്ള ചരിത്രപരമായ ഉപാധികളെല്ലാമാണെന്നതികച്ചും മനസ്സിലാക്കുക; തദ്വാരാ ഈ കർത്തവ്യത്തിൻെറ യഥാർത്ഥസ്വഭാവം ഗ്രഹിക്കുക, ഇന്നത്തെ മർദ്ദിതവർഗ്ഗമായ തൊഴിലാളിവർഗ്ഗത്തിന്ന് ഈ ഉപാധികളെക്കുറിച്ചും ഈ കർത്തവ്യത്തിൻെറ അർത്ഥത്തെക്കുറിച്ചും പൂർണ്ണമായ ജ്ഞാനമുണ്ടാക്കിക്കൊടുക്കുക—ഇതെല്ലാമാണ് തൊഴിലാളിപ്രസ്ഥാനത്തിൻെറ താത്വികപ്രകടനമായ ശാസ്ത്രീയസോഷ്യലിസത്തിൻെറ കടമ.

സോഷ്യലിസം സാങ്കല്പികവും
ശാസ്ത്രീയവും - എംഗൽസ്

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 335.4 Acc. No. 11728

This book should be returned on or before the date last stamped below.

| | | |
|---|---|---|
| 10 AUG 2004 | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of 20 Ps. per day will be charged

335.4 4728

ഏംഗൽസ്

സോഷ്യലിസം സാങ്കല്പികവും
ശാസ്ത്രീയവും

KOTTAYAM PUBLIC LIBRARY

Call No. 335.4 Acc. No. 4728

Author എംഗൽസ്

Title സോഷ്യലിസം സാങ്കല്പികവും ശാസ്ത്രീയവും

Indic Digital Archive Foundation

gpura.org